

# ചോർ പോലീസ് വി.ബി.എസ്



ലീഡർമാർക്കുള്ള മാനുവൽ

എല്ലാ പ്രായക്കാർക്കും

# പ്രിയ അദ്ധ്യാപകരേ,

“ചോർ പോലീസ്” എന്ന വെക്കേഷൻ ബൈബിൾ സ്കൂൾ പ്രോഗ്രാമിലേക്ക് സ്വാഗതം.

കള്ളനെ പിടിക്കേണ്ടതിനായി, തലയിൽ പോലീസ് തൊപ്പി ധരിച്ചും കാലിൽ ഷൂസ് ഇട്ടും കൊണ്ട് കള്ളന്റെ പുറകെ രസകരമായ ഒരു ഓട്ടത്തിന് നിങ്ങൾ തയ്യാറാണോ? നിങ്ങൾ അത് ആലോച്ച് നോക്കൂ! തീമുകൾ എഴുതി നിങ്ങളുടെ ചർച്ച് അലങ്കരിക്കാനുള്ള സമയമാണിത്. പോലീസ് ബാഡ്ജുകളോ നക്ഷത്രങ്ങളോ ഭിത്തിയിൽ തൂക്കിയിടാം. കള്ളന്റെ പിന്നാലെ പോകുന്നതിനുള്ള ഒരു പശ്ചാത്തല സംഗീതം സ്പീകറിലൂടെ കേൾപ്പിക്കാം. ഈ വെക്കേഷൻ ബൈബിൾ സ്കൂളിന് ഒരു സുവിശേഷീകരണ ഉദ്ദേശമുണ്ട്. ഒരു ഹോം മെയിഡ് ക്ലേ ഉപയോഗിച്ച് യേശുക്രിസ്തുവിന്റെ ജീവിത കഥ ഓരോ ദിവസവും നിങ്ങളുടെ കുട്ടികൾ അതിശയകരമായി പഠിക്കണം. ഒരാഴ്ച കഴിയുമ്പോൾ റോമാ ലേഖനത്തിലെ അഞ്ച് കുറിവാക്യങ്ങളിൽ കൂടി അവർ ദൈവത്തിന്റെ ആത്യന്തികമായ രക്ഷാ പദ്ധതിയെ കണ്ടെത്തും (ചില രാജ്യങ്ങളിലും ചില സംഘടനകളിലും ഇതിനെ “റോമർ റോഡ്” എന്ന് അറിയപ്പെടാറുണ്ട്).

മോശമായ കാര്യങ്ങൾ ചിന്തിക്കുന്നതും പറയുന്നതും ചെയ്യുന്നതുമായ സകല മനുഷ്യരെയും ദൈവം അറിയുകയും കാണുകയും ചെയ്യുന്നു എന്ന് കുട്ടികൾ മനസ്സിലാക്കും. പാപം മനുഷ്യരെ ദൈവത്തിൽ നിന്ന് അകറ്റുകയും തക്കതായ ശിക്ഷയ്ക്ക് അവർ അർഹരായി തീരുകയും ചെയ്തു. മനുഷ്യർ ചെയ്തതായ പാപത്തിന്റെ ശിക്ഷ വഹിപ്പാൻ യേശു നിയോഗിതനായി. പൂർത്തീകരിക്കപ്പെട്ട അവന്റെ യാഗം മനുഷ്യർക്ക് തിരഞ്ഞെടുക്കുകയോ തിരസ്കരിക്കുകയോ ചെയ്യാം. യേശുവിനോട് ക്ഷമ യാചിക്കുന്നവരും അവർക്ക് അർഹമായിരുന്ന ശിക്ഷ വഹിച്ചതിന് യേശുവിനോട് നന്ദി പറയുവാനും ശിഷ്യരുള്ള അവരുടെ ജീവിതം ദൈവത്തെ അനുഗമിക്കുവാൻ വേർതിരിയുന്നതിനുമായി തീരുമാനമെടുക്കുവാൻ അവരെ യേശുവിന്റെ അടുക്കലേക്ക് ആനയിക്കുക.

വി.ബി.എസിൽ നിന്നും അവർ പഠിച്ച സദ് വാർത്ത അവർക്കറിയാവുന്ന എല്ലാവരോടും പങ്കുവയ്ക്കുന്ന സുവിശേഷ വക്താക്കളാകുവാൻ അവരെ പ്രോത്സാഹിപ്പിക്കുക.

നിങ്ങളുടെ ഓരോ ദിവസത്തേയും വെക്കേഷൻ ബൈബിൾ സ്കൂൾ രസാവഹമായി മുന്നോട്ട് പോകേണ്ടതിനായി ഓരോ പാഠങ്ങൾക്കൊപ്പവും ഒരു നാടകമോ സ്കിറ്റോ ക്രമീകരിച്ചിരിക്കുന്നു. നിങ്ങളുടെ കുട്ടികളുമായി നല്ല ബന്ധം പുലർത്തേണ്ടതിന് ഈ നാടകത്തിന്റെ അഭിനേതാക്കാൾ വേഷധാരികളായി തന്നെ വി.ബി.എസിന്റെ എല്ലാ മേഖലകളിലും ഉണ്ടായിരിക്കും. അവർ ഒരിടത്ത് നിന്നും മറ്റൊരിടത്തേക്ക് പോകുന്നത് കാണുന്നതിലൂടെ കുട്ടികൾ ആ ദിവസത്തെ സന്ദേശം ഓർക്കും

ഒരു ജയിൽ, പോലീസിന്റെ കാർ, ഒളിത്താവളം എന്നിങ്ങനെ പശ്ചാത്തലം ലളിതമായി ക്രമീകരിക്കണം. ചർച്ചിലെ സ്റ്റേജിന്റെ പിൻഭാഗത്തായി ഇവയുടെ സീനറികൾ തൂക്കിയിട്ടും പശ്ചാത്തലം ലളിതമായി ക്രമീകരിക്കാം. (ഞങ്ങളുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയും അത് നിങ്ങൾക്ക് പ്രിന്റ് എടുക്കുകയും ചെയ്യാം.) കൂടുതൽ തമാശയ്ക്കായി, വെക്കേഷൻ ബൈബിൾ ക്ലാസിനു ശേഷം ചർച്ചിലുള്ള എല്ലാവരും മിഠായിയോ ഉച്ചഭക്ഷണമോ കഴിക്കുന്നതിനുവേണ്ടി ഒരു ബേക്കറി തയ്യാറാക്കുന്ന കാര്യം മറക്കരുത്.

വേദപുസ്തക കഥയിലെ കഥാപാത്രങ്ങളെപ്പോലെ ചിന്തിക്കുവാനും അവർ ചെയ്യേണ്ടത് തിരഞ്ഞെടുക്കുവാനും കുട്ടികൾക്ക് ആഹ്വാനം നൽകുക. അവരുടെ കൈകളിലുള്ള പുസ്തകത്തിലെ പദപ്രശ്നങ്ങൾ ചെയ്തും കളിമണ്ണ് ഉപയോഗിച്ച് ബൈബിൾ കഥകൾ പഠിച്ചും രസകരമായ കളികളിലൂടെ മനപാഠങ്ങൾ പഠിച്ചും അവർ വി.ബി.എസ്സ് ആനന്ദകരമാകും.

അവിടെ നിന്നും അവരുടെ ശ്രദ്ധ ക്രാഫ്റ്റ് വര്ക്കിലേക്ക് തിരിക്കാം. വെട്ടി ഒട്ടിക്കാവുന്ന തരത്തിലുള്ള ക്രാഫ്റ്റ് വർക്കുകൾ ചെയ്ത് ഓരോ ദിവസവും അവ വീട്ടിലേക്ക് കൊണ്ട് പോകാവുന്ന തരത്തിൽ ആകണം ക്രമീകരിക്കേണ്ടത്. ഗെയിമിന്റെ സമയവും ഇഷ്ടാനുസരണം തിരഞ്ഞെടുക്കണം. എന്തെന്നാൽ കുട്ടികൾക്ക് മത്സരക്കളികൾ വളരെ ഇഷ്ടപ്പെടുന്നു. നിറമുള്ള ചരടുകളോ റിബണുകളോ ഉപയോഗിക്കുന്നത് ഓരോ ടീമുകളെയും എളുപ്പത്തിൽ തിരിച്ചറിയുന്നതിനു സഹായിക്കും. ശീതള പാനിയമോ രുചികരമായ ഭക്ഷണമോ ലഭ്യമാകുന്ന സമയത്ത് ഗെയിം അവസാനിപ്പിക്കുവാൻ ആരും മറക്കില്ല.

ഈ സമയത്ത് അവരോടു സുവിശേഷം പറയുന്നതിന് അവസരം കണ്ടെത്തുക. എന്തെന്നാൽ ആളുകൾ സുവിശേഷം കേൾക്കണം. ആരും വെക്കേഷൻ ബൈബിൾ സ്കൂൾ നടത്തുന്നില്ല എങ്കിൽ അവർ എങ്ങനെ സുവിശേഷം കേൾക്കും? അവർ കേട്ടിട്ടില്ലാത്ത ഒരുവനിൽ അവർ എങ്ങനെ വിശ്വസിക്കും? ആരും അവരോടു പ്രസംഗിക്കാതെ അവർ എങ്ങനെ സുവിശേഷം കേൾക്കും?

റോമർ 10:14 b

ഞങ്ങൾ നിങ്ങൾക്കായും നിങ്ങളുടെ മുഴുവൻ ടീമിനായും പ്രാർത്ഥിക്കും. നല്ല ദിനം ആശംസിക്കുന്നു. ദൈവം നിങ്ങൾക്കൊപ്പമുണ്ട്.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

വിക്കി കാംഗസ്



Equip & Grow
കുട്ടികൾ പ്രാധാന്യമുള്ളവർ

# തീം വാക്യം

എന്നാൽ നാം പാപികളായിരിക്കുമ്പോൾത്തന്നെ ക്രിസ്തു
നമുക്കുവേണ്ടി മരിച്ചു. അങ്ങനെ ദൈവം നമ്മോടുള്ള സ്നേഹം
പ്രകടമാക്കിയിരിക്കുന്നു. റോമർ 5:8


ആമുഖം ---------- 1
അവലോകനം ---------- 3
ഈ പുസ്തകം എങ്ങനെ ഉപയോഗിക്കുന്നു ---------- 4
സ്റ്റേഷനുകൾ ---------- 8
അധിക ആശയം ---------- 11
അലങ്കാരങ്ങൾ ---------- 12
പാഠം 1: വാണ്ടഡ് ---------- 15
പാഠം 2: ജയിൽ ---------- 24
പാഠം 3: ബെയിൽ ---------- 32
പാഠം 4: ബ്രാന്റേഡ് ---------- 40
പാഠം 5: ഡെപ്പ്യൂട്ടൈസ്ഡ് ---------- 48
ഗെയിം സമയം ---------- 57
ക്രെഡിറ്റ്സ് ---------- 61




# അവലോകനം

## 1 വാണ്ടഡ്

മത്തായിയെ വിളിക്കുന്നു

റോമർ 3:23

സ്നാക്ക്: പ്രത്യേകമായ കുക്കുമ്പർ ചാറ്റ്

ക്രാഫ്റ്റ്: പോലീസിന്റെ കാർ





## 2 ജയിൽ

സ്ത്രീ വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെടുന്നു

റോമർ 6:23

സ്നാക്ക്: കപ്പ് കേക്കും ജെംസ് മിഠായിയും

ക്രാഫ്റ്റ്: ബൈനോക്കുലറുകൾ





## 3 ബെയിൽ

യേശു ക്രൂശിൽ മരിക്കുന്നു

റോമർ 5:8

സ്നാക്ക് : മിനി സാൻവിച്ച്

ക്രാഫ്റ്റ് : രാജകീയ കിരീടം






## 4 ബ്രാൻഡഡ്

സക്കായി മരത്തിൽ കയറുന്നു

റോമർ 10:9

സ്നാക്ക്: ഫ്രൂട്ട് കബാബ്

ക്രാഫ്റ്റ്സ് : പോലീസ് റേഡിയോ





## 5 ഡെപ്പ്യൂട്ടൈസ്ഡ്

ശിഷ്യന്മാർ മനുഷ്യരെ പിടിക്കുന്നവർ ആകുന്നു

റോമർ 10:14

സ്നാക്ക്: ബേൽ

ക്രാഫ്റ്റ്സ് : ഡോർ ഹാംഗർ





# ഈ പുസ്തകം എങ്ങനെ ഉപയോഗിക്കുന്നു

## എങ്ങനെ ക്ഷണിക്കാം

വെക്കേഷൻ ബൈബിൾ സ്കൂളിലേക്ക് ആളുകളെ ക്ഷണിക്കുന്നത് ഒട്ടുമിക്ക സഭകൾക്കും ആശ്ചാര്യകരമായിരിക്കും. പ്രധാന തെരുവിലൂടെ എല്ലാ അദ്ധ്യാപകരും ഒരേ വേഷത്തിൽ പോലീസ് മാർച്ച് നടത്തുന്നത് പോലെ നടന്നു ചെന്ന് മിഠായികൾ വിതരണം ചെയ്തു കൊണ്ട് അവരെ വി.ബി.എസിലേക്ക് ക്ഷണിക്കുന്നത് ഒരു ആശയമാണ്. ചില സഭകൾക്ക് ഘോഷയാത്രയ്ക്കായി ഒരുക്കിയ വാഹനത്തിൽ പരേഡ് നടത്താം!

പോസ്റ്ററുകൾ തയ്യാറാക്കി പ്രാദേശിക സ്ഥലങ്ങളിലുള്ള കടകൾ, മെട്രോ തുടങ്ങിയ സ്ഥലങ്ങളിൽ ഒട്ടിച്ച് അവരെ വെക്കേഷൻ ബൈബിൾ സ്കൂളിലേക്ക് സ്വാഗതം ചെയ്യാം. പൊതു സ്ഥലങ്ങളിൽ നിന്നുകൊണ്ട് ബാനറുകൾ പിടിച്ചും വിജ്ഞാപനം അറിയിക്കാം. ക്ഷണിക്കുന്ന ഉദ്ദേശത്തിനായി ഞങ്ങൾ ഫുൾ കളർ ഇൻവിറ്റേഷൻ പോസ്റ്റർ (11x 17 ഇഞ്ച്) ചെറിയ ബാനർ (5.5 x 8.5 ഇഞ്ച്) എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഡൗൺലോഡ് ചെയ്യുവാനായി ഇവ നിങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്. അത് പ്രിന്റ് എടുക്കുക.

ഒരു വിശേഷ പരിപാടി ഉടനെ ഉണ്ടാകും എന്ന് എല്ലാവരെയും അറിയിക്കുവാൻ നിങ്ങളുടെ സഭയിൽ ഒരു പ്രചാരണ പ്രവർത്തന പരിപാടി സംഘടിപ്പിക്കുന്ന കാര്യം മറന്നുപോകരുത്. സഭയിലുള്ള ഓരോ കുടുംബത്തിനും അഞ്ച് നോട്ടീസുകൾ വീതം നൽകി അവരുടെ അയൽക്കാരെ വെക്കേഷൻ ബൈബിൾ സ്കൂളിലേക്ക് സ്വാഗതം ചെയ്യേണ്ടതിന് അവർക്ക് നിർദ്ദേശം നൽകുക. പോസ്റ്റ് കാർഡ് ഇവിറ്റേഷൻ വസ്തുക്കൾ നിർമ്മിക്കുവാൻ ആവശ്യമായ പ്രധാന ലോഗോ, ആർട്ട് വർക്ക്, ക്ലിപ്പ് ആർട്ട് എന്നിവ ഞങ്ങളുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാവരും പുറത്തേക്ക് പോകുക! കുട്ടികൾ സുവിശേഷം കേൾക്കണം. നിങ്ങൾ നടത്തുന്ന വെക്കേഷൻ ബൈബിൾ സ്കൂളാണ് അതിനു പറ്റിയ സ്ഥലം.




ഞങ്ങളുടെ പ്രൊമോ പായ്ക്ക് പരിശോധിക്കുക!

## വോളന്റിയേഴ്സിനെ തിരഞ്ഞെടുക്കാം

വി.ബി.എസ്സ് നടത്തുവാൻ ആഗ്രഹിക്കുന്ന മാസത്തിനു വളരെ മുമ്പ് തന്നെ അതിനായുള്ള പ്രചാരണ പരിപാടികൾ നടത്തണം. വരാനിരിക്കുന്ന വി.ബി.എസ്സ് പ്രോഗ്രാമിനെ കുറിച്ചുള്ള ഒരു വലിയ കൗതുകം സഭയിൽ മുഴുവനും പ്രചരിപ്പിക്കുക. എങ്കിലും ഓരോ വ്യക്തികളേയും വോളന്റിയേഴ്സായി തിരഞ്ഞെടുക്കേണ്ടി വരുമ്പോൾ ആദ്യം അവർ ചെയ്യേണ്ടതായ ജോലികളുടെ ഒരു പട്ടിക തയ്യാറാക്കുക. ഓരോ ജോലികളും ആർക്കാണ് നന്നായി ചെയ്യാൻ കഴിയുക എന്നതിന്റെ അടിസ്ഥാനത്തിൽ അവ തരം തിരിക്കുക. ശേഷം ഓരോ ജോലികളുടെയും ഒഴിവുകളിലേക്ക് വോളന്റിയർമാരെ നിയമിക്കേണ്ടതിന് അവരെ സമീപിക്കുക. ജോലികാര്യങ്ങളെക്കുറിച്ച് എഴുതിയ കടലാസിൽ അവർ ഒപ്പു വയ്ക്കുക എന്നത് നല്ല ഒരു ആശയമാണ്. ആരെല്ലാമാണ് ഒപ്പ് വച്ചിരിക്കുന്നത് എന്ന് എല്ലാവർക്കും മനസ്സിലാക്കുവാൻ ഇത് സഹായകമാകും. മാത്രമല്ല ഈ ജോലി കാര്യങ്ങളിൽ പങ്കെടുക്കുവാൻ അവർക്ക് പ്രചോദനം ലഭിക്കുകയും ചെയ്യും. ഓരോ തസ്തികകളിലേക്കും ആളുകളെ തിരഞ്ഞെടുക്കുമ്പോൾ അവരുടെ കഴിവുകളുടെയും താലന്തുകളുടെയും അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുക.

ചിലർ കുട്ടികൾക്കായുള്ള ശുശ്രൂഷയിൽ പരിചിതരാകണമെന്നില്ല. എന്നാൽ പ്രത്യേക ജോലി ചെയ്യേണ്ടതിനായി നിങ്ങൾ അവരെ സമീപിക്കുമ്പോൾ അവരും ഒപ്പിടുവാൻ തയ്യാറാകും. കുട്ടികൾക്കായുള്ള ശുശ്രൂഷ എത്രത്തോളം രസകരമായി ചെയ്യാവുന്നതാണ് എന്ന് നിങ്ങളുടെ സഭയിലുള്ള ആളുകൾക്ക് വ്യക്തമാക്കിക്കൊടുക്കുവാൻ ഉചിതമായ ഒരു വലിയ സാധ്യതയാണ് വെക്കേഷൻ ബൈബിൾ സ്കൂൾ. കുട്ടികൾക്കായുള്ള ശുശ്രൂഷയിലെ എല്ലാ അദ്ധ്യാപകരും അടുത്ത തലമുറയെ ഉയർത്തിക്കൊണ്ടുവരുവാൻ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ ഏവരെയും നമുക്ക് ആവശ്യമാണ്.

# അദ്ധ്യാപക നിയമനം

നിങ്ങളുടെ വെക്കേഷൻ ബൈബിൾ സ്കൂളിലെ കുട്ടികളോടൊപ്പം വി.ബി.എസിന്റെ എല്ലാ മേഖലയിലേക്കും കടന്നു ചെല്ലേണ്ടതിന് നല്ല ഒരു കൂട്ടം ആളുകളെ സഹായത്തിനായി തിരഞ്ഞെടുക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. അവർ പാഠങ്ങൾ തയ്യാരാക്കുകയോ പഠിപ്പിക്കയോ ചെയ്യേണ്ടതില്ല. കുട്ടികൾ പേരുകൾ പഠിക്കുന്നതും വ്യത്യസ്തമായ പ്രവർത്തികളിൽ വ്യാപൃതരാകുന്നതും ആയിരിക്കട്ടെ അവരുടെ പ്രധാന ജോലി. ഒരേ പ്രായത്തിലുള്ള കുട്ടികളെ സംഘമായി സംഘടിപ്പിക്കുകയും ഓരോ ഗ്രൂപ്പിനും ഓരോ ലീഡറെ നിയമിക്കയും ചെയ്യാം. അഞ്ചോ പത്തോ കുട്ടികൾ വീതമുള്ള ഗ്രൂപ്പ് ആയിരിക്കണം എന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു. .

തുടർന്നുള്ള നിയമനങ്ങൾ പ്രത്യേകമായ ജോലിക്ക് വേണ്ടി ആകണം: പ്രധാന ക്ലാസ് പഠിപ്പിക്കുന്നവർ, ഓരോ സ്റ്റേഷനുകളിലേക്കും പോകുന്നവർ, അഭിനേതാക്കൾ, നൃത്തസംഘം, കളർ ടീം ക്യാപ്റ്റൻ.

മാനുവൽ ഓൺലൈനിൽ ലഭ്യമാണ്. ഓരോ സെന്ററിന്റെയും ലീഡർമാർ അവരുടെ ഫോണിൽ തങ്ങൾക്കുള്ള നിർദ്ദേശങ്ങൾ കാണത്തക്ക നിലയിൽ പ്രദർശിപ്പിക്കണമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ഉദാഹരണമായി ഭക്ഷണകാര്യങ്ങൾ ഏൽപ്പിച്ചിരിക്കുന്ന ലീഡർക്ക് അദ്ദേഹത്തിനുള്ള നിർദ്ദേശങ്ങളും ഭക്ഷണപദാർത്ഥങ്ങളെക്കുറിച്ചുള്ള അറിയിപ്പും ഓരോ ദിവസവും ഫോണിൽ ലഭ്യമാകണം. ഗെയിം ഡയറക്ടർക്ക് ഗെയിമിനെക്കുറിച്ചുള്ള ആശയങ്ങളും അത് നടത്തേണ്ടുന്ന സ്ഥലത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഫോണിൽ ലഭ്യമാകണം. ഇത് നിങ്ങളുടെ ഗ്രൂപ്പിൽ സാധ്യമല്ല എങ്കിൽ അവർക്കായുള്ള പേജ് കോപ്പി എടുത്ത് അവർക്ക് നൽകുക. അപ്പോൾ അവർക്ക് നന്നായി തയ്യാറാക്കുവാൻ കഴിയും.

# റൊട്ടേഷൻ വെക്കേഷൻ ബൈബിൾ സ്കൂൾ

ഈ വെക്കേഷൻ ബൈബിൾ സ്കൂൾ എഴുതി തയ്യാരാക്കിയിരിക്കുനാന്ത് മൂന്ന സ്റ്റെഷനുകൾ ക്രമമായി മൂന്നു തവണ വരത്തക്ക രീതിയിലാണ്. ഇതിനർത്ഥം നിങ്ങൾക്ക് നിങ്ങളുടെ ഗ്രൂപ്പിനെ മൂന്നായി തരം തിരിക്കാം എന്നും ആ ഗ്രൂപ്പുകൾ നൽകപെട്ട മൂന്നു സ്റ്റേഷനുകളിലൂടെ കടന്നു പോകേണം എന്നുമാണ്. ഓരോ സ്റ്റേഷനുകളും മുപ്പത് മിനിറ്റ് വീതം ഉള്ളതും മൂന്നു തവണ വീതം വരുന്നതും ആയിരിക്കും. അങ്ങനെ ഓരോ ഗ്രൂപ്പും ഓരോ ദിവസങ്ങളിലായി ഓരോ സ്റ്റേഷനുകളിലൂടെയും കടന്നു പോകുന്നു.

നിങ്ങളുടെ ഗ്രൂപ്പിനെ എത്ര ചെറിയ ഗ്രൂപ്പായി വേണമെങ്കിലും തരം തിരിക്കാം. എന്നാൽ അവരുടെ വയസ്സിന്റെ അടിസ്ഥാനത്തിൽ മാത്രമേ അവരെ തരംതിരിക്കാവൂ എന്ന് ഞങ്ങൾ നിർദ്ദേശിക്കുന്നു. ഇതിന്റെ അർത്ഥം ഓരോ ഗ്രൂപ്പും ഒരേ തരത്തിൽ ഉള്ളതാകരുത് എന്നാണ്. എന്നിരുന്നാലും ഓരോ പ്രാവശ്യവും ഓരോ സ്റ്റേശനിലുമുള്ള ഒരു പ്രത്യേക പ്രായ പരിധിയിൽ ഉള്ളവർക്ക് വേണ്ടി പ്രോഗ്രാമുകൾ ചെയ്യുവാൻ സ്റ്റാഫുകളെ ഇത് സഹായിക്കും. നിങ്ങൾ സാധാരണ പ്രായം തരംതിരിക്കുന്ന രീതിയിൽ ഗ്രൂപ്പിനെ തരംതിരിക്കുകയോ സ്റ്റുഡന്റ് ബുക്കിൽ കാണിച്ചിരിക്കുന്ന മാതൃകയിൽ തരംതിരിക്കുകയോ ചെയ്യുക.


വി.ബി.എസ്സിനായുള്ള നമ്മുടെ സ്റ്റുഡന്റ് ബുക്ക് നാലായി തരം തിരിച്ചിരിക്കുന്നു:

"ഈസി"- 4 മുതൽ 6 വയസ്സ് വരെ

"മീഡിയം" – 7 മുതൽ 9 വയസ്സ് വരെ

"പ്രയാസമേറിയത്" 10 തൽ 12 വയസ്സ് വരെ

"അഡ്വാൻസ്ഡ്" – 13 മുതൽ 15 വയസ്സ് വരെ



# ഓപ്പണർ

സ്തുതിയും ആരാധനയും

രസകരമായ സംഗീതത്തോടും ആക്ഷനോടും കൂടെ നിങ്ങളുടെ വി.ബി.എസ്സ് ആരംഭിക്കുക. ആക്ഷൻ സോംഗ് നേരത്തേ തന്നെ പഠിച്ച വയ്ക്കുവാൻ ഒരു യുവജനസംഘത്തെ തയ്യാറാക്കി നിർത്തുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. അവർക്ക് പോലീസിന്റെ രീതിയിലുള്ള വേഷം ഉണ്ടായിരിക്കണം. നിങ്ങൾ നിങ്ങളുടേതായ രീതിയിൽ ഓരോ ദിവസത്തെ വി.ബി.എസ്സും രസകരമായി തുടങ്ങണം.

നാടകം :

സംഗീത പരിപാടി വസാനിച്ചതിനു ശേഷം വളരെ തമാശ നിറഞ്ഞതായ നാടകം നടത്തണം. ഈ നാടകത്തെക്കുറിച്ച് മുൻപേ തയ്യാറാക്കി നിർത്തിയിരിക്കുന്ന മൂന്നു അഭിനെതാക്കളുമായി ചർച്ച ചെയ്തിരിക്കണം. ഈ മൂന്ന് അഭിനേതാക്കളാണ് പോലീസിന്റേയും, കള്ളന്മാരുടെയും വേഷത്തിൽ അഭിനയിക്കേണ്ടത്. അവർ ഓരോ ദിവസത്തേയും നാടകം പ്രാക്ടീസ് ചെയ്യണം. വേഷവിധാനങ്ങളുടെ കാര്യത്തിൽ ഒട്ടുമിക്ക സഭകളേയും പങ്കെടുപ്പിക്കാം. ആ വർഷത്തെ വി.ബി.എസ്സ് ആകമാനം രസകരമായിരിക്കും.

വേദപുസ്തക പാഠം:

നാടകത്തിനു ശേഷമായിരിക്കും പ്രധാന പഠനക്ലാസ്. നിങ്ങളുടെ കുട്ടികൾ എല്ലാവരും ഇപ്പോഴും പ്രധാന ഹാളിൽ ആയിരിക്കും.
ഈ പ്രത്യേകമായ ചോർ പോലീസ് വെക്കേഷൻ ബൈബിൾ സ്കൂളിൽ കുട്ടികൾക്ക് ബൈബിൾ കഥയും പ്രായോഗിക വശങ്ങളും പറഞ്ഞുകൊടുക്കുക.

പ്രാർത്ഥന:

പ്രധാന പാഠഭാഗത്തിന്റെ അവസാന ഭാഗം പ്രാർത്ഥനാ സമയമാണ്. പശ്ചാത്തലത്തിൽ ഒരു നേർത്ത സംഗീതം നൽകി ഇത് അവതരിപ്പിക്കുന്നതായിരിക്കും ഏറ്റവും ഉചിതം. ആ ദിവസത്തെ പ്രധാന തീം നിങ്ങൾ പൂർണ്ണമായി അവതരിപ്പിച്ച് തീർക്കേണ്ടതുണ്ട്. അതിനാൽ അത് വ്യക്തമായി അവതരിപ്പിക്കേണ്ടതിനായി ദൈവത്തോട് പ്രാർത്ഥിക്കുക. അവിടെ പ്രാരംഭ സെക്ഷൻ അവസാനിക്കുന്നു. ഈ പ്രാരംഭ സെക്ഷനിൽ സംഗീതത്തിനായി 12 മിനിറ്റുകൾ, പ്രാർത്ഥനയ്ക്കായി മൂന്നു മിനിറ്റുകൾ എന്നിങ്ങനെ ക്രമീകരിക്കണം. നാം ഇത് അവസാനിപ്പിക്കുമ്പോൾ, കുട്ടികൾ അതാത് ടീമിലേക്ക് മടങ്ങും. അപ്പോൾ ആവേശം ജ്വലിപ്പിക്കുന്ന സംഗീതം പിന്നണിയിൽ വായിക്കുക.

| സംഗീതം | നാടകം | സംസാരം | പ്രാർത്ഥന |
|---|---|---|---|
| 12 | 8 | 7 | 3 |



# ടീം-ടൈം

നിങ്ങളുടെ വെക്കേഷൻ ബൈബിൾ സ്കൂളിൽ മത്സരിക്കുക എന്നത് കുട്ടികൾക്ക് രസകരമായ ഒരനുഭവം ആയിരിക്കും, എന്നാൽ അത് ആവശ്യമെങ്കിൽ മതി. കുട്ടികളെ സംഘമായി തരം തിരിക്കേണ്ടതിന് വയസ്സിന്റെ അടിസ്ഥാനത്തിൽ നാല് ഗ്രൂപ്പുകൾ ആയി തരംതിരിക്കാവുന്നതാണ്. ഓരോ കുട്ടിയും ഏത് ഗ്രൂപ്പിന്റെ ഭാഗമാണ് എന്ന് തിരിച്ചറിയുവാൻ റിബൺ ഉപയോഗിക്കുക. ഉദാഹരണമായി, നിങ്ങൾക്ക് ബ്ലൂ ടീം, റെഡ് ടീം, യെല്ലോ ടീം, ഗ്രീൻ ടീം എന്നിങ്ങനെ ടീമുകൾ ഉണ്ടെന്നിരിക്കട്ടെ. ഓരോ ടീമിനും ഓരോ പേരുകൾ നൽകണം. ഈ നാല് കളർ ടീമുകളിൽ നിന്നും ഒരേ പ്രായമുള്ള ഓരോ കുട്ടികൾ വീതം തിരഞ്ഞെടുക്കുക. അതുപോലെ തന്നെ ഓരോ നാല് ഗ്രൂപ്പുകളിൽ നിന്നും ഒരേ പ്രായത്തിലുള്ള മറ്റു കുട്ടികളേയും ഇതിൽ ഉൾപ്പെടുത്തുക. ഓരോ ടീമിനേയും നയിക്കുവാൻ ക്യാപ്റ്റൻമാരെ തിരഞ്ഞെടുക്കുക.
ഓരോ ദിവസത്തേയും പ്രാരംഭ സെഷന് ശേഷം അഞ്ചോ പത്തോ മിനിറ്റ് ആഹ്ളാദത്തിനായോ എന്തെങ്കിലും സന്തോഷ പ്രകടനത്തിനായോ സമയം മാറ്റി വയ്ക്കാവുന്നതാണ്. ഈ സമയം അവർ ഒന്നിച്ച് പ്രാർഥിക്കുകയോ വിജയത്തിനായുള്ള തന്ത്രങ്ങളെ കുറിച്ച് സംസാരിക്കുകയോ ചെയ്യാവുന്നതാണ്. നിങ്ങളുടെ പ്രധാന ഹാളിൽ ഓരോ ടീമിനും മറ്റൊരു ടീമിന്റെ പ്രാക്ടീസ് കേൾക്കാവുന്ന തരത്തിൽ ഹാളിന്റെ നാല് മൂലകളിലായി ഓരോ ടീമും സംഘടിക്കത്തക്ക നിലയിൽ മീറ്റിംഗുകൾ ക്രമീകരിക്കുവാൻ ഞങ്ങൾ നിർദ്ദേശിക്കുന്നു. അത് കൂടുതൽ ആവേശം പകരും. ഓരോ കുട്ടികളും തങ്ങളുടെ സീറ്റിലേക്ക് പോകുക എന്ന് പറയുവാനുള്ള വിസിലോ. സംഗീതമോ കേൾപ്പിക്കുന്നതിന് മുൻപേ അഞ്ചോ പത്തോ മിനിറ്റുകൾ ദൈർഘ്യമുള്ളതായിരിക്കണം ഈ ഇടവേള. ആ ദിവസത്തിന്റെ അവസാനം നാല് ടീമിലെയും ലീഡർമാർ സമാപന സമ്മേളനത്തിനായി സ്റ്റേജിൽ വരണം. ടീമിന്റെ സന്തോഷത്തെക്കുറിച്ച് പറയുവാൻ അവരെ അനുവദിക്കുക. ഏത് ടീമാണ് പോയിന്റ് നിലയിൽ മുൻപിലെന്നു പ്രഖ്യാപിക്കുക. ഓരോ ടീമിന്റെയും പോയിന്റ് നില ഒരു വലിയ ചാർട്ടിൽ കുറിച്ച് വയ്ക്കുക.

"ചോർ പോലീസ് ഗെയിം" എന്ന ഭാഗത്ത് പോയിന്റ് നില എഴുതുന്നതാണ് ഏറ്റവും ഉചിതം. എന്നാൽ ഏറ്റവും നന്നായി ഇടപെടുന്ന കുട്ടി ആരാണ്, വൃത്തിയാക്കുന്ന കാര്യത്തിൽ സഹായിച്ചത് ആരാണ്, മറ്റുള്ളവരോട് ദയ കാണിച്ചത് ആരാണ്, പ്രായം കുറഞ്ഞ കുഞ്ഞുങ്ങളെ സഹായിച്ചത് ആരാണ് എന്നീ കാര്യങ്ങൾ ശ്രദ്ധിച്ച് കുറിച്ച് വയ്ക്കുവാൻ നിങ്ങൾക്ക് പ്രത്യേകം അദ്ധ്യാപകർ ഉണ്ടായിരിക്കണം. വാക്യം കാണാതെ പഠിക്കുകയും അവ പറയുകയും ചെയ്യുന്ന കുട്ടികൾ ഉള്ള ടീമിന് പോയിന്റുകൾ ലഭിക്കും.

ആഴ്ചയുടെ അവസാനം ജയിച്ച ടീമിന് നൽകുവാൻ സമ്മാനങ്ങൾ തയ്യാറാക്കി വയ്ക്കുക!

## നാല് ടീമുകൾക്കും നാല് നിറങ്ങളിലുള്ള റിബണുകളോ ചരടുകളോ നൽകുക.



# സ്റ്റേഷനുകൾ

സ്റ്റേഷൻ റൊട്ടേഷനുകൾ വളരെ രസകരമായ ഒരു കാര്യമാണ്. ഒരു സ്റ്റേഷനിൽ നിന്ന് മറ്റൊരു സ്റ്റേഷനിലേക്ക് പോകുമ്പോൾ സംഗീതം കേൾപ്പിക്കുക എന്നത് ഞങ്ങളുടെ പ്രധാനപ്പെട്ട പരിപാടിയാണ്. അങ്ങനെ ചെയ്യുമ്പോൾ കുട്ടികളിൽ വളരെ ആവേശം ഉളവാക്കുന്നു.
ഓരോ സ്റ്റേഷനും ശുപാർശ ചെയ്യുന്ന സമയം 30 മിനിറ്റാണ്.
ഓരോ സ്റ്റേഷനുകളിലുമുള്ള കുട്ടികളെ വയസ്സിന്റെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി തരംതിരിക്കുന്നത് എളുപ്പമായിരിക്കും. മൈക്കിലൂടെ പ്രായപരിധിയെക്കുറിച്ചും ഏത് സ്റ്റേഷനിൽ നിന്നാണ് തുടരേണ്ടത് എന്നതിനെക്കുറിച്ചും ഉറക്കെ പ്രഖ്യാപിക്കുക. എല്ലാ ദിവസവും അവർ ഒരേ സ്ഥലത്ത് നിന്ന് തന്നെ തുടങ്ങണം. അങ്ങനെ ചെയ്യുമ്പോൾ രണ്ടാം ദിവസം മുതൽ അവർ അത് മനപാഠമാക്കും!

## നിങ്ങളുടെ സ്റ്റേഷൻ അലങ്കരിക്കുക

കോട്ടകളുടെയും പോലീസിന്റേയും കള്ളന്റെയും ചിത്രങ്ങൾ ഭിത്തിയിൽ ഒട്ടിക്കേണ്ടതിന് തയ്യാറാക്കി വയ്ക്കുക. നിങ്ങളുടെ ഗെയിം നടക്കുന്ന സ്ഥലത്ത് കള്ളൻ എന്ന് എഴുതിയ പേപ്പർ ഒട്ടിച്ച് വയ്ക്കുക. പലഹാരങ്ങൾ കൊടുക്കുന്ന സ്ഥലത്ത് രാജ്ഞി എന്ന് എഴുതി വയ്ക്കുക. വേദപുസ്തക പാഠത്തിന്റെ മുകളിലോ വിദ്യാർത്ഥികളുടെ ബുക്കിന്റെ പ്രവർത്തികൾ എന്ന ഭാഗത്തോ രാജാവ് എന്ന് എഴുതി വയ്ക്കുക.

## ക്ലാസ്സിനായുള്ള മുന്നൊരുക്കം

കുട്ടികൾ എത്തുന്നതിനു മുൻപേ തന്നെ നാം അതിനെക്കുറിച്ച് നന്നായി പഠിക്കുകയും കുട്ടികൾ വർക്ക് ചെയ്യുന്ന സമയത്ത് ഈ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുക. കുട്ടികൾ എത്തുന്നതിന് മുൻപേ തന്നെ ആ ദിവസത്തെ പോസ്റ്റർ ഭിത്തിയിൽ തൂക്കിയിരിക്കണം. കുട്ടികൾ കേട്ട ബൈബിൾ കഥകളെക്കുറിച്ചുള്ള അഭിപ്രായം രേഖപ്പെടുത്തുവാൻ പ്രായപരിധി അനുസരിച്ച് അവർ ഇരിക്കുന്ന സ്ഥലങ്ങളിൽ പേപ്പറുകൾ വച്ചിരിക്കണം. ഓരോ ഗ്രൂപ്പുകളും സ്വന്തമായി തീരുമാനങ്ങൾ എടുക്കണമെന്നും മുൻപുള്ള ഗ്രൂപ്പുകൾ പറഞ്ഞതായ അഭിപ്രായത്തെ സ്വാധീനിക്കാതെയിരിക്കാനുമാണ് ഇങ്ങനെ ചെയ്യുന്നത്. കുട്ടികൾ തങ്ങളുടെ വർക്ക് ഷീറ്റിൽ വർക്ക് ചെയ്യേണ്ടതിനായി പെൻസിലുകളും ക്രയോണുകളും തയ്യാറാക്കി വയ്ക്കുക. മനപ്പാഠവാക്യം കാണാതെ പഠിക്കുവാൻ നിങ്ങളുടെ പദ്ധതി പ്രകാരം ഏത് മാർഗ്ഗവും സ്വീകരിക്കാം. വിജയിക്കുന്നവർക്ക് അതാത് സാഹചര്യങ്ങളിൽ സമ്മാനം നൽകുന്നത് കുട്ടികളിൽ ആവേശം ജ്വലിപ്പിക്കും.



## ക്ലാസ്സ് ടൈം :

(നിങ്ങളുടെ റൊട്ടേഷനിൽ ആദ്യത്തെ സ്റ്റേഷൻ വിട്ടുകളയരുത്).

## ഒന്നാം പ്രവർത്തി: വോട്ടിംഗ്

കുട്ടികൾ വരുമ്പോൾ അവരെ വോട്ടിംഗ് ചാർട്ടിനു ചുറ്റും ഇരുത്തി ചോദ്യങ്ങൾ അവരോടു ചോദിക്കുകയും അതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുക. ബൈബിൾ കഥയെക്കുറിച്ച് ചർച്ച ചെയ്യുവാൻ സമയം നൽകുകയും ആ കഥ അവരുടെ ജീവിതത്തിൽ എപ്രകാരം സ്വാധീനം ചെലുത്തി എന്ന് ചോദിക്കുകയും ചെയ്യുക. ഓരോ കുട്ടിയും അതാത് പ്രായപരിധിയിൽ ഉള്ള ചാർട്ടിൽ ഒപ്പ് വയ്ക്കുകയും ബൈബിൾ കഥ കേട്ടതിന്റെ അടിസ്ഥാനത്തിൽ എന്ത് തീരുമാനം എടുക്കുമെന്നും അവർ എന്താണ് ചെയ്യാൻ പോകുന്നത് എന്നതിനെക്കുറിച്ചും ചർച്ച ചെയ്യുക. (വോട്ട് ചെയ്യേണ്ടതിനായി ആവിശ്യമെങ്കിൽ സ്റ്റിക്കറുകൾ ഉപയോഗിക്കാവുന്നതാണ്).
ചാർട്ട് പൂർണ്ണമാകുമ്പോൾ അത് വെക്കേഷൻ ബൈബിൾ സ്കൂളിന്റെ ലീഡറിനെ ഏൽപ്പിക്കാവുന്നതാണ്. ചാർട്ടിൽ എല്ലാവരും അഭിപ്രായം എപ്രകാരം എഴുതി എന്നും ഏത് തീരുമാനത്തിനാണ് അന്നേ ദിവസം ഏറ്റവും കൂടുതൽ വോട്ട് ലഭ്യമായത് എന്നും ലീഡർക്ക് പ്രഖ്യാപിക്കാം. ഇത് നടത്തേണ്ടത് ക്ലോസിംഗ് സെഷനിലാണ്. അന്നേ ദിവസത്തെ ബൈബിൾ കഥ വ്യക്തിപരമായി സ്പർശിക്കേണ്ടതിനായി ഒന്നുകൂടി ഊന്നി പറയുക.

## രണ്ടാം പ്രവർത്തനം

അടുത്തതായി, കുട്ടികൾ തങ്ങളുടെ വർക്ക് ഷീറ്റ് ചെയ്യുവാൻ തുടങ്ങണം. നാല് നിലകളിലുള്ള ബുക്കുകൾ ആണുള്ളത്. ഓരോ കുട്ടികൾക്കും അവരവരുടെ പ്രായത്തിനനുസരിച്ചുള്ള ബുക്കാണ്കൊടുത്തത് എന്ന് ഉറപ്പ് വരുത്തുക. വായിക്കുവാൻ കഴിയാത്ത കുട്ടികൾക്ക് കളറിംഗ് പേജ് ഇഷ്ടമാകും. പ്രായം കൂടിയ കുട്ടികൾക്ക് വാക്കുകൾ കണ്ടെത്തുക, വഴികൾ കണ്ടുപിടിക്കുക തുടങ്ങിയ രസകരമായ ഭാഗം ഇഷ്ടമാകും. നിങ്ങളുടെ കുട്ടികൾക്കായി ബുക്ക് പ്രിന്റ് ചെയ്യുകയോ ഓരോ ദിവസത്തെക്കായുള്ള അതാത് പേജ് പ്രിന്റ് എടുത്ത് നൽകുകയും ചെയ്യാം.
പ്രായമായ കുട്ടികളുടെ വർക്ക് ഷീറ്റ് പ്രചോദിതമായ സംവാദ ചോദ്യങ്ങൾ ഉൾപ്പെട്ടതായിരിക്കണം. കുട്ടികൾ വരുന്നതിന് മുമ്പ് അത് പഠിക്കുകയും അവയിൽ പ്രവർത്തിക്കുമ്പോൾ ഊർജ്ജസ്വലമായ ചർച്ചകൾക്കായി തുറന്നിരിക്കുകയും ചെയ്യുക.

# ക്ലേ ഉപയോഗിച്ചുള്ള ബൈബിൾ പഠനം:

**(നിങ്ങളുടെ റൊട്ടേഷനിൽ പോകുന്നത് ആദ്യത്തെ സ്റ്റേഷനുകൾ ആയിരിക്കുകയില്ല)**

ഈ വർഷത്തെ പ്രധാന പാഠങ്ങൾ വളരെ രസാവഹമായിരിക്കും കാരണം അവർ ബൈബിൾ പാഠങ്ങൾ പഠിക്കാൻ പോകുന്നത് കളിമണ്ണ് ഉപയോഗിച്ചാണ്. എല്ലായിടവും അഴുക്കാവും എന്ന ആധി വേണ്ട. കാരണം എല്ലാം വൃത്തിയായി സൂക്ഷിക്കുക എന്നതല്ല നമ്മുടെ ലക്ഷ്യം. നമ്മുടെ ലക്ഷ്യം ജീവിതങ്ങളെ മാറ്റി മറിക്കുക എന്നതാണ് ലക്ഷ്യം. നാം കുട്ടികളോട് ഒരു പ്രസംഗം പ്രസംഗിച്ചാൽ അവർ പാഠങ്ങൾ ഓർത്തിരിക്കുകയോ അത് വീട്ടിൽ പ്രാവർത്തികമാക്കുകയോ ചെയ്യുകയില്ല. എന്നാൽ കളിമണ്ണ് ഉപയോഗിച്ച് ബൈബിൾ കഥകളിലെ രൂപങ്ങൾ ഉണ്ടാക്കുന്നത് വഴി ഓരോ ദിവസത്തേയും കഥകൾ ഓർത്തിരിക്കുന്നതും അത് പഠിക്കുന്നതിനും സഹായകമാകുന്നു. ചില ജീവിതങ്ങളെ മാറ്റി മറിക്കുന്ന സന്തോഷത്താൽ കളിമണ്ണ് ഉപയോഗിച്ച് ബൈബിൾ കഥാപാത്രങ്ങളുടെ രൂപങ്ങൾ ഉണ്ടാക്കാം.

നിങ്ങൾ കഥ പറയുമ്പോൾ കഥയുടെ വിവിധ ഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന കഥാപാത്രങ്ങളുടെ രൂപങ്ങൾ അവർ സ്വന്ത കരങ്ങളാൽ ഉണ്ടാക്കട്ടെ. ഓരോ കഥയുടെയും അവസാനം, കഴിയുന്നത്ര വേഗത്തിൽ അവർ ഉണ്ടാക്കിയ കളിമൺ രൂപങ്ങൾ ബായ്ഗുകളിൽ ശേഖരിക്കാവുന്നതാണ്.

കളിമണ്ണ് ഓരോ കുട്ടിക്കും ലഭിക്കത്തക്ക നിലയിൽ ചെറിയ ബോളുകളാക്കി അവർക്ക് നൽകാം. ശേഷം ഓരോ ബോളുകളും പ്ലാസ്റ്റിക്ക് ബാഗുകളിൽ ആക്കാം. ഈ രീതിയിൽ വേഗത്തിൽ അവരുടെ കൈകളിലേക്ക് കളിമണ്ണ് നൽകുവാനും ബൈബിൾ കഥ പറഞ്ഞു തീർന്ന ശേഷം ഇവ വീണ്ടും ശേഖരിക്കുവാനും കഴിയും. നിങ്ങളുടെ കുട്ടികൾക്ക് കൈകൾ കഴുകണമെങ്കിൽ ഒരു ബക്കറ്റ് വെള്ളമോ തുവാലകളോ തയ്യാറാക്കി വെയ്ക്കേണ്ടതാണ്. ആ ഭാഗം പേപ്പറോ പ്ലാസ്റ്റിക്കോ ഇട്ട് വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവിടെയുള്ള പായകൾ കുട്ടികളുടെ വസ്ത്രങ്ങൾ എന്നിവ ചീത്തയാകാൻ ഇടയാകും. സഹായത്തിനായി ആളുകളെ മുൻപേ തന്നെ തയ്യാറാക്കി നിർത്തുക. അല്ലെങ്കിൽ നിങ്ങളുടെ എല്ലാ ലീഡർമാരും കളിമൺ ശേഖരണത്തിനായി നിങ്ങളെ സഹായിക്കുവാൻ തയ്യാറായിരിക്കണം.

ഓരോ ദിവസത്തേയും പാഠഭാഗ പഠനത്തിനു ശേഷം പറയുന്നതായ ബൈബിൾ കഥകളെ ആസ്പദമാക്കി ആയിരിക്കണം കളിമണ്ണ് കൊണ്ട് രൂപങ്ങൾ ഉണ്ടാക്കേണ്ടത്.

ഹോം മെയിഡ് ക്ലേ എങ്ങനെ ഉണ്ടാക്കാം എന്നുള്ള വസ്തുത കൂടെ ഇവിടെ ഉൾപ്പെടുത്താം. ജീവിതങ്ങളെ നിത്യത്യ്ക്ക് വേണ്ടി ഒരുക്കുവാൻ രസകരമായ പദ്ധതികളും നിങ്ങൾ തയ്യാറാക്കും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു!



**ഹോം മെയിഡ് ക്ലേ:**

2 ¼ കപ്പ് മാവ്

1 കപ്പ് ഉപ്പ്

2 ടേബിൾസ്പൂൺ നിറമുള്ള ടാങ്ക്

4 ടേബിൾസ്പൂൺ എണ്ണ

1 കപ്പ് വെള്ളം

ഇവ ഹോം മെയ്ഡ് ക്ലേ ഉണ്ടാക്കേണ്ടതിനായി ഒരുമിച്ച് കലക്കുക. ഇവ മാവിന് കളർ നൽകുവാൻ മാത്രമല്ല നല്ല സുഗന്ധം ഉണ്ടാക്കുവാനും കൂടെ വേണ്ടിയാണ്. മാവും ഉപ്പും വെള്ളവും സ്റ്റൌവിൽ വെച്ച് ഇളക്കുക. അതിൽ വെള്ളവും എണ്ണയും ചേർക്കുക. കുഴച്ച മാവിന്റെ പരുവം ആകുന്നത് വരെ കട്ടിയാകും വിധം ഇളക്കിക്കൊണ്ടിരിക്കുക. ശേഷം അത് പാത്രത്തിൽ നിന്നും എടുത്ത് കുറച്ച് മിനിറ്റുകൾ കൈകൾ കൊണ്ട് കുഴയ്ക്കുക!



**ഈസി ഹോം മെയ്ഡ് ക്ലേ:**

2 കപ്പ് മാവ്

1/2 കപ്പ് ഉപ്പ്

1 ടേബിൾസ്പൂൺ എണ്ണ

250 മില്ലി (1 കപ്പ്) തണുത്ത വെള്ളം

7-10 തുള്ളി ഫുഡ് കളറിംഗ് അല്ലെങ്കിൽ ടാങ്ക് (സ്വാദുള്ള പാനീയ മിശ്രിതം)

മാവിന്റെ പകുതിയെടുത്ത് ഉപ്പ് ചേർത്തിളക്കുക. മറ്റൊരു പാത്രത്തിൽ വെള്ളം എണ്ണ നിറം നൽകുന്ന വസ്തുക്കൾ മാവും ഉപ്പും ചേർത്തത് എന്നിവ ഒരുമിച്ച് ചേർത്ത് കൊടുക്കാം. പൊടി വിതറിയ പ്രതലത്തിൽ വച്ച് കുഴയ്ക്കുക. ഹോം മെയ്ഡ് ക്ലേ ഉണ്ടാക്കുവാനുള്ള ലളിതമായ വഴിയാണിത്. ഇതിൽ പാചകത്തിന്റെ ആവശ്യം വരുന്നില്ല.

# സ്റ്റേഷനുകൾ

## മനപ്പാഠവാക്യ ഗെയിമുകൾ (കളിമണ്ണുകൊണ്ട് ബൈബിൾ കഥാപാത്രങ്ങളെ ഉണ്ടാക്കുവാനുള്ള സമയത്തിന്റെ ഭാഗം )

നമ്മുടെ ജീവിതാവസാനം വരെ ബൈബിൾ വാക്യങ്ങൾ കാണാതെ പഠിക്കേണ്ടതാണ്. ദൈവം ഒരു വ്യക്തിയെ നയിക്കുവാനും, ഉപദേശിക്കുവാനും വേണ്ടി ഉചിതമായ സമയത്ത് ആ വ്യക്തിയുടെ ഓർമ്മയിലേക്ക് വചനം കൊണ്ടുവരുന്നു. വാക്യങ്ങൾ മന:പ്പാഠമാക്കുക എന്നത് രസകരമായ പ്രവർത്തനങ്ങളിലൂടെ ആനന്ദകരവും ലളിതവും വളരെ എളുപ്പത്തിൽ പഠിക്കാവുന്നതായും ആക്കി മാറ്റുക.
ഗെയിമിനെക്കുറിച്ച് ഒരാമുഖം നൽകുക, നിയമങ്ങൾ വിശദീകരിക്കുക എങ്ങനെ ജയിക്കാമെന്ന് പറയുക. ടീമിനായി പോയിന്റുകൾ നേടുവാൻ കുട്ടികളെ ഓർമ്മിപ്പിക്കുകയും ചെയ്യുക.നിർദ്ദേശങ്ങളും ഈ ഗെയിമിന് ആവശ്യമായ സാധനങ്ങളും ഡെയിലി ലെസ്സൺ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഒരുപാട് കുട്ടികൾക്ക് ജയിക്കാൻ അവസരം ലഭിക്കേണ്ടതിന് ഗെയിം പല ആവർത്തി നടത്തുക. വാക്യം മനപ്പാഠമാക്കുമ്പോൾ രസകരമായ നിലയിൽ കുട്ടികൾ ഇത് പഠിക്കുവാൻ വേണ്ടിയാണ് ഇപ്രകാരം ക്രമീകരിക്കുന്നത്. ക്ലാസ് ടൈം കഴിഞ്ഞുള്ള സമയത്ത് ഈ ഗെയിം നടത്താവുന്നതാണ്. കുട്ടികൾ ക്ലാസ് വൃത്തിയാക്കിയതിനു ശേഷമേ ക്ലാസ് വിട്ടു പോകാവൂ. അടുത്ത ഗ്രൂപ്പിനെ സ്വീകരിക്കുവാൻ തക്ക നിലയിൽ ഒരുങ്ങിയിരിക്കണം.

## ക്രാഫ്റ്റ് സ്റ്റേഷൻ (നിങ്ങളുടെ റൊട്ടേഷനിൽ പോകുന്ന ആദ്യത്തെ സ്റ്റേഷൻ ആയിരിക്കില്ല)

പോകുന്ന ആദ്യത്തെ സ്റ്റേഷൻ ആയിരിക്കില്ല)
ഏതൊരു വി.ബി.എസ്സിന്റെയും രസകരമായ വിഭാഗമാണ് ക്രാഫ്റ്റ് വർക്കുകൾ എന്നത്. നിങ്ങളുടെ വി.ബി.എസ്സിൽ ഉപയോഗിക്കേണ്ടതിനായി ഡിസൈനുകൾ മാതൃകകൾ ആവശ്യമായ വസ്തുക്കളുടെ ലിസ്റ്റ് ക്രാഫ്റ്റ് വർക്കുകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ എന്നിവ ഓൺലൈനിൽ നിന്ന് ഡൗൺലോഡ് ചെയ്ത് വി.ബി.എസ്സ് തുടങ്ങുന്നതിനു മുന്നേ എടുത്ത് വയ്ക്കേണ്ടതാണ്.
കുട്ടികൾ കാര്യങ്ങൾ അടുക്കും ചിട്ടയോടും കൂടെ ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്തുകയും അവരോടു സ്നേഹം കാണിക്കുകയും ചെയ്യുക! മാതാപിതാക്കൾ കുട്ടികളുടെ ക്രാഫ്റ്റ് വർക്കുകൾ ഇഷ്ടപ്പെടുകയും ഓരോ ദിവസത്തേയും ബൈബിൾ പാഠങ്ങളെ കുട്ടികളെ ഓർമ്മിപ്പിക്കുകയും ചെയ്യും. നിങ്ങളുണ്ടാക്കിയ മാതൃകയുടെ അതേ നിലയിലുള്ള രൂപമല്ല അവർ ഉണ്ടാക്കുന്നതെങ്കിലും അത് കാര്യമാക്കേണ്ടതില്ല.
ലഘുഭക്ഷണ സമയം (ഓരോ ദിവസവും റൊട്ടേഷൻ സ്റ്റേഷനുകൾക്ക് ശേഷം വരുന്നു)
ഓരോ പാഠത്തിലും അന്നന്നത്തെ ഭക്ഷണത്തിന്റെ ചിത്രവും അത് ഉണ്ടാക്കിയ വിധവും നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ നിങ്ങൾക്ക് കൈ കഴുകാനുള്ള സാനിറ്റൈസർ നൽകാവുന്നതാണ്.

## സ്നാക്ക് ടൈം

ഓരോ പാഠത്തിലും അന്നന്നത്തെ ഭക്ഷണത്തിന്റെ ചിത്രവും അത് ഉണ്ടാക്കിയ വിധവും നൽകിയിട്ടുണ്ട്. ആവശ്യമെങ്കിൽ നിങ്ങൾക്ക് കൈ കഴുകാനുള്ള സാനിറ്റൈസർ നൽകാവുന്നതാണ്. ആഹാരം എങ്ങനെ തയ്യാറാക്കണമെന്നും അത് എപ്രകാരം വിതരണം ചെയ്യണം എന്നുള്ളതുമായ പദ്ധതി തയ്യാറാക്കുക.

## ഗെയിം ടൈം

ഗെയിമുകളോടു കൂടെ ഇപ്രകാരം ഭക്ഷണം വിതരണം ചെയ്യുന്നത് രസകരമായ ഒരു വസ്തുത ആയിരിക്കും. ഏറ്റവും നല്ല ടീം സ്പിരിറ്റുള്ളതും നല്ല സ്പോർട്ട്സ്മാൻഷിപ്പ് ഉള്ളതുമായ ടീമിന് പോയിന്റ് നൽകാവുന്നതാണ്. വി.ബി.എസ്സ് രസകരമായിരിക്കട്ടെ!

## ക്ലോസിംഗ്

നാല് ടീം ലീഡർമാരെയും സ്റ്റേജിലേക്ക് വിളിക്കുക. അവരുടെ ടീമിന്റെ ആഹ്ളാദം പങ്കുവയ്ക്കുവാൻ അവസരം നൽകുക. ഓരോ ടീമിനും ആ ദിവസം ലഭിച്ച പോയിന്റ് പ്രഖ്യാപിക്കുക. ഏത് ടീമാണ് മുമ്പിൽ എത്തിയത് എന്ന് അറിയുവാൻ കുട്ടികൾ ആകാംക്ഷയോടെ കാത്തിരിക്കും.
ഏറ്റവും കൂടുതൽ പോയിന്റ് കിട്ടിയ ടീമിനെ ആഴ്ചയുടെ അവസാനം പ്രത്യേക അവാർഡ് ഉണ്ട് എന്ന് അവരെ ഓർമ്മിപ്പിക്കുക. അതാത് ദിവസത്തെ ബൈബിൾ വാക്യം പറയുവാൻ ഓരോ ഗ്രൂപ്പിനും അവസരം നൽകുക. കുട്ടികൾ ക്ലാസ്സുകൾ മുടക്കാതെയിരിക്കുവാൻ തൊട്ടടുത്ത ദിവസത്തെ പരിപാടികളെ കുറിച്ച് സൂചന നൽകുക. വി.ബി.എസ്സിലെ രസകരമായ കാര്യങ്ങളെക്കുറിച്ച് സുഹൃത്തുക്കളോട് പങ്കിടുവാനും അവരെ അടുത്ത ദിവസത്തെ വി.ബി.എസ്സിലേക്ക് ക്ഷണിക്കുവാനും കുട്ടികളെ പ്രോത്സാഹിപ്പിക്കുക. കഥയിലെ പ്രധാന തീമിനെക്കുറിച്ചും അതിന്റെ പ്രായോഗിക വശങ്ങളെ കുറിച്ചും ചുരുക്കമായി പറയുക. പ്രാർത്ഥനയോടെ അവസാനിപ്പിക്കുക. മാതാപിതാക്കൾ കുട്ടികളെ വിളിക്കുവാൻ വരുന്നത് വരെയുള്ള സമയം ആദ്യ ദിവസം പഠിച്ചതായ ആരാധനാ ഗീതം പാടിക്കൊണ്ടിരിക്കുക.

# അധിക ആശയങ്ങൾ



നിങ്ങളുടെ ഫോട്ടോ ഷൂട്ടിന്റെ സഹായം വി.ബി.എസ്സിൽ അനിവാര്യമായിരിക്കും.




**നിങ്ങളുടെ വെക്കേഷൻ ബൈബിൾ സ്കൂളിന്റെ പ്രധാന തീമും രസകരമായ കാര്യങ്ങളും ഓർക്കുവാനുള്ള ഒരു വഴിയാണ് ഈ ഫോട്ടോ ഷൂട്ട്. ഫോട്ടോ എടുക്കുന്നതിനായി കുട്ടികൾക്കും, മാതാപിതാക്കൾക്കും അവസരം നൽകുക. നിങ്ങളുടെ വി.ബി.എസ്സ് അവർ വർഷങ്ങളോളം ഓർത്തിരിക്കത്തക്ക നിലയിൽ ഈ വർഷത്തെ വി.ബി.എസ്സ് വളരെ വിശേഷപ്പെട്ട ഒന്നാക്കി മാറ്റുക**




അതെ, പെൺകുട്ടികൾ മീശ വയ്ക്കുമ്പോൾ അവരെ കാണാൻ വളരെ രസമായിരിക്കും!



നിങ്ങളുടെ ഫോട്ടോ ബൂത്തിലേക്കുള്ള തായ സഹായങ്ങൾ സമ്പൂർണ്ണമാണ്.

# അലങ്കാരങ്ങൾ




ബലൂണുകൾ കൊണ്ട് അലങ്കരിച്ച് നിങ്ങളുടെ വി.ബി.എസ്സ് അതിശയകരമായ ഒരു അന്തരീക്ഷമാക്കി മാറ്റുക.

ഇത് അന്തരീക്ഷത്തിലെ ചൂട് എടുത്ത് മാറ്റുന്ന ഒന്നായി തോന്നിപ്പിക്കുമോ? നിങ്ങൾ ടീച്ചേഴ്സ് മീറ്റിംഗിൽ ആണെകിൽ ബലൂൺ ഊതി വീർപ്പിക്കുന്നതിനായും ബലൂണുകൾ കൊണ്ട് എല്ലായിടവും അലങ്കരിക്കുന്നതിനയും വോളന്റിയർമാരുടെ സഹായം തേടാവുന്നതാണ്. അവർ നിങ്ങളുടെ താല്പര്യം മനസ്സിലാക്കുകയും ഇവ്വണ്ണം തന്നെ അവരുടെ ഏറിയ അലങ്കരിക്കുകയും ചെയ്യും.













# അലങ്കാരങ്ങൾ



രണ്ടാം ദിവസത്തെ തീം ജയിൽ എന്നതാണ്.
ഈ ആശയത്തിനായി നിങ്ങൾ തയ്യാറാകേണ്ടതാണ്.











# അലങ്കാരങ്ങൾ




(5x 2.5 മീറ്റർ) വലുപ്പമുള്ള പശ്ചാത്തല ചിത്രം കൊണ്ട് സ്റ്റേജ് അലങ്കരിക്കുക.






# 1 വാണ്ടഡ്

## ബൈബിൾ കഥ: മത്തായി വിളിക്കപ്പെടുന്നു

# നാടകം/സ്കിറ്റ്

മോട്ടു: ഓ എനിക്ക് വളരെ അതിശയം തോന്നുന്നു. ശരിക്കും അതിശയം തോന്നുന്നു! ഞാൻ ഇപ്പോൾ ശബ്ദം ഉണ്ടാക്കും. അവൻ എത്ര ദൂരത്താണ്?

പട്‌ലു: ഏകദേശം രണ്ട് കിലോമീറ്റർ അകലെ.

മോട്ടു:അവൻ ദേഷ്യത്തിലാണോ?

പട്‌ലു: ഇതുവരെയല്ല.

മോട്ടു: നാം ബേക്കറിയിൽ ചെയ്ത കാര്യം അവൻ കണ്ടപ്പോൾ ഞാൻ അവനെ കണ്ടിരുന്നു എങ്കിൽ എന്ന് ഞാനിപ്പോൾ ആഗ്രഹിക്കുന്നു.

പട്‌ലു: വീണ്ടും അത് പറഞ്ഞ് ശബ്ദം ഉണ്ടാക്കരുത്. നമുക്ക് ഇനിയും വേണമെങ്കിൽ ഇതിൽ നിന്നും രക്ഷപ്പെടാം. പക്ഷേ നീ വീണ്ടും ഇങ്ങനെ ഉറക്കെ കരഞ്ഞുകൊണ്ടിരിക്കരുത്.

മോട്ടു: ഞാൻ അങ്ങനെ ചെയ്യില്ല. അവനു സംശയം തോന്നിയിട്ടുണ്ടാകില്ല.

പട്‌ലു: ആ വാതിലിന്റെ പിടിയിൽ പറ്റിയ വെണ്ണയും ബക്കറ്റിലെ വെള്ളവും പഞ്ചസാര നിറച്ച ബാഗും മതിയാകുമോ?

മോട്ടു: ഓ ഉറപ്പായും അതേ- അവൻ നമ്മേക്കുറിച്ച് പോലീസിനോട് പറഞ്ഞത് ഇങ്ങനെയുള്ള കാര്യങ്ങളൊന്നുമല്ല. നമ്മൾ സ്വയം പോലീസിനു പിടികൊടുക്കണം എന്ന് അവൻ നമ്മോടു പറഞ്ഞു. നാം സ്വയം പിടി കൊടുക്കണമെന്നോ? നാം കള്ളന്മാരാണ്.

പട്‌ലു: കള്ളന്മാർ പിടിക്കപ്പെട്ടു കൂടാ.

മോട്ടു: നാം എങ്ങനെ പിടിക്കപ്പെടും? ഞാനെന്റെ ബൈക്കിൽ വേഗത്തിൽ പോകും.

പട്‌ലു: (മോട്ടുവിന്റെ തലയുടെ പിൻഭാഗത്തായി അടിക്കുന്നു). നിനക്ക് പോലീസുകാരുടെ കാറിന്റെ വേഗതയേക്കാൾ വേഗത്തിൽ ഓടിക്കുവാൻ കഴിയില്ല. ബേക്കറിയിൽ ആരും നമ്മേ കണ്ടിട്ടില്ലായെന്ന് നാം ഉറപ്പ് വരുത്തണം.

മോട്ടു: നാം എന്താണ് ചെയ്തത് എന്ന് കാണുവാൻ അല്പം കഴിഞ്ഞു നമുക്ക് ടൌണിലേക്ക് പോകാം.

പട്‌ലു: ഒരു നിമിഷം, ചീഫ് ഇൻസ്പെക്ടർ ഒരു വാണ്ടഡ് പോസ്റ്റർ ഇറക്കിയിട്ടുണ്ട്.

മോട്ടൂ: അതിൽ ആരാണ് ഉള്ളത്? നമുക്ക് പോയി അവനെ പിടിച്ചു കൊടുത്ത് പ്രതിഫല തുക കൈപ്പറ്റാം.

പട്‌ലു: എനിക്ക് ആ വാണ്ടഡ് പോസ്റ്ററിന്റെ താഴെയുള്ള ഭാഗം കാണാൻ കഴിയും; ഓ പ്രതിഫലം വളരെ വലുതാണ് കേവലം ഇരുപത് മാത്രമേയുള്ളൂ

മോട്ടൂ: ഇരുപത്? തലക്ക് കേവലം ഇരുപത് രൂപ മാത്രം ലഭിക്കുന്ന ഏത് തരം വിഡ്ഢിയാണ് ജയിലിലേക്ക് പോകാൻ തുടങ്ങുന്നത്

പട്‌ലു: ഏതോ കള്ളന്മാർ ആണെന്ന് തോന്നുന്നു.

മോട്ടൂ: ആരാണത്? ആരാണാ വിഡ്ഢികൾ

പട്‌ലു: അത് നമ്മൾ ആണ്

മോട്ടൂ: അതൊരു വലിയ തമാശ ആണല്ലോ! നീ തമാശ പറഞ്ഞു എന്നാണ് ഞാൻ ആദ്യം കരുതിയത്.

പട്‌ലു: അത് നമ്മളാണ് മോട്ടു.

മോട്ടൂ: എന്ത്! അത് അവന് എങ്ങനെ അറിയാം? നാം വളരെ നിശബ്ദരായിരുന്നു എന്ന് മാത്രമല്ല. നമ്മേ ആരും കാണുന്നുണ്ടായിരുന്നില്ല. ഉയർന്ന മലയുടെ മുകളിലുള്ള കൊട്ടാരത്തിലിരുന്നുകൊണ്ട് തെരുവിൽ നടക്കുന്ന എല്ലാ കാര്യങ്ങളും കാണുവാൻ രാജാവിന് കഴിയുമോ? ഒരുപക്ഷേ അദ്ദേഹം നമ്മെ കാണുന്നുണ്ടെങ്കിലോ?

പട്‌ലു: എനിക്കറിയില്ല, പക്ഷേ ഉറപ്പായും നിന്റെ ചിത്രമുള്ള വാണ്ടഡ് പോസ്റ്റർ അവർ ഇക്കിയിട്ടുണ്ട്. അവർ എന്റെ ചിത്രം വരച്ചതിനേക്കാൾ ഞാൻ കുറേക്കൂടി സുന്ദരനാണെന്നും അല്പം കൂടെ വലിപ്പം എനിക്ക് ഉണ്ട് എന്നും ഞാൻ കരുതുന്നു(മുടി ഒതുക്കി വയ്ക്കുകയും നീളം തോന്നിപ്പിക്കും വിധം നിൽക്കുകയും ചെയ്യുന്നു).

മോട്ടൂ: അത് വളരെ നിരാശജനകമായ ഒന്നാണ്. എനിക്ക് നിലവിളിച്ച് കരയാനേ കഴിയൂ; എനിക്കതിനേ കഴിയൂ!

പട്‌ലു:അരുത് കരയരുത്!!

മോട്ടൂ: (അഭിനയിക്കുന്ന രീതിയിൽ ഉറക്കെ കരയുന്നു!

പട്‌ലു: നീ അങ്ങനെ ചെയ്തിട്ടില്ല എന്ന് ഞാൻ കരുതുന്നു.

മോട്ടൂ:എന്തുകൊണ്ട്?

പട്‌ലു: മോട്ടുവിന്റെ തലയുടെ പിൻഭാഗത്തായി അടിക്കുന്നു). നീ കരയുന്നത് അവർ കേട്ടു. അവർ നമ്മേ അന്വേഷിച്ച് വരുന്നു. നമുക്ക് ഇവിടെ നിന്നും രക്ഷപ്പെടണം!

# പ്രധാന പാഠം

## മത്തായി 9:9-13

യൂ ആർ വാണ്ടഡ് .
നിങ്ങളുടെ പേര് പോസ്റ്ററിലുണ്ട്. ആളുകൾ നിങ്ങളെ അന്വേഷിക്കുന്നു.
എന്തിന്? എന്തെന്നാൽ നിങ്ങളുടെ കള്ളത്തരം പിടിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ പാപ പ്രവർത്തിയിൽ നിങ്ങൾ പിടിക്കപ്പെട്ടിരിക്കുന്നു.
“എന്ത്”? എന്താണ് നിങ്ങൾ പറയുന്നത്? എന്ന് ഒരുപക്ഷേ നിങ്ങൾ ചോദിച്ചിരിക്കാം,
അതേ, ദൈവം എല്ലാം കാണുന്നു. നിങ്ങളുടെ മാതാപിതാക്കളോട് നിങ്ങൾ കള്ളം പറയുന്നത്, മിഠായി മോഷ്ടിക്കുന്നതും നിങ്ങളുടെ സ്കൂളിലെ അദ്ധ്യാപകരിൽ നിന്ന് നിങ്ങൾ മറഞ്ഞു നടക്കുന്നതും ദൈവം അറിയുന്നു. ദൈവം എല്ലാം കാണുന്നു.
നിങ്ങൾ ബൈബിൾ വിശ്വസിക്കുന്നു എങ്കിൽ കരമുയർത്തുക. വന്ദ! അതെത്ര നല്ല കാര്യമാണ്.
നിങ്ങൾ യേശുവിൽ വിശ്വസിക്കുന്നവെങ്കിൽ നിങ്ങളുടെ കരമുയർത്താം. വന്ദ! അതും എത്ര നല്ല കാര്യമാണ്!
എല്ലാവരും പാപം ചെയ്തു എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നതായി നിങ്ങൾക്ക് അറിയാമോ? അതേ ഞാനും നിങ്ങളും പാപം ചെയ്തു. നാം എല്ലാവരും പാപം ചെയ്തു എന്ന് യേശുവും പറഞ്ഞിരിക്കുന്നു!
നിങ്ങൾ വേദപുസ്തകം വിശ്വസിക്കുവാൻ ആഗ്രഹിക്കുന്നവെങ്കിൽ നിങ്ങൾ ഇന്ന് പഠിക്കുന്ന ബൈബിൾ വാക്യവും വിശ്വസിക്കണം.
“എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു. റോമർ 3:23”  ദൈവം സമ്പൂർണ്ണനാണ്.
അവൻ യാതൊരു തെറ്റും ചെയ്യുകയില്ല. എന്നാൽ വേദപുസ്തകം പറയുന്നു നാം എല്ലായ്പ്പോഴും പാപം ചെയ്യുന്നു. നാം എല്ലാവരും ദൈവത്തിന്റെ ഇഷ്ടത്തിനു എതിരെ പ്രവർത്തിക്കുന്നു.
എന്നാൽ കഥയുടെ അവസാനം അതല്ല. നാം എല്ലാവരും പാപികളാണെന്നു ദൈവം അറിയുന്നു, എന്നാൽ അപ്പോഴും ദൈവം നമ്മോടു സംസാരിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ മഹത്വത്തിനായി നമ്മെ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നു. നമ്മോടു സൗഹൃദം പങ്കിടുവാൻ ആഗ്രഹിക്കുന്നു.
ഇന്നത്തെ ബൈബിൾ കഥ പാപം ചെയ്യുകയാണ് എന്ന് യേശുവിനാൽ തിരിച്ചറിയപ്പെട്ട ഒരു പാപിയുടെ കഥയാണ്. അവൻ പാപം ചെയ്തു എന്ന് യേശു അറിഞ്ഞു. എന്നാൽ യേശു നിന്ന് അവനോടു സംസാരിച്ചു. യേശു അവനെ വിളിച്ചു.
ദൈവം നിന്ന് നിങ്ങളോട് സംസാരിക്കണമെന്ന് നിങ്ങൾ എത്ര പേര് ആഗ്രഹിക്കുന്നുണ്ട്. നാം തെറ്റ് ചെയ്യുമ്പോഴും ദൈവം നമ്മോടു സംസാരിക്കണം എന്ന് ആഗ്രഹിക്കുന്നുണ്ടോ? ഞാനും ആഗ്രഹിക്കുന്നുണ്ട്.
ബൈബിൾ പറയുന്നു യേശു നടന്നു പോകുമ്പോൾ മത്തായി എന്ന് പേരുള്ള ചുങ്കം പിരിവുകാരനെ കണ്ടു.
ആ കാലങ്ങളിൽ ആളുകളുടെ പണം അപഹരിക്കുന്ന ആളുകളായിട്ടാണ് ചുങ്കം പിരിവുകാരെ കണ്ടിരുന്നത്.
അവർ എല്ലായ്പ്പോഴും ആളുകളിൽ നിന്ന് അടിസ്ഥാനപരമായി മോഷണം നടത്തുകയായിരുന്നു. “ചുങ്കം പിരിവുകാരൻ” എന്ന പദം ആളുകൾ മനസ്സിലാക്കിയിരുന്നത് “പാപി” എന്ന അർത്ഥത്തിൽ ആയിരുന്നു എന്നത് എത്ര സങ്കടകരമായ കാര്യമാണ്. നിങ്ങൾ ചെയ്യുന്ന ജോലി കള്ളം പറയേണ്ടി വരുന്നതോ ചതിക്കുന്നതോ മോഷ്ടിക്കുന്നതോ ആണെങ്കിൽ നിങ്ങളുടെ ജോലി നിമിത്തം നിങ്ങളെ പാപി എന്ന് മുദ്ര കുത്തുന്നത് ഓർത്ത് നോക്കുക.
നിങ്ങൾ ചെയ്യുന്നതായ ജോലി പോലെ തന്നെ ഉള്ള ജോലി മറ്റൊരാളും ചെയ്യുന്നുണ്ടെങ്കിൽ ആ ജോലിയെ മറ്റുള്ളവർ കള്ളമെന്നോ മോഷണമെന്നോ കരുതാം. കൈക്കൂലി വാങ്ങുന്ന ആളുകൾ നിങ്ങളുടെ രാജ്യത്തുണ്ടോ?
യേശു കടന്നു പോകുമ്പോൾ മത്തായി ചുങ്കം പിരിക്കുന്ന സ്ഥലത്ത് ഇരിക്കുന്നത് കണ്ടു “എന്നെ അനുഗമിക്കുക” എന്ന് യേശു മത്തായിയോട് പറഞ്ഞു. പെട്ടെന്ന് മത്തായി എഴുന്നേറ്റു തന്റെ പദവി വിട്ടു കളഞ്ഞ് യേശുവിനെ അനുഗമിച്ചു.
എല്ലാം വിട്ട് യേശുവിനെ അനുഗമിച്ചത് കൊണ്ട് പിന്നീട് മത്തായി ആ പദവിയിൽ തുടർന്നില്ല.
പിന്നീട് മത്തായിയുടെ വീട്ടിൽ പോയി യേശു ഭക്ഷണം കഴിച്ചു. ബൈബിൾ പറയുന്നു മറ്റനേകം ചുങ്കം പിരിവുകാരും പാപികളും അവനോടൊപ്പം ഉണ്ടായിരുന്നു. മത നേതാക്കൾ ശിഷ്യന്മാരോട് ചോദിച്ചു “എന്തുകൊണ്ടാണ് നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടെ ഒരുമിച്ചിരുന്നു ഭക്ഷണം കഴക്കുന്നത്”
യേശു മറുപടി പറഞ്ഞു “ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല”
യേശു പറഞ്ഞത് പാപികൾക്കാണ്രക്ഷകനെക്കൊണ്ട് ആവശ്യം എന്നാണ്. നിങ്ങൾ പൂർണ്ണരാണ് എന്നും എനിക്ക് ആരുടേയും സഹായം ആവശ്യം ഇല്ലാ എന്നും കരുതുമ്പോൾ നിങ്ങൾ നിങ്ങളിൽ തന്നെ ആശ്രയിക്കുന്നു. ഞാൻ പൂർണ്ണരല്ല എന്നും ഞങ്ങൾക്ക് സഹായം ആവശ്യമുണ്ട് എന്നും തിരിച്ചറിയുന്നവരെ സഹായിക്കാനാണ് യേശു വന്നത്.
ആ വാണ്ടഡ് പോസ്റ്ററിൽ ഉണ്ടായിരുന്നത് നാം ആയിരുന്നു. നാം പാപത്തിൽ പിടിക്കപ്പെട്ടു. ബൈബിൾ പറയുന്നു നാം എല്ലാവരും പാപം ചെയ്തു. എന്നാൽ കഥയുടെ അവസാനം അതല്ല. യേശു ഇപ്പോഴും നിങ്ങളെ കാത്തിരിക്കുന്നു. നിങ്ങളൊരു പാപിയാണെന്ന് യേശുവിനറിയാം. എങ്കിലും നിങ്ങളുമായി ഒരു ബന്ധം സ്ഥാപിക്കുവാൻ യേശു ആഗ്രഹിക്കുന്നു. വാസ്തവത്തിൽ യേശു വന്നത് പാപികൾക്ക് വേണ്ടിയാണ്.
എത്ര പേർക്ക് യേശുവിനെ സ്നേഹിതനായി ആവശ്യമുണ്ട്? അതെത്ര നല്ല കാര്യമാണ്! നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം
“പാപികൾക്കായി ഈ ഭൂമിയിൽ വന്നതിനു നന്ദി യേശുവേ. ഞാനൊരു പാപിയാണെന്ന് ഇപ്പോൾ സമ്മതിക്കുന്നു. ഞാൻ അനേകം തെറ്റുകൾ ചെയ്തു. എന്നോട് സംസാരിക്കാൻ താല്പര്യം കാനിച്ചതിനാലും എന്റെ സുഹൃത്തായിരിക്കുവാൻ കാണിച്ച സ്നേഹത്തിനായും നന്ദി. ഞാൻ അങ്ങിൽ വിശ്വസിക്കുന്നു, ആമേൻ”.
ഇന്നത്തെ നാടകത്തിലേത് പോലെ ഞാനും നിങ്ങളും വാണ്ടഡ് പോസ്റ്ററിൽ ഉണ്ടായിരുന്നു എന്നാൽ അതല്ല കഥയുടെ അവസാനം നാളെ നാം നാടകത്തിലെ കൂടുതൽ രംഗങ്ങൾ കാണുകയും ദൈവത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും ചെയ്യും.

# മനപ്പാഠ വാക്യം

"എല്ലാവരും പാപംചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെടുത്തി." റോമർ 3:23


# വോട്ടിംഗ്

ബൈബിളിനെ വ്യക്തിപരമായി കാണുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. മത്തായിയുടെ സ്ഥാനത്ത് അവരായിരുന്നുവെങ്കിൽ മത്തായി ചെയ്ത അതേ കാര്യം അവർ ചെയ്യുമോ? ആ രാജ്യാത്ത് അത് ശരിയായ പ്രവർത്തി ആയിരുന്നോ? എന്നാൽ അത് ഇന്ന് എന്റെ രാജ്യത്ത് ശരിയായ പ്രപ്രവർത്തിയാണോ? അത് മത്തായിക്ക് യോഗ്യമായിരുന്നോ? അത് നിങ്ങൾക്ക് യോഗ്യമാണോ? മത്തായി ചെയ്തത് പോലെ നിങ്ങളും ചെയ്തിരുന്നു എങ്കിൽ എന്തെല്ലാം പ്രശ്നങ്ങളാണ് നിങ്ങൾക്ക് ഉണ്ടാവുക, അതിനെക്കുറിച്ച് നിങ്ങൾ എന്ത് കരുതുന്നു.

*മത്തായി ആ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ അവിടെത്തന്നെ തുടരണമായിരുന്നു. തന്റെ ജോലി സമയത്തിനിടയിൽ നിന്നും പോയത് ശരിയായില്ല.

* മത്തായി തന്റെ ജോലി ഉപേക്ഷിക്കുവാൻ എടുത്ത തീരുമാനം വളരെ നല്ലതാണ്. മത്തായി ഒരു നല്ല അവസരം കണ്ടെത്തുകയും ആ വഴി തിരഞ്ഞെടുക്കുന്നതിനെക്കുറിച്ച് പിന്നീട് ചിന്തിച്ചതുമില്ല




# ദിവസം ഒന്ന് സ്റ്റുഡന്റ് ബുക്ക്സ്

## മുതിർന്ന വിദ്യാർത്ഥികൾക്കുള്ള ചോദ്യങ്ങളും ഉത്തരങ്ങളും

**1. നിങ്ങൾക്കറിയാവുന്ന നല്ലവരായ ആളുകളെയും മോശപ്പെട്ട ആളുകളെയും മനസ്സിലേക്ക് കൊണ്ടുവരിക. ഈ രണ്ടു കൂട്ടരും നാളെ ഒരു സമയത്ത് റോഡപകടത്തിൽ മരിച്ചാൽ യേശുവിനോടൊപ്പം ജീവിതം ചിലവഴിക്കുവാൻ ഇവരിൽ ആരായിരിക്കും സ്വർഗ്ഗരാജ്യത്തിൽ എത്തുക? നിങ്ങൾ എന്തുകൊണ്ടാണ് അങ്ങനെ ചിന്തിക്കുന്നത്?**
ഉത്തരം: നല്ലവരോ കേട്ടവരോ ആരുമാകട്ടെ അവരുടെ നല്ല പ്രവർത്തികൾ കൊണ്ട് സ്വർഗ്ഗത്തിൽ പോവുകയില്ല (റോമർ 3:23) യേശുവിൽ വിശ്വസിക്കുകയും പാപക്ഷമ ചോദിക്കുകയും ചെയ്യുന്ന ഏവരോടും ദൈവം ക്ഷമിക്കുന്നു (യോഹ. 1:12). പ്രസിദ്ധരായ ആളുകളെക്കുറിച്ചും മാഫിയ ലീഡർമാരെ കുറിച്ചും ചർച്ച ചെയ്യുക. നിങ്ങൾക്ക് സമയം ഉണ്ടെങ്കിൽ ക്രിസ്ത്യാനികളല്ലാത്ത പ്രസിദ്ധരായ ആളുകൾ ചെയ്യുന്ന സൽപ്രവർത്തികളെക്കുറിച്ചും ജയിലിൽ ശിക്ഷ അനുഭവിച്ച് കിടക്കുന്ന ക്രിസ്ത്യാനികളെക്കുറിച്ചും ഓൺലൈനിൽ റിസേർച്ച് നടത്തുക. ഇവരിൽ ആർക്കാണ് സ്വർഗ്ഗരാജ്യം കിട്ടുക.

**2. ഇന്നത്തെ ബൈബിൾ കഥയിൽ ആരാണ് കൈക്കൂലി വാങ്ങിയിരിക്കുന്നത്? അത് നിയമപരമാണോ? നിങ്ങളുടെ രാജ്യത്ത് ഇത് നിയമപരമാണോ?**
ഉത്തരം: മത്തായി ചുങ്കക്കാരൻ ആയിരുന്നു. അവർ കൈക്കൂലി വാങ്ങുകയും ആവിശ്യത്തിൽ അധികം പണം പിരിച്ചെടുക്കുകയും ചെയ്യും. അതിനാൽ അവർക്ക് ധാരാളം പണം കിട്ടുന്നു. അതേ ഇത് നിയമപരമാണ്. ചുങ്കം പിരിക്കുന്നതിന് റോമൻ ഗവണ്മെൻറ് ശമ്പളം നൽകുന്നുണ്ട്. പണത്തിന്റെ അഴിമതി, മോഷണം, വില കൂടിയ സാധനങ്ങൾ കമ്മീഷൻ വ്യവസ്ഥയിൽ വിൽക്കുക, ഇവ തമ്മിൽ ഉള്ള സാമ്യതകളെക്കുറിച്ച് ചർച്ച ചെയ്യുക.

**3. മത്തായിയെപ്പോലെ നിങ്ങളുടെ സമൂഹത്തിൽ വെറുക്കപ്പെട്ട ജോലി ഏതാണ്? ആ നിലയിലുള്ള ഒരാളെ യേശു തന്റെ ശിഷ്യനായോ പ്രതിനിധിയായോ തിരഞ്ഞെടുക്കുമോ?**
ഉത്തരം: ഓരോ രാജ്യത്തിനും വ്യത്യസ്തങ്ങളായ ഉത്തരങ്ങൾ ഉണ്ടാകും. ഉത്തരങ്ങളിൽ ഒരുപക്ഷേ അടിമത്വം, വ്യഭിചാരം, ടോയിലെറ്റോ അഴുക്കുചാലോ വൃത്തിയാക്കൽ, അപകടം നിറഞ്ഞ ഫാക്ടറി വർക്കുകൾ എന്നിവ ഉൾപ്പെടും. ഇന്ന് യേശുവിനു അവരെ ആവശ്യമുണ്ടോ? “ഉവ്വ്!!” യേശു മത്തായിയെ മന:പൂർവ്വം ആണ് തിരഞ്ഞെടുത്തത്. അവൻ ഇന്നും ആളുകളുടെ ജോലി കാര്യമാക്കാതെ അവരെ വിളിക്കുന്നു.




**അനുയോജ്യമായ പദങ്ങൾ കണ്ടെത്തുക. വാക്കുകൾക്ക് നേരെ വര ഇടരുത്. മായിച്ചു കളയാൻ പാകത്തിന് പെൻസിൽ ഉപയോഗിക്കുക.**

# സ്റ്റുഡന്റ് ബുക്ക്സ്

## പദപ്രശ്നം

ചിത്രത്തിലേക്ക് ചൂണ്ടിക്കാണിക്കുന്ന അമ്പടയാളത്തിൽ നിന്ന് ആരംഭിച്ച് എക്സിറ്റ് അടയാളത്തിലേക്ക് വരകളൊന്നും കടക്കാത്ത ഒരു തുറന്ന പാത കണ്ടെത്തുക.

### അഡ്വാൻസ്ഡ് – പ്രയാസമേറിയത്



### മീഡിയം



### ഈസി




### വാക്കുകൾ കണ്ടെത്തുക

| | | | | | | | | |
|---|---|---|---|---|---|---|---|---|
| തി | പോ | രാ | ജാ | വ് | ക | തി | ദൈ | വം |
| ര | കോ | യേ | വി | ച | പാ | മ | വി | പോ |
| ഞെ | ശു | മോ | ക | കോ | ത്താ | പം | മോ | ക |
| ടു | വി | രാ | തൊ | യി | ട്ട | രാ | കോ | ള്ളം |
| പ്പ് | ക | മ | പോ | ഴി | വി | മ | തി | ച |
| മ | ഹ | ത്വം | തൊ | ളി | ൽ | മോ | ഷ | ണം |
| തി | രാ | ച | ക്ക | യേ | തി | ച | പോ | കോ |
| മ | മോ | പ്പെ | ക | കോ | തി | തൊ | ലീ | രാ |
| വി | ട്ടു | യേ | വി | യ | മോ | മ | സ് | ക |
| കോ | പോ | മ | ൻ | രാ | തി | ക | ള്ള | ൻ |

പാപം
മഹത്വം
വിളിക്കപ്പെട്ടു
പോലീസ്
കോട്ട
രാജാവ്
തിരഞ്ഞെടുപ്പ്
കള്ളം
മോഷണം
യേശു
ബൈബിൾ
നികുതികൾ
ശേഖരിക്കുക
ചതിയൻ
തൊഴിൽ
ദൈവം
മത്തായി
കള്ളൻ

**രാജ്ഞിയുടെ ചിത്രം വരച്ച് പൂർത്തീകരിക്കുക**



**പാപം ചെയ്ത ആളുകളുടെ ചിത്രത്തിന് ചുറ്റം വൃത്തം വരയ്ക്കുക.**



ഉത്തരങ്ങൾ: യേശു ഒഴികെ ബാക്കിയുള്ള എല്ലാ ചിത്രങ്ങൾക്ക് ചുറ്റം വൃത്തം വരയ്ക്കുക. പാപം ചെയ്യാത്ത ഒരു സൂപ്പർ ഹീറോയെക്കുറിച്ച് ചർച്ച ചെയ്യുക. എന്നാൽ അതൊരു വ്യക്തി ആയിരിക്കാൻ പാടില്ല. അതൊരു ഭാവനാ സൃഷ്ടി ആയിരിക്കണം. എന്നാൽ യേശു ഒരു ഭാവനാ സൃഷ്ടി ആയിരുന്നില്ല എന്നും അവൻ യാഥാർഥ്യം ആയിരുന്നു എന്നും അവനിലെ പാപമില്ലായ്മയും ഒരു യാഥാർഥ്യമായിരുന്നു എന്നും ചർച്ച ചെയ്യുക. ആ സൂപ്പർ ജീറോ യാഥാർഥ്യമായിരുന്നുവെങ്കിൽ അവനും നമ്മെപ്പോലെ പാപം ചെയ്യുമായിരുന്നു. നാം എപ്പോഴും കഴിയുന്നത്ര നല്ല കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കുന്നു.

ഇടത് വശത്തെ ബോക്സിലുള്ള കാര്യങ്ങൾ നെഗറ്റീവ് പ്രവർത്തനങ്ങളാണ്. വലതു വശത്തെ ബോക്സിലുള്ളവ അവയുടെ പ്രതികരണങ്ങളും പരിണിത ഫലങ്ങളുമാണ്. എഴുതാത്ത നെഗറ്റീവ് പ്രവർത്തനങ്ങളും എഴുതി ചേർക്കുക. നിങ്ങളെ നയിക്കാൻ ഉദാഹരണം നോക്കുക.

| | |
|---|---|
| **1. ഞാനെന്റെ അമ്മയോട് ബഹുമാനമില്ലാതെ സംസാരിക്കുന്നു. അമ്മയോട് ക്ഷമ ചോദിക്കുക** | **1. അമ്മയോട് ക്ഷമ ചോദിക്കുക** |
| **2. എന്റെ സഹോദരിയുടെ മുറിയിൽ നിന്ന് എന്തെങ്കിലും മോഷ്ടിക്കുന്നു. കുറ്റം ഏറ്റു പറയുക, അത് തിരിച്ചു നൽകുക, ക്ഷമ ചോദിക്കുക** | **2. കുറ്റം ഏറ്റു പറയുക, അത് തിരിച്ചു നൽകുക, ക്ഷമ ചോദിക്കുക** |
| **3. പിസ്സയുടെ അവസാന പങ്ക് കഴിക്കുന്നു അടുത്ത തവണ പിസ്സ എടുക്കുന്നതിനു മുമ്പ് ആർക്കെങ്കിലും വേണമോ എന്ന് അന്വേഷിക്കുക.** | **3. അടുത്ത തവണ പിസ്സ എടുക്കുന്നതിനു മുമ്പ് ആർക്കെങ്കിലും വേണമോ എന്ന് അന്വേഷിക്കുക** |
| **4. പരീക്ഷയ്ക്ക് മറ്റൊരു വിദ്യാർത്ഥിയുടെ ഉത്തരം കൊപ്പിയടിക്കുന്നു. ദൈവത്തോടും ടീച്ചറോടും കുറ്റം ഏറ്റു പറയുകയും പരീക്ഷിക്കപ്പെടാതിരിക്കുവാൻ അടുത്ത തവണ നന്നായി പഠിച്ച് പരീക്ഷ എഴുതുക.** | **4. ദൈവത്തോടും ടീച്ചറോടും കുറ്റം ഏറ്റു പറയുകയും പരീക്ഷിക്കപ്പെടാതിരിക്കുവാൻ അടുത്ത തവണ നന്നായി പഠിച്ച് പരീക്ഷ എഴുതുക.** |
| **5. എന്റെ സുഹൃത്ത് കൊണ്ടുവന്ന മിഠായി ഞാനെടുക്കുന്നു. ക്ഷമ ചോദിക്കുകയും ആ മിഠായിയോ അതിലധികമോ തിരികെ കൊടുക്കുകയും ചെയ്യാം.** | **5. ക്ഷമ ചോദിക്കുകയും ആ മിഠായിയോ അതിലധികമോ തിരികെ കൊടുക്കുകയും ചെയ്യാം.** |

പലതരം ശിക്ഷകളെക്കുറിച്ച് ചർച്ച നടത്തി ആ പാഠം കൂടുതൽ രസകരമാക്കുകയും ഇന്നത്തെ ജീവിത സാഹചര്യത്തിൽ അത് പ്രാവർത്തികമാക്കാൻ പഠിപ്പിക്കുകയും ചെയ്യുക. എല്ലാ ഉത്തരവും സ്വീകരിക്കുകയും കുറ്റകൃത്യങ്ങളെ കുറിച്ചും പ്രതിഫലത്തെക്കുറിച്ചും രസകരമായ നിലയിൽ സംസാരിക്കുവാൻ അനുവദിക്കുകയും ചെയ്യുക. ലഭിക്കാൻ സാധ്യതയുള്ള ഉത്തരങ്ങൾ: എന്റെ ചിപ്സ് നായ്ക്കൾക്ക് കൊടുത്തേക്കുക, അതി രാവിലെ എന്നെ വിളിച്ചുണർത്തുക, എന്റെ ചെവിയിൽ ഊതുക etc... പ്രതിഫലങ്ങൾ. 1,000,000 ഡോളർ, രണ്ടു പാക്കറ്റ് ചിപ്സ്, അമ്മയെ ആലിംഗനം ചെയ്യുക, വീട്ടു ജോലിയിൽ നിന്ന് പുറത്ത് കടക്കുവാൻ ഫ്രീ പാസ് നൽകുക.

# കളിമണ്ണ് ഉപയോഗിച്ചുള്ള ബൈബിൾ കഥാ അവതരണം

ഇന്നത്തെ ബൈബിൾ കഥയ്ക്കായി നമുക്ക് കുറച്ച് കളിമണ്ണ് എടുക്കാം!

ബൈബിൾ പറയുന്നു യേശു കടന്നു പോകുമ്പോൾ മത്തായി എന്ന് പേരുള്ള ഒരു ചുങ്കക്കാരനെ കണ്ടു. നിങ്ങളുടെ കളിമണ്ണ് മൂന്നു ബോളുകൾ ആയി തിരിക്കുക. രണ്ട് കളിമൺ ബോളുകൾ കൊണ്ട് മത്തായി ഇരുന്നു ജോലി ചെയ്ത മേശയും കസേരയും ഉണ്ടാക്കുക (കുട്ടികൾ മേശയും കസേരയും ഉണ്ടാക്കുന്ന സമയത്ത് ചുങ്കം പിരിവുകാരെക്കുറിച്ച് അവരോടു പറയുക). ആ കാലങ്ങളിൽ ആളുകളുടെ പണം അപഹരിക്കുന്നവരായിട്ടാണ് ചുങ്കം പിരിവുകാരെ കരുതിയിരുന്നത്. ഗവണ്മെന്റിനു വേണ്ടിയാണ് അവർ പണം പിരിചിരുന്നത് എങ്കിലും അവരിൽ അധികം കൂടുതൽ തുക പിരിക്കുമായിരുന്നു. അവർ ആളുകളുടെ കയ്യിൽ നിന്നും വാസ്തവത്തിൽ മോഷണം നടത്തുകയായിരുന്നു. “ചുങ്കം പിരിവുകാരൻ” എന്ന പദം ആളുകൾ മനസ്സിലാക്കിയിരുന്നത് പാപി എന്ന അർത്ഥത്തിൽ ആയിരുന്നു എന്നത് എത്ര സങ്കടകരമായ കാര്യമാണ്. നിങ്ങൾ ചെയ്യുന്ന ജോലി കള്ളം പറയേണ്ടി വരുന്നതോ ചതിക്കുന്നതോ മോഷ്ടിക്കുന്നതോ ആണെങ്കിൽ നിങ്ങളുടെ ജോലി നിമിത്തം നിങ്ങളെ പാപിയെന്നു മുദ്ര കുത്തുന്നത് ഓർത്തു നോക്കാമോ? കളിമണ്ണ് കൊണ്ട് മത്തായിയുടെ രൂപം ഉണ്ടാക്കിയിട്ട് ആ കസേരയിൽ ഇരുത്തുക (മത്തായിയുടെ രൂപം ഉണ്ടാക്കുവാൻ അവർക്ക് സമയം നൽകുക).


വീണ്ടും കളിമണ്ണ് കുഴച്ച് കോയിൻബോക്സുകളും കോയിനുകളും ഉണ്ടാക്കുക. നിങ്ങൾ ചെയ്യുന്നതായ ജോലി പോലെത്തന്നെയുള്ള ജോലി മറ്റൊരാളും ചെയ്യുന്നുണ്ടെങ്കിൽ ആ ജോലിയെ മറ്റുള്ളവർ കള്ളമെന്നോ മോഷണമെന്നോ കരുതാം. കൈക്കൂലി വാങ്ങുന്ന ആളുകൾ നിങ്ങളുടെ രാജ്യത്തുണ്ടോ? ആർക്കെങ്കിലും വേണ്ടി കള്ളം പറയുന്നതിന് ആളുകൾ നിങ്ങൾക്ക് പണം തരാറുണ്ടോ? ഇതായിരുന്നു മത്തായിയുടെ ജീവിതം. അവനറിയപ്പെടുന്ന ഒരു പാപി ആയിരുന്നു. ചുങ്കക്കാർ ആളുകളുടെ കൈയ്യിൽ നിന്ന് പണം വാങ്ങുകയും ഗവർമ്മെന്റിനു നൽകുവാൻ ഒരു പെട്ടിയിൽ ഇട്ടു വയ്ക്കുകയും ചെയ്യും. സാധാരണയായി അവർ എല്ലാ പണവും ഗവർമ്മെന്റിനു നൽകാറില്ല.

പണം നിർമ്മിച്ച കളിമണ്ണ് വീണ്ടും കുഴയ്ക്കുക. അത് ഉപയോഗിച്ച് യേശുവിന്റെ രൂപം ഉണ്ടാക്കുക. യേശു ആ വഴിയായി കടന്നു പോകുമ്പോൾ മത്തായി ചുങ്കം പിരിയ്ക്കുന്ന സ്ഥലത്ത് ഇരിക്കുകയായിരുന്നു. യേശു മത്തായിയോട് “എന്നെ അനുഗമിക്കുക” എന്ന് പറഞ്ഞു, മത്തായി വേഗത്തിൽ എഴുന്നേറ്റ് അവൻ ഇരുന്ന ആ സ്ഥലം വിട്ടു, യേശുവിനെ അനുഗമിച്ചു. കളിമണ്ണ് കൊണ്ട് വീണ്ടും മേശയും കസേരയും ഉണ്ടാക്കുക. ഇത്തവണ അത് ഒഴിഞ്ഞ കസേരയായി ഇടണം. മത്തായി സകലതും ഉപേക്ഷിച്ച്, പദവി വിട്ട് യേശുവിനെ അനുഗമിച്ചു.
ഇപ്പോൾ പാത്രം, ഫോർക്ക്, കത്തി, സ്പൂൺ എന്നിവ കളിമണ്ണ് കൊണ്ട് ഉണ്ടാക്കുക. പിന്നീട് മത്തായിയുടെ വീട്ടിൽ പോയി യേശു ഭക്ഷണം കഴിച്ചു. ബൈബിൾ പറയുന്നുമറ്റനേകം ചുങ്കക്കാരും പാപികളും അവനൊപ്പം ഉണ്ടായിരുന്നു. മതനേതാക്കൾ ശിഷ്യന്മാരോട് ചോദിച്ചു എന്തുകൊണ്ടാണ് നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂടെ ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നത്. യേശു മറുപടി പറഞ്ഞു “ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല” നാം ദീനക്കാർ ആണെന്ന് നിങ്ങൾ അറിയുന്നുണ്ടോ? നിങ്ങൾ സൗഖ്യമുള്ളവരാണ് എന്നതാണ് നിങ്ങളുടെ ചിന്ത എന്ന് ഞാൻ ഉറപ്പായും പറയുന്നു. “ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല” എന്ന് യേശു പറയുമ്പോൾ പാപികൾക്കാണ് രക്ഷകനെക്കൊണ്ട് ആവശ്യം എന്ന അർത്ഥത്തിൽ ആണ് യേശു പറഞ്ഞത് ആവശ്യം എന്നാണ്. നിങ്ങൾ പൂർണ്ണരാണ് എന്നും എനിക്ക് ആരുടേയും സഹായം ആവശ്യം ഇല്ലാ എന്നും കരുതുമ്പോൾ നിങ്ങൾ നിങ്ങളിൽ തന്നെ ആശ്രയിക്കുന്നു. ഞാൻ പൂർണ്ണരല്ല എന്നും ഞങ്ങൾക്ക് സഹായം ആവശ്യമുണ്ട് എന്നും തിരിച്ചറിയുന്നവരെ സഹായിക്കാനാണ് യേശു വന്നത്.
(കളിമണ്ണ് കുട്ടികളുടെ കയ്യിൽ നിന്ന് തിരികെ വാങ്ങുക).



# ഗെയിം ടിക്-ടാക്ക്-ടോ

ടീം അംഗങ്ങൾ മന:പ്പാഠവാക്യം കൃത്യമായി കാണാതെ പറയുമ്പോൾ ടിക്-ടാക്ക്-ടോ എന്ന് പേരുള്ള ബോർഡ് തിരഞ്ഞെടുക്കണം. ടീമിന്റെ സിംബലോ മറ്റ് അടയാളങ്ങളോ കൊണ്ട് ബോർഡിൽ മാർക്ക് ചെയ്യുക. അതല്ലെങ്കിൽ അവിടെ നിൽക്കുകയോ ഇരിക്കുകയോ ചെയ്യുക. ബോർഡ് ഇല്ലാതെയാണ് കളിക്കുന്നതെങ്കിൽ മൂന്ന് ചെയറുകൾ വീതം ഇട്ട് മൂന്നു നിരകൾ ഉണ്ടാക്കണം. ക്ലാസ് റൂമിന് നടുവിൽ ഇട്ടിരിക്കുന്ന ഈ കസേരകൾ ഉപയോഗിക്കുന്നില്ലായെങ്കിൽ പേപ്പറോ പേപ്പർ പ്ലേറ്റുകളോ ടിക്-ടോക്ക് ബോർഡായി ഉപയോഗിക്കാം.



# സ്നാക്ക് പ്രത്യേക കുക്കുംബർ ചാറ്റ്

**ചേരുവകൾ**

1 മുതൽ 2 വരെ വലിയ വലിപ്പമുള്ള വെള്ളരിക്ക (നിങ്ങളുടെ കുട്ടികളുടെ എണ്ണം അനുസരിച്ച്)
¼ കപ്പ് വറ്റല് കാരറ്റ്
2 ടേബിൾസ്പൂൺ അരച്ച തേങ്ങ
¼ കപ്പ് വറുത്ത നിലക്കടല ¼ കപ്പ് പഫ്ഡ് റൈസ്
1 ടീസ്പൂൺ ചാറ്റ് മസാല
¼ കപ്പ് സെവ
2 ടേബിൾസ്പൂൺ മല്ലിയില
1 നാരങ്ങ നീര്
ചാറ്റ് ക്രമീകരിക്കാനും വിളമ്പാനും നിങ്ങൾക്ക് പേപ്പർ പ്ലേറ്റുകളും ആവശ്യമാണ്.



നിർദ്ദേശങ്ങൾ:

1. വെള്ളരിക്കാ തൊലി കളഞ്ഞ് ഇടത്തരം കഷ്ണങ്ങളാക്കുക.
2. ഒരു പാത്രത്തിൽ വറ്റൽ കാരറ്റ്, തേങ്ങ അരച്ചത്, നിലക്കടല, പഫ്ഡ് റൈസ്, ചാറ്റ് മസാല, സേവ്, നാരങ്ങ നീര് എന്നിവ മിക്സ് ചെയ്യുക. നന്നായി കൂട്ടികലർത്തുക.
3. കടലാസ് പ്ലേറ്റുകളിൽ കുക്കുമ്പർ കഷ്ണങ്ങൾ ക്രമീകരിക്കുക
4. ഓരോ കുക്കുമ്പർ സ്ലൈസിലും ഒരു സ്പൂൺ നിറയെ മിക്സ് വയ്ക്കുക, മുകളിൽ മല്ലിയില കൊണ്ട് അലങ്കരിക്കുക.
5. നിങ്ങളുടെ പ്രത്യേക കുക്കുമ്പർ ചാറ്റ് ആസ്വദിക്കാൻ തയ്യാറാണ്.

# ക്രാഫ്റ്റ് പോലീസ് റേഡിയോ

**മെറ്റീരിയൽസ്:**


- റേഡിയോ പ്രിന്റ് ഔട്ട് എടുക്കുക. ഓരോ കുട്ടികൾക്കും നൽകത്തക്ക നിലയിൽ എടുക്കുക.
- കത്രിക
- പശ
- കളറുകൾ

**നിർദ്ദേശങ്ങൾ:**

സ്റ്റെപ് 1 റേഡിയോ നിങ്ങളുടെ ഇഷ്ടാനുസരണം കളർ ചെയ്യുക.
സ്റ്റെപ് 2 കുത്തിട്ട വരകളിലൂടെ റേഡിയോയുടെ ചിത്രം മുറിച്ചെടുക്കുക.
സ്റ്റെപ് 3. കൃത്യമായി ചിത്രം വരകളിലൂടെ മടക്കി പശ ഒട്ടിച്ച് വക്കുക.
സ്റ്റെപ് 4 ആന്റിനാ വെട്ടിയെടുത്ത് ഒട്ടിച്ചാൽ നല്ല ഒരു ഉല്പന്നം നിങ്ങൾക്ക് ലഭിക്കും. കള്ളനെ എവിടെയെല്ലാമാണ് വീക്ഷിക്കേണ്ടത് എന്നും അടുത്തതായി എങ്ങോട്ടേക്കാണ് നീങ്ങേണ്ടത് എന്നും മറ്റ് അധികാരികളെ അറിയിക്കുവാൻ ഈ റേഡിയോ ഉപയോഗിക്കുക.



# ക്രാഫ്റ്റ് 1 – പോലീസ് റേഡിയോ



2

# ജയിൽ

## ബൈബിൾ കഥ: സ്ത്രീ വ്യഭിചാര കർമ്മത്തിൽ പിടിക്കപ്പെടുന്നു

## നാടകം/സ്കിറ്റ്

പട്‌ല്: ഹേയ്, ഞാൻ കരുതുന്നു നാം അവരുടെ കാഴ്ചയിൽ നിന്ന് മറഞ്ഞു.

മോട്ടു: ടൌണിൽ നിന്ന് രക്ഷപ്പെടുന്നതൊഴികെ ബാക്കിയെല്ലാം നാം ചെയ്തു, നാം സ്വതന്ത്രരായിരിക്കുന്നു. (കൈകൾ കിളികളെപ്പോലെ വിടർത്തി പിടിച്ചുകൊണ്ട്)

പട്‌ല്: ഓക്കെ മോട്ടു, ഞാൻ മലയുടെ മുകളിൽ കയറി താഴേക്ക് നോക്കുവാൻ പോകുകയാണ്.

മോട്ടു: നീ പോകുമ്പോൾ ഞാൻ നിന്നെ കാത്ത് ഇവിടെ നിൽക്കാം.

പട്‌ല്: (എന്തിന്റേയോ മുകളിൽ കയറി നിന്ന് അശ്രദ്ധയോടെ താഴേക്ക് നോക്കുന്നു). മോട്ടു! അവർ നമ്മളെ കണ്ടു!

മോട്ടു: അയ്യോ ഇല്ല!

ചീഫ് ഇൻസ്പെക്ടർ: (ആത്മവിശ്വാസത്തോടെ സ്റ്റേജിലേക്ക് നടന്നു വരുന്നു) ഹേയ് ആൺകുട്ടികളെ

പട്‌ല്: ഹലോ ചീഫ് ഇൻസ്പെക്ടർ സുഖമായി ഇരിക്കുന്നുവോ?

മോട്ടു: (വെള്ളം വിഴുങ്ങിക്കൊണ്ട്) ഹലോ, ചീഫ് ഇൻസ്പെക്ടർ

ചീഫ് ഇൻസ്പെക്ടർ: നിങ്ങളിപ്പോൾ എന്റെ കൂടെ വരുമെന്നാണ് ഞാൻ കരുതുന്നത്.

പട്‌ല്: നമ്മൾ എങ്ങോട്ടാണ് പോകുന്നത് ഓഫീസർ?

ചീഫ് ഇൻസ്പെക്ടർ: ജയിലിലേക്ക്. നിങ്ങൾ ചെയ്ത തെറ്റിന് സമാധാനം പറയുവാൻ

മോട്ടു: ജയിലിലേക്കോ? ഞങ്ങൾ ചെയ്തതൊക്കെ എല്ലാവരെയും പറ്റിക്കുവാൻ വേണ്ടി ആയിരുന്നു.

പട്‌ല്: (മോട്ടു സംസാരം നിർത്തുവാൻ അവന്റെ മൂക്കിൽ പിടിച്ച് തിരിക്കുന്നു). അതേ ചെറിയ നിഷ്കളങ്കമായ ഒരു പ്രാങ്ക്.

ചീഫ് ഇൻസ്പെക്ടർ: ഞാൻ അതല്ലല്ലോ കേട്ടത്. എനിക്ക് നല്ല കേൾവിയുണ്ട്. (തന്റെ വലിയ ചെവികളിലേക്ക് വിരൽ ചൂണ്ടുന്നു).

മോട്ടു: ഞങ്ങൾ എത്ര നാൾ ജയിലിൽ ഉണ്ടാകും?

ചീഫ് ഇൻസ്പെക്ടർ: നിങ്ങൾ ചെയ്തതിനെല്ലാം ശിക്ഷ അനുഭവിച്ച് തീരും വരെ നിങ്ങൾ രണ്ടുപേരും വളരെ വലിയ തെറ്റ് ചെയ്തു.

പട്‌ല്: ജയിലിൽ പോകാതിരിക്കുവാൻ തക്കവണ്ണം എന്തെങ്കിലും വഴി ഉണ്ടോ എന്ന് താങ്കൾക്ക് അറിയാമോ?

ചീഫ് ഇൻസ്പെക്ടർ: ഞാൻ ചിന്തിച്ചിട്ട് ഒരു വഴിയും കാണുന്നില്ല.

മോട്ടു: പറയൂ അത് ശരിയായ കാര്യമല്ലേ! (പട്‌ലുവിനെ അടിക്കാൻ പോകുന്നതുപോലെ അറിയാതെ കരം ഉയർത്തുന്നു).

പട്‌ല്: ഓ ഈ കൈകൾ ഒന്ന് മാറ്റി വയ്ക്കൂ. ഹേയ് ചീഫ് ഇൻസ്പെക്ടർ എന്താണ് കോടതി വിധി?

ചീഫ് ഇൻസ്പെക്ടർ: നോക്കു ഈ രാജ്യത്തിനെ നിയമങ്ങൾ നിങ്ങൾക്കറിയാം. നിങ്ങൾ അത് അറിയുകയും ലംഘിക്കുകയും ചെയ്തു.

മോട്ടു: ഞങ്ങളുടെ കൈകളിൽ ശരിക്കും നിങ്ങൾക്ക് വിലങ്ങ് അണിയണമോ?

ചീഫ് ഇൻസ്പെക്ടർ: നാം രാജാവിന്റെ മുമ്പിൽ എത്തിയതിനു ശേഷം നമുക്ക് സംസാരിക്കുവാൻ ധാരാളം സമയം കാണും എന്ന് ഞാൻ കരുതുന്നു.

മോട്ടു: ഓ ഇല്ല രാജാവ് നീതിയുള്ളവനാണ്. നാം ചെയ്ത തെറ്റിൽ നിന്നും നാം രക്ഷപ്പെടുവാൻ പോകുന്നില്ല.

പട്‌ല്: (മോട്ടുവിന്റെ വായ് മൂടി കെട്ടുന്നു). ഷട്ടപ്പ് മിണ്ടാതിരിക്കു.

മോട്ടു: (ഒച്ചയില്ലാതെ) മോഷണത്തെക്കുറിച്ചും പറ്റിക്കലിനെക്കുറിച്ചും സഹോദരിയെ അടിച്ചതിനെ കുറിച്ചും അമ്മയോട് അനുസരണക്കേട് കാണിച്ചതിനെ കുറിച്ചും അദ്ദേഹത്തിന് അറിയാവുന്നതാണ്. ഞാനെന്റെ സഹോദരന്റെ പട്ടം നശിപ്പിച്ചിട്ട് എന്റെ മറ്റൊരു സഹോദരനെ കുറ്റം വിധിച്ചു.

പട്‌ല്: മിണ്ടാതിരിക്കു.

മോട്ടു: അനുവാദമില്ലാതെ ചൂണ്ടയിട്ടതും, അനുവാദമില്ലാതെ മാങ്ങ പറിച്ചെടുത്തതും ഹോട്ടലിലെ ചപ്പുചവറുകൾക്കിടയിലൂടെ കുഴി കുഴിച്ചിറങ്ങിയതും അദ്ദേഹം അറിഞ്ഞിട്ടില്ല.

ചീഫ് ഇൻസ്പെക്ടർ: പോക്കറ്റടിച്ചതും, പണിയായുധങ്ങൾ കടം വാങ്ങിയിട്ട് മനപൂർവ്വം മറന്നു പോയി എന്ന് പറഞ്ഞ് അത് തിരിച്ചു കൊടുക്കാതെ ഇരുന്നതും കള്ളത്തരമാണ്.

പട്‌ല്: ഓ അതൊരു വലിയ വിഷയമല്ല. നിന്റെ വലിയ വായ തുറന്ന് നാം ചെയ്തതെല്ലാം രാജാവിനോട് പറയുന്നതിന് മുമ്പേ രാജാവിന് ഈ കാര്യങ്ങൾ എല്ലാം അറിയുന്നതാണ്.

ചീഫ് ഇൻസ്പെക്ടർ: വരു നമുക്ക് പോകാം (ഇൻസ്പെക്ടർ എന്തിലോ തട്ടി വീഴുന്നു. അവിടെ നിന്ന് എഴുന്നേറ്റ് ചുറ്റും നോക്കി ആരും കണ്ടില്ലായെന്നു ഉറപ്പ് വരുത്തുന്നു.

# പ്രധാന പാഠം

## യോഹന്നാൻ 8:1-11

നിങ്ങളെ ആവിശ്യമുണ്ട്.
നിങ്ങളുടെ പേര് പോസ്റ്ററിൽ ഉണ്ട്. ആളുകൾ നിങ്ങളെ കാത്തിരിക്കുന്നു.
നിങ്ങളിപ്പോൾ ജയിലിലാണ്. നിങ്ങളിപ്പോൾ അകത്തായിരിക്കുന്നു. നിങ്ങൾ ജയിലിലാണ് എന്ന തോന്നൽ നിങ്ങൾക്കില്ല. ശരിയല്ലേ?
നിങ്ങൾക്ക് ഏത് ഭാഗത്തേക്കും നിവർന്നു നടക്കാവുന്നതാണ്. അതിനർത്ഥം നിങ്ങൾ ഇപ്പോഴും സ്വതന്ത്രരാണ് എന്നാണ്.
നിങ്ങൾക്കോ നിങ്ങളുടെ സുഹൃത്തക്കൾക്കോ നിങ്ങളുടെ ജയിൽ മുറി കാണുവാൻ കഴിയുകയില്ല. എന്നാൽ ദൈവത്തിനു കഴിയും. ഇന്നത്തെ നമ്മുടെ കരിവാക്യം "പാപത്തിന്റെ ശമ്പളം മരണമത്രേ. ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" റോമർ 6:23.
ഇന്നലത്തെ പാഠഭാഗം ഓർക്കുന്നുണ്ടോ? നാം എല്ലാവരും പാപം ചെയ്തു, നാം ഓരോരുത്തരും അങ്ങനെ തന്നെ!
ആ പാപത്തിനു ശരിയായ ശിക്ഷയുണ്ട്. അതാണ് ഇന്നത്തെ നാടകത്തിൽ കണ്ടത്. പട്ലുവും മോട്ടുവും ആളുകളെ കബളിപ്പിച്ച കുറ്റത്തിന് ജയിലിലായി. നിങ്ങളുടെ വീട്ടിൽ നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ ശിക്ഷിക്കാറുണ്ടോ?
ഉദാഹരണമായി നിങ്ങളുടെ ഹോം വർക്ക് നിങ്ങൾ ചെയ്തില്ലായെങ്കിൽ നിങ്ങളുടെ സുഹൃത്തുക്കളുമായി നിങ്ങൾക്ക് കളിക്കാൻ കഴിയുകയില്ല. അതൊരു സാധാരണ ശിക്ഷയാണ്.
എന്നാൽ ദൈവവും ശിക്ഷിക്കാറുണ്ട്. അത് പാപം ചെയ്ത എല്ലാവർക്കുമുള്ള ശിക്ഷയാണ്.
എന്നാൽ ദൈവം കരുണാമയനാണ്. നമുക്ക് അർഹമായ ശിക്ഷ അവൻ നൽകുന്നില്ല.
പുരുഷാരം കൂടി നിന്ന പള്ളിയുടെ മുറ്റത്ത് നിന്ന് യേശു പ്രസംഗിക്കുകയായിരുന്നു.
പുരുഷാരം അവനു ചുറ്റും നിൽക്കുമ്പോൾ വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ ചില മതനേതാക്കൾ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അവളെ അവർ വലിയ പുരുഷാരത്തിന്റെ മുൻപിൽ നിറുത്തി ആ വലിയ ജനത്തോട് അവൾ ചെയ്ത പാപം ഉറക്കെ പറയുമ്പോൾ അവളുടെ മാനസികാവസ്ഥ എന്തായിരിക്കും എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അതെത്ര ലജ്ജ ഉളവാക്കുന്ന കാര്യമാണ് അല്ലേ? അവളെ എന്ത് ചെയ്യണം എന്ന് അവർ അവനോടു ചോദിച്ചു. അവർ എല്ലാവരോടും അവളുടെ പാപത്തെക്കുറിച്ച് പറയുകയും അവളെ കൊല്ലണമെന്നാണ് നിയമം എന്ന് പറയുകയും ചെയ്തു. അവളുടെ പാപത്തിന്റെ ശിക്ഷ മരണമാണ്. അവർ എല്ലാവരും കല്ലെടുക്കുകയും അവൾ മരിക്കുന്നത് വരെ അവളെ കല്ലെറിയണം എന്ന് തീരുമാനിക്കുകയും ചെയ്തു.
"യേശുവോ കുനിഞ്ഞു വിരൽ കൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു. അവർ അവനോടു ചോദിച്ചു കൊണ്ടിരിക്കുമ്പോൾ അവൻ നിവർന്നു. നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമത് കല്ലെറിയട്ടെ എന്ന് അവരോടു പറഞ്ഞു. പിന്നെയും അവൻ കുനിഞ്ഞു വിരൽ കൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു."
"അവർ അതു കേട്ടിട്ട് മനസാക്ഷിയുടെ ആക്ഷേപം ഹേതുവായി മൂത്തവരും ഇളയവരും ഓരോരുത്തരായി വിട്ടു പോയി. യേശു നിവിർന്നു അവാളോട് സ്ത്രീയേ അവർ എവിടെ? നിനക്കാരും ശിക്ഷ വിധിച്ചില്ലല്ലോ എന്ന് ചോദിച്ചതിനു
ഇല്ല കർത്താവേ എന്നവൾ പറഞ്ഞു.
ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല. പോക ഇനി പാപം ചെയ്യരുത് എന്ന് യേശു പറഞ്ഞു."
യേശു ഈ സ്ത്രീയോട് കരുണ കാണിക്കുകയും അവൾക്ക് അർഹമായിരുന്ന ശിക്ഷ കൊടുക്കാതിരിക്കുകയും ചെയ്തു. നമുക്കും യേശുവിൽ നിന്ന് കരുണ ലഭിക്കുകയും നമുക്ക് അർഹമായിരുന്ന പാപത്തിന്റെ ശക്ഷ നാം പ്രാപിക്കുകയും ചെയ്തു. നിങ്ങൾ അത് ഇഷ്ടപ്പെടുന്നുവോ?
നമുക്ക് പ്രാർത്ഥിക്കാം "യേശുവേ, ഞാനൊരു പാപിയാണെന്നും അങ്ങയുടെ ശിക്ഷയ്ക്ക് അർഹനാണെന്നും ഞാൻ സമ്മതിക്കുന്നു. എന്നാൽ ഞാൻ അങ്ങയുടെ കരുണയ്ക്കായി യാചിക്കുന്നു. ആ സ്ത്രീയോട് കരുണ കാണിച്ചത് പോലെ, എന്നോടും കരുണ കാണിക്കേണമേ. എന്റെ തെറ്റായ പ്രവർത്തികൾക്ക് എന്നോട് പൊറുക്കേണമേ. എന്നോട് കരുണയുണ്ടാകേണമേ നന്ദി."
ഇന്നത്തെ നാടകത്തിൽ നാം കണ്ടതുപോലെ നാമും പിടിക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെട്ടവരാണ്. എന്നാൽ കഥയുടെ അവസാനം അതല്ല. നാളെ നമ്മൾ നാടകത്തിന്റെ ബാക്കി ഭാഗം കാണുകയും ദൈവത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും ചെയ്യും.

# മനപ്പാഠ വാക്യം

" പാപം അതിന്റെ വേതനം നല്കുന്നു- മരണംതന്നെ; എന്നാൽ ദൈവത്തിന്റെ കൃപാവരം നമ്മുടെ കർത്താവായ ക്രിസ്തുയേശുവിൽ ഏകീഭവിച്ചുള്ള അനശ്വരജീവനത്രേ." റോമർ 6:23

# വോട്ടിംഗ്

ഈ ബൈബിൾ കഥ നടക്കുമ്പോൾ പുരുഷാരത്തിനിടയിൽ കുട്ടികളും ഉണ്ടായിരുന്നതായി ഭാവനയിൽ സങ്കൽപ്പിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. അവർ ചുറ്റുമുള്ള ജനത്തിന്റെ മുഖത്തേക്ക് നോക്കിയിരുന്നുവെങ്കിൽ ആളുകൾ ചിന്തിക്കുന്നതും അവർക്ക് തോന്നുന്നതും എന്തായിരിക്കും എന്നാണ് അവർ കരുതുന്നത്?


-മോശമായ നിലയിൽ പാപം ചെയ്ത സ്ത്രീയെ ശിക്ഷ വിധിക്കാതെയിരുന്ന യേശുവിന്റെ മനോഭാവം കണ്ട മതനേതാക്കന്മാരുടെ മാനസികാവസ്ഥ എന്തായിരുന്നു?
അവർക്ക് അവളോട് ഭയങ്കര ദേഷ്യം തോന്നി. അവർക്ക് അവളെ കല്ലെറിഞ്ഞു കൊല്ലണമായിരുന്നു.

-അവർക്ക് അവളോട് സന്തോഷമായിരുന്നോ! അവൾ പാപം ചെയ്തതിൽ ദുഃഖവും സ്വതന്ത്രയായി നല്ല ഒരു ജീവിതം രണ്ടാം അവസരത്തിൽ തിരഞ്ഞെടുത്തതിൽ സന്തോഷവും അവർക്ക് തോന്നിയോ?


2 ടൈം വോട്ടിംഗ്
സ്ത്രീ വ്യഭിചാര കർമ്മത്തിൽ പിടിക്കപ്പെടുന്നു
നോക്കിയിരുന്നുവെങ്കിൽ ആളുകൾ ചിന്തിക്കുന്നതും അവർക്ക് തോന്നുന്നതും എന്തായിരിക്കും എന്നാണ് അവർ കരുതുന്നത്?

| നോക്കിയിരുന്നുവെങ്കിൽ ആളുകൾ ചിന്തിക്കുന്നതും അവർക്ക് തോന്നുന്നതും എന്തായിരിക്കും എന്നാണ് അവർ കരുതുന്നത്? | അവർക്ക് അവളോട് സന്തോഷമായിരുന്നോ! അവൾ പാപം ചെയ്തതിൽ ദുഃഖവും സ്വതന്ത്രയായി നല്ല ഒരു ജീവിതം രണ്ടാം അവസരത്തിൽ തിരഞ്ഞെടുത്തതിൽ സന്തോഷവും അവർക്ക് തോന്നിയോ? |
| --- | --- |
| ഈസി | |
| മീഡിയം | |
| പ്രയാസമേറിയത് | |
| അഡ്വാൻസ്ഡ് | |

Equip & Grow



# ദിവസം 2 സ്റ്റുഡന്റ് ബുക്ക്സ്

## മുതിർന്ന വിദ്യാർത്ഥികൾക്കുള്ള ചോദ്യങ്ങളും ഉത്തരങ്ങളും

**1.തെറ്റായ എന്തെങ്കിലും കാര്യങ്ങൾ ചെയ്തതിന് ആളുകൾ മറ്റുള്ളവരെ ശിക്ഷിച്ച ശിക്ഷാ രീതികളെക്കുറിച്ചുള്ള ഒരു ലിസ്റ്റ് ഓരോ ക്ലാസ്സുകളും തയ്യാറാക്കണം. ചെറിയ ശിക്ഷയിൽ നിന്ന് വലിയ ശിക്ഷ് വരെ എന്നുള്ള നിലയിലാകണം ലിസ്റ്റ് തയ്യാറാക്കേണ്ടത്.**

അമ്മ ദേഷ്യപ്പെട്ടു നോക്കി, ടെലിവിഷൻ കാണുന്ന സമയം നഷ്ടപ്പെട്ടു, കയ്യിൽ ചെറിയ അടി കിട്ടി, ആക്രോശിച്ചു, ഒരു സമയം വരെ മുറിയിൽ പൂട്ടിയിട്ടു, ഒരാഴ്ചയോളം നിലത്തു കിടത്തി, ഇഷ്ടപ്പെട്ട ഭക്ഷണമോ പാനീയമോ നൽകുന്നത് വിലക്കി, അടിച്ചു, കല്ലെറിഞ്ഞു കൊന്നു.

**2.സ്കൂളിലെ നിയമമോ പുറമേയുള്ള ഏതെങ്കിലും ഒരു നിയമമോ മോശമായ നിലയിൽ ലംഘിക്കുകയും അതിൽ പിടിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യാതെ രക്ഷപ്പെട്ട ഏതെങ്കിലും വ്യക്തികളെ നിങ്ങൾക്ക് അറിയാമോ?**

ഉദാഹരണം നൽകേണ്ടതിന് കുട്ടികളെ സഹായിക്കുവാൻ പ്രാദേശിക വാർത്തകളെ ഉദാഹരണമായി നൽകാവുന്നതാണ്. നിങ്ങൾ ചെയ്ത ഒരു തെറ്റ് പിടിക്കപ്പെടാതെയിരുന്ന വ്യക്തിപരമായ അനുഭവത്തെക്കുറിച്ചും അത് നിങ്ങളിൽ ഉണ്ടാക്കിയ മനോവികാരത്തെ കുറിച്ചും ഉദാഹരണമായി പറയുക. ഒടുവിൽ നിങ്ങൾ കുറ്റം സമ്മതിച്ചുവോ?

**3.നിങ്ങളുടെ എല്ലാ തെറ്റായ പ്രവർത്തികളും എല്ലാ വയ്ക്കുകയും നിങ്ങളുടെ മാതാപിതാക്കളിൽ നിന്നും ഒളിപ്പിച്ചുവയ്ക്കാൻ കഴിയും എന്ന് നിങ്ങൾ കരുതുന്നുണ്ടോ? ദൈവത്തിൽ നിന്ന് മറച്ചു വയ്ക്കാൻ കഴിയും എന്ന് കരുതുന്നുണ്ടോ?** ഉല്പത്തി 3:8; യിരെമ്യാവ് 23:24, യോശുവ 7:19.

**4.നിങ്ങളുടെ അദ്ധ്യാപകനിൽ നിന്നോ അമ്മയിൽ നിന്നോ അച്ഛനിൽ നിന്നോ പോലീസിൽ നിന്നോ ഒരു തെറ്റ് മറച്ചു പിടിക്കേണ്ടതിന് നാം എന്ത് ചെയ്യും.**

ഉത്തരങ്ങൾ പലതാണെങ്കിലും ഒരു കള്ളത്തെ മറയ്ക്കാൻ മറ്റൊരു കള്ളം പറയുന്നത് പോലെ ഒരു പാപത്തിൽ നിന്നും മറ്റൊരു പാപത്തിലേക്ക് നാം നയിക്കപ്പെടും എന്ന് കുട്ടികൾ മനസ്സിലാക്കും.

## അഡ്വാൻസ്ഡ് – പ്രയാസമേറിയത്

ഉത്തരങ്ങൾ

- വ്യത്യസ്തങ്ങളായ ശിക്ഷാ നടപടികളെക്കുറിച്ച് ഒരു തുറന്ന ചർച്ച ക്ലാസ്സിൽ നടത്തുകയും പാഠം കൂടുതൽ താല്പര്യജനകവും ഈ കാലത്തിൽ അത് എപ്രകാരം പ്രായോഗിക തലത്തിൽ കൊണ്ടുവരാം എന്നതിനെക്കുറിച്ചും കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുക.

ഇത് എല്ലാവരും ചെയ്യുന്ന കാര്യമാണ്" എന്നുകരുതി നാം രക്ഷപ്പെടുവാൻ സാദ്ധ്യതയുള്ള കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക.

കുട്ടികൾ ആയിരിക്കുമ്പോൾ നാം ചെയ്യുന്ന കാര്യങ്ങളെല്ലാം ശരിയായ നിലയിൽ തന്നെ ചെയ്യുവാൻ പഠിക്കണം എന്ന് മാതാപിതാക്കൾ ആഗ്രഹിക്കുന്നതിന്റെ കാരണത്തെക്കുറിച്ച് പറയുക. കുട്ടികൾ തങ്ങളുടെ ജീവിതത്തിലെ പ്രധാന പാഠം മനസ്സിലാക്കുന്നില്ലായെങ്കിൽ ശിക്ഷാ നടപടികളോട് കൂടെ അവരെ അത് പഠിപ്പിക്കുന്നത് സ്നേഹം നിമിത്തമാണ്.

### ഓരോ വിഷയങ്ങൾക്കും അനുയോജ്യമായ ശിക്ഷാ നടപടികൾ ചേരുംപടി ചേർക്കുക.

**മിഠായി മോഷ്ടിക്കുക**
**കൊലപാതകം നടത്തുക**
**പരീക്ഷയിൽ ക്രമക്കേട് കാണിക്കുക**
**ക്രിസ്ത്യാനി അല്ല എന്ന് അഭിനയിക്കുക**
**മധുര പലഹാരം മോഷ്ടിക്കുക**
**നിങ്ങൾ ചെയ്യേണ്ടതായ പ്രവർത്തി ചെയ്യാതിരിക്കുക**
**നിങ്ങളുടെ സഹോദരിയുടെ എന്തെങ്കിലും ഒന്ന് മോഷ്ടിക്കുക**
**നായയെ അടിക്കുകയോ തൊഴിക്കുകയോ ചെയ്യുക**
**നല്ല ഭക്ഷണം ദൂരെ വലിച്ചെറിഞ്ഞു കളയുക**
**ആരെയെങ്കിലും കുറച്ച് കുറ്റം പറയുക**
**ഉപയോഗിച്ച പശ ഫർണിച്ചറിൽ ഒട്ടിച്ചു വയ്ക്കുക**
**ഭക്ഷണ സമയത്ത് പ്രാർത്ഥിക്കാൻ മറക്കുക**
**യേശുവിനെ ഉപേക്ഷിക്കുക**
**രോഗമാണെന്ന് അഭിനയിക്കുക**
**പാപം ചെയ്യുക**

**സമയം പാഴാക്കുക**
**മരണം**
**ജയിൽ**
**അടിക്കുക**
**എല്ലാവരും ചെയ്യുന്ന കാര്യമാണ് എന്ന് കരുതി അത് മറക്കുക**
**ക്ഷമിക്കണം എന്ന് പറയുക**
**ക്ഷമ ചോദിക്കുക**
**ഇത് ഒരിക്കലും ചെയ്യില്ല എന്ന് സത്യം ചെയ്യുക**
**പണം കൊടുക്കുക**
**നിങ്ങളുടെ മുറിയിലേക്ക് പോകുക**
**ഭക്ഷണം കഴിക്കാതിരിക്കുക**
**ശകാരിക്കുക**
**പിടിച്ചു വയ്ക്കുക (എന്തെങ്കിലും തിരികെ നൽകാതെ പിടിച്ചു വയ്ക്കുക)**

**മറഞ്ഞു കിടക്കുന്ന എട്ട് കുരിശുകൾ കണ്ടെത്തുകയും ചിത്രത്തിന് നിറം കൊടുക്കുകയും ചെയ്യുക.**



# സ്റ്റുഡന്റ് ബുക്ക്സ്


## പദപ്രശ്നം

ചിത്രത്തിലേക്ക് ചൂണ്ടിക്കാണിക്കുന്ന അമ്പടയാളത്തിൽ നിന്ന് ആരംഭിച്ച് എക്സിറ്റ് അടയാളത്തിലേക്ക് വരകളൊന്നും കടക്കാത്ത ഒരു തുറന്ന പാത കണ്ടെത്തുക.




**ചിത്രത്തിൽ ഇല്ലാത്തത് വരച്ച് ചേർക്കുക.**


### അഡ്വാൻസ്ഡ് – പ്രയാസമേറിയത്



### മീഡിയം



### ഈസി



### വാക്കുകൾ കണ്ടെത്തുക

| | | | | | | | | |
|---|---|---|---|---|---|---|---|---|
| രാ | ജാ | വ് | ജ | ക | പോ | ക | എ | അ |
| പ്ര | വാ | രും | എ | യി | ള്ള | അ | വാ | ന |
| പോ | ണ്ട | വ | വാ | ൻ | ൽ | നി | സ | സ |
| പ | ഡ് | ല്ലാ | അ | പ്ര | ഹ | രം | പ | ര |
| നി | രാ | എ | തി | പോ | ല | റ്റി | സ് | ണ |
| വാ | ത്യ | ഫ | പോ | നി | ക്ക | ജ്ജ | ജ | ക്കേ |
| നി | ലം | ത | ലി | ൽ | ക | റ | പ്ര | ട് |
| സ | മ്മാ | നം | സ് | സ | പാ | രാ | ശി | എ |
| അ | ജ | ലം | ഫ | ത | ണി | രി | പ | ക്ഷ |
| പോ | ക്ക | റ്റ | ടി | നി | പോ | പ | ജ | പ്ര |

ജയിൽ
വാണ്ടഡ്
പോക്കറ്റടി
അനുസരണക്കേട്
പ്രഹരം
പ്രതിഫലം
എല്ലാവരും
ശിക്ഷ
നിത്യത
സമ്മാനം
പറ്റിക്കൽ
രാജാവ്
പരിണിതഫലം
ലജ്ജ
കള്ളൻ
പാറ
പോലീസ്

# കളിമണ്ണ് ഉപയോഗിച്ചുള്ള ബൈബിൾ കഥാ അവതരണം

ഇന്നത്തെ ബൈബിൾ കഥയ്ക്കായി കളിമണ്ണ് എടുക്കുക!

പുരുഷാരം ചുറ്റും കൂടി നിൽക്കുമ്പോൾ യേശു അവരുടെ നടുവിൽ നിന്നുകൊണ്ട് പഠിപ്പിക്കുകയായിരുന്നു. കളിമണ്ണ് കൊണ്ട് ആൾക്കൂട്ടത്തെ ഉണ്ടാക്കുക. പുരുഷാരം തിങ്ങിക്കൂടി നിൽക്കുമ്പോൾ ചില മതനേതാക്കൾ വ്യഭിചാര കർമ്മത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ കൊണ്ടുവന്നു. അവർ അവളെ അവരുടെ നടുവിൽ നിർത്തി.
കളിമണ്ണുകൊണ്ട് ആ സ്ത്രീയെ ഉണ്ടാക്കുക.
അവളുടെ പാപം ആളുകളുടെ മുമ്പിൽ വിളിച്ച് പറയുമ്പോൾ അവളുടെ മനോഭാവം എന്തായിരിക്കും എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അതാകെ ലജ്ജ ആയിരിക്കും. അപമാനം കൊണ്ടും ലജ്ജ കൊണ്ടും അവൾ കുനിഞ്ഞു വീണത് പോലെ കളിമൺ പ്രതിമ രൂപകൽപ്പന ചെയ്യുക. ഇപ്പോൾ അവൾക്ക് ഒരു വിഷാദ മുഖം നൽകുക.
എന്താണ് ചെയ്യേണ്ടത് എന്നവർ യേശുവിനോട് ചോദിച്ചു. അവർ എല്ലാവരോടും അവളുടെ പാപത്തെക്കുറിച്ച് പറയുകയും അവളെ കൊല്ലാൻ തുനിയുകയും ചെയ്തു. അതാണ് ശരി, അവളുടെ പാപത്തിനുള്ള പൊതുശിക്ഷ മരണമാണ്. അവർ കല്ല് എടുക്കുകയും അവളെ എറിഞ്ഞു കൊല്ലുവാൻ പദ്ധതി ഇടുകയും ചെയ്തു.

(അവളെ എറിയാൻ എടുക്കുന്ന കല്ലുകൾ പോലെയുള്ള പാറ കഷണങ്ങൾ കളിമണ്ണ് കൊണ്ട് ഉണ്ടാക്കുക).
ബൈബിൾ പറയുന്നു
"യേശുവോ കുനിഞ്ഞു വിരൽകൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു; അവർ അവനോടു ചോദിച്ചു കൊണ്ടിരിക്കുമ്പോൾ അവൻ നിവർന്നു നിങ്ങളിൽ പാപം ഇല്ലാത്തവൻ ഇവളെ ഒന്നാമതു കല്ലെറിയട്ടെ എന്ന് അവരോടു പറഞ്ഞു. പിന്നെയും കുനിഞ്ഞു വിരൽ കൊണ്ട് നിലത്ത് എഴുതിക്കൊണ്ടിരുന്നു."
കളിമണ്ണുകൊണ്ട് യേശുവിന്റെ രൂപം ഉണ്ടാക്കുക.
'അവർ അതുകേട്ടിട്ട് മൂത്തവരും ഇളയവരും ഓരോരുത്തരായി വിട്ടുപോയി. യേശു മാത്രവും സ്ത്രീയും നടുവിൽ നിന്നു. യേശു നിവർന്നു അവളോടു സ്ത്രീയേ അവർ എവിടെ നിനക്കാരും ശിക്ഷ വിധിച്ചില്ലയോ? എന്ന് ചോദിച്ചതിനു
ഇല്ല കർത്താവേ എന്നവൾ പറഞ്ഞു.
ഞാനും നിനക്ക് ശിക്ഷ വിധിക്കുന്നില്ല. പോക ഇനി പാപം ചെയ്യരുത് എന്ന് യേശു പറഞ്ഞു. (കുട്ടികളുടെ കയ്യിൽ നിന്നും കളിമണ്ണ് തിരികെ വാങ്ങുക.)



# മനഃപാഠ വാക്യം മനഃപാഠ വാക്യ ടൈം

മനപ്പാഠ വാക്യം ബോർഡിൽ എഴുതുക ഓരോ സമയം ഓരോ വാക്കുകൾ വീതം തുടച്ചു മാറ്റുക. ആ വാക്യം ആവർത്തിച്ച് പറയുവാൻ കുട്ടികളോട് പറയുക.

നിങ്ങൾക്ക് വൈറ്റ് ബോർഡോ ചോക്ക് ബോർഡോ ഇല്ലെങ്കിൽ ഓരോരുത്തരും കാർഡിലോ പേപ്പറിലോ എഴുതാവുന്നതാണ്. ഓരോ തവണയും വാക്കുകൾ മായിക്കുമ്പോൾ വാക്യത്തിനു മീതേ പെപ്പാർ കൊണ്ട് മറയ്ക്കുക. അവർ ആ വാക്യം കാണാതെയിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. ആ വാക്യം തുടച്ചു നീക്കുന്നത് വരെ കടലാസ് കൊണ്ട് മറയ്ക്കുകയോ മൂടി വയ്ക്കുകയോ ചെയ്യുക. അപ്പോൾ അവർ വായിക്കുവാൻ കഴിയുന്നത് പോലെ വാക്യം മനഃപ്പാഠം പറയും

# സ്നാക്ക് കപ്പ് കേക്കും ജെംസും



1. നിങ്ങളുടെ കുട്ടികൾക്ക് ആവശ്യമായ കപ്പ് കേക്ക് ഉണ്ടാക്കുകയോ ബേക്കറിയിൽ നിന്ന് വാങ്ങുകയോ ചെയ്യുക. കേക്കിന്റെ മുകൾ ഭാഗം ക്രീം കൊണ്ട് അലങ്കരിച്ചിരിക്കണം.
2. ജെംസ് മിഠായികൾ വാങ്ങുക.

ഇന്ന് നിങ്ങളുടെ കുട്ടികൾ കപ്പ് കേക്കും ജെംസും കൊണ്ട് ആഘോഷമാക്കും. ഇന്ത്യയിൽ വളരെ സുലഭമായ ജെംസ് മിഠായി കൊണ്ട് കേക്ക് അലങ്കരിക്കുക. കുട്ടികൾ ജെംസ് മിഠായി പല രൂപത്തിൽ കളറുകളുടെ അടിസ്ഥാനത്തിൽ അലങ്കരിക്കുന്നത് അവർക്ക് രസകരമായ അനുഭവം ആയിരിക്കും. ഒന്നുകിൽ കപ്പ് കേക്ക് ഉണ്ടാക്കുകയോ അല്ലെങ്കിൽ നിങ്ങളുടെ അടുത്തുള്ള ബേക്കറിയിൽ നിന്ന് വാങ്ങുകയോ ചെയ്യാം. ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെയുള്ള കേക്ക് മേടിക്കാവുന്നതാണ്.

# ക്രാഫ്റ്റ് ഡോർ ഹാംഗർ



**മെറ്റീരിയൽസ്:**

- ഓരോ കുട്ടികൾക്കും കോട്ടയുടെ ചിത്രം പ്രിന്റെടുത്ത് നൽകുക.

കത്രിക, പശ

റിബൺ

ചുരുണ്ടിരിക്കുന്ന റിബൺ

പേപ്പർ പഞ്ച്

കളറുകൾ

**നിർദ്ദേശങ്ങൾ:**

സ്റ്റെപ് 1. കോട്ടയ്ക്ക് നിറം നൽകുക അല്ലെങ്കിൽ അലങ്കരിക്കുന്നു

സ്റ്റെപ് 2. കുത്തിട്ട വരകളിലൂടെ ചിത്രം വെട്ടിയെടുക്കുക

സ്റ്റെപ് 3. അതിന്റെ വശത്തായി ഹുക്കിടുവാനായി അനേകം ഹോളുകൾ ഉണ്ടാക്കുക, ഇത് ആവശ്യമെങ്കിൽ ചെയ്താൽ മതി

സ്റ്റെപ് 4. റിബണോ, ചുരുണ്ട റിബണോ ആ ഹോളിനുള്ളിലെക്ക് കയറ്റുക. അവിശ്വസനീയമായ ഡോർ ഹാംഗർ റെഡി.

# ക്രാഫ്റ്റ് 2 – ഡോർ ഹാൻഗർ






# 3 ജാമ്യം

## ബൈബിൾ കഥ: യേശു ക്രൂശിൽ മരിക്കുന്നു

## നാടകം/സ്കിറ്റ്

ചീഫ് ഇൻസ്പെക്ടർ: നിങ്ങൾ രണ്ടു പേരും ഉണരൂ

പട്ല്: എന്ത്? എന്താണ് പ്രശനം (പാതിയുറക്കത്ത്തിൽ എഴുന്നേറ്റ് നിന്നുകൊണ്ട്)

മോട്ടൂ: (കിടന്നയിടത്തു നിന്ന് ചാടിയെഴുന്നേല്ക്കുന്നു). എന്താണ് പ്രശ്നം? നിങ്ങൾ ഒറ്റപ്പെട്ടു പോയിയെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? നിങ്ങൾക്ക് ഒരു കഥ കേൾക്കണം എന്ന് ആഗ്രഹം ഉണ്ടോ?

ചീഫ് ഇൻസ്പെക്ടർ: ഓ ഇല്ല, ഇനിയൊരു കഥ കേൾക്കേണ്ട. നിങ്ങൾക്ക് ഒരു ഓഫർ ഉണ്ട് എന്ന് പറയാനാണ് ഞാൻ വന്നത്.

പട്ല്: എന്ത് ഓഫർ?

ചീഫ് ഇൻസ്പെക്ടർ:നിങ്ങളെ ഇവിടെ വന്ന് സന്ദർശിക്കുവാൻ നിങ്ങൾക്ക് സുഹൃത്തുക്കൾ ആവശ്യമുണ്ടോ?

മോട്ടൂ: ഞാൻ ഒന്ന് ആലോചിക്കട്ടെ... ഇല്ല, അങ്ങനെയാരുമില്ല.

പട്ല്: എനിക്കും ഇല്ല

ചീഫ് ഇൻസ്പെക്ടർ: ഒരു മനുഷ്യൻ ഓഫറുമായി വന്നിട്ടുണ്ട്.

പട്ല്: ജോലിയുടെ ഓഫർ വല്ലതുമാണോ?

ചീഫ് ഇൻസ്പെക്ടർ: അതേ, അതുപോലെ ഒന്നാണ്.

മോട്ടൂ: ഞങ്ങൾക്ക് ജോലി വേണ്ട അല്ലേ പട്ല് ? ഞങ്ങൾ (പക്ഷികളെപ്പോലെ കൈകൾ വിരിച്ചു കൊണ്ട്) സ്വതന്ത്രരാണ്.

ചീഫ് ഇൻസ്പെക്ടർ: ഇവിടെ നിങ്ങൾ സ്വതന്ത്രരല്ല. അത് നിങ്ങൾക്ക് അറിയാമോ? ഒരുപക്ഷേ നിങ്ങൾ ആ വ്യക്തി പറയുന്നത് കേൾക്കണം.

പട്ല്: ഞങ്ങൾക്ക് ഇന്ന് വരെ ഒരു സന്ദർശകരും ഉണ്ടായിട്ടില്ല. എങ്കിലും ഞങ്ങൾക്ക് ആ ഓഫറിനെക്കുറിച്ച് കേൾക്കണം.

ചീഫ് ഇൻസ്പെക്ടർ: ഞാൻ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ഓഫറിനെയും അല്പ നിമിഷത്തിനകം ഇവിടെ കൊണ്ടുവരാം. ഇന്ന് വരെ ഞാൻ കേട്ടതിൽ വെച്ച് ഏറ്റവും നല്ല ഓഫർ.

പട്ല്: താങ്കൾ അത് കേട്ടോ? ഞങ്ങളും അത് കേൾക്കട്ടെ.

മോട്ടൂ: എനിക്കറിയില്ല

പട്ല്: (മോട്ടുവിന്റെ തലയുടെ പിൻഭാഗത്ത് അടിക്കുന്നു)

മോട്ടൂ: നമുക്കത് കേൾക്കണം

പട്ല്: നമുക്ക് നേരെ ചീഫ് ഇൻസ്പെക്ടറിന്റെ അടുത്ത് പോകാം. അദ്ദേഹത്തെ ഇവിടെ കൊണ്ടുവരാൻ പറയാം.

ചീഫ് ഇൻസ്പെക്ടർ: ഇവിടെയല്ല, നിങ്ങൾ മലമുകളിലുള്ള കോട്ടയിൽ പോകണം.

പട്ല്: ഞങ്ങൾ ജയിലിനു പുറത്ത് പോകണം എന്നാണോ? ഞങ്ങൾ ഓടി പോയാൽ എന്ത് ചെയ്യും?

ചീഫ് ഇൻസ്പെക്ടർ: നിങ്ങൾക്ക് കാര്യം മനസ്സിലായില്ല അല്ലേ? നിങ്ങളെ ഇവിടെ നിന്ന് പുറത്ത് വിടുവാൻ അദ്ദേഹം നിങ്ങൾക്ക് ജാമ്യം എടുത്തിട്ടുണ്ട്. നിങ്ങൾക്ക് പോകാൻ സ്വാതന്ത്ര്യം ഉണ്ട്. അദ്ദേഹം തന്നെയാണ് നിങ്ങൾക്ക് ജാമ്യം നിൽക്കുന്നത്

മോട്ടൂ: (വളരെ ആശ്ചര്യത്തോടെ സംസാരിക്കുന്നു). പിടിക്കപ്പെട്ടത് കൊണ്ട് നാം വിഡ്ഢികൾ ആണെന്ന് ചിന്തിക്കുന്നു. ആരാണ് വിഡ്ഢിയെന്ന് ഇപ്പോൾ നോക്കൂ. നാം ആ മലമുകളിൽ പോയി അദ്ദേഹം പറയുന്ന ഓഫർ ശ്രദ്ധിക്കുന്നില്ലായെങ്കിൽ എന്താണ് സംഭവിക്കാൻ പോകുന്നത്?

പട്ല്: ഇവിടെ നിന്ന് പുറത്ത് പോകുക എന്ന് പറയുന്നത് തന്നെ വലിയ കാര്യമാണ്. നാം വേഗത്തിൽ കാര്യങ്ങൾ ചെയ്യണമെന്ന് എനിക്ക് തോന്നുന്നു. നമുക്ക് പോകാം.

മോട്ടൂ: കോട്ടയിലെക്കാണോ? അതോ മുൻപ് നാം ഒളിച്ചിരുന്ന സ്ഥലത്തേക്കോ?

പട്ല്: നാം കോട്ടയിലേക്ക് കയറി ചെല്ലുന്നില്ലായെങ്കിൽ അദ്ദേഹം എങ്ങനെ നമ്മേ കണ്ടെത്തും. അതോ വിധിക്കുന്ന ഇടത്തേക്ക് നാം പോകണമോ? അദ്ദേഹം രാജാവിനോടും രാജ്ഞിയോടും എന്തായിരിക്കും പറഞ്ഞിരിക്കുക.

ചീഫ് ഇൻസ്പെക്ടർ: “അദ്ദേഹം രാജാവിനോടും രാജ്ഞിയോടും എന്തായിരിക്കും പറഞ്ഞിരിക്കുക” എന്നതുകൊണ്ട് നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്. അദ്ദേഹം രാജാവാണ് നിങ്ങൾ എന്തെല്ലാം കാര്യം ചെയ്തു എന്ന് അദ്ദേഹത്തിന് അറിയാം. നിങ്ങൾ അവിടെ ചെല്ലുന്നില്ലായെങ്കിൽ അതും അദ്ദേഹം അറിയും. നിങ്ങൾക്കുള്ള നല്ല ഓഫറുകൾ അദ്ദേഹത്തിന്റെ കൈകളിൽ ഉണ്ട്.

പട്ല്: ഞങ്ങൾ പുറത്ത് പോകാനുള്ള ഞങ്ങളുടെ പദ്ധതിയിൽ ഈ വാർത്ത വലിയ വഴിത്തിരിവായല്ലോ, അല്ലേ?

മോട്ടൂ: അതേ ഞാനും അങ്ങനെ കരുതുന്നു. അദ്ദേഹത്തിന്റെ ഓഫർ കേൾക്കുവാൻ നമ്മൾക്ക് പോകണം (തലക്ക് പിന്നിൽ പട്ല് അടിക്കും എന്ന് കരുതി മാറി കളയുന്നു, എന്നാൽ പട്ല് ശ്രദ്ധിക്കുന്നതേയില്ല)

# പ്രധാന പാഠം

മത്തായി 26-27

നിങ്ങളെ ആവശ്യമുണ്ട്.
നിങ്ങൾ ജയിലിൽ അടയ്ക്കപ്പെട്ടു. ജനം പുറത്ത് നിങ്ങളെ കാത്ത് നിൽപ്പുണ്ട്. നിങ്ങൾ പിടിക്കപ്പെടുകയും ജയിലിലേക്ക് എറിയപ്പെടുകയും ചെയ്തു. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ ജാമ്യം ലഭിച്ചിരിക്കുന്നു. അത് നീതിയാണ്. നിങ്ങൾ സ്വതന്ത്രരാകാൻ ആരോ നിങ്ങൾക്ക് വേണ്ടി മോചന തുക ഓഫർ ചെയ്തിരിക്കുന്നു. എന്നാൽ നിങ്ങൾ ഇപ്പോഴും സ്വതന്ത്രരല്ല എന്ന് നിങ്ങൾക്ക് തോന്നുന്നു, അല്ലേ? നിങ്ങളുടെ പാപങ്ങളെക്കുറിച്ചും കള്ളങ്ങളെക്കുറിച്ചും തെറ്റുകളെക്കുറിച്ചും നിങ്ങൾക്ക് ഓർക്കാൻ കഴിയുന്നുണ്ട്.
നിങ്ങൾ ഈ അടുത്ത കാലത്ത് ചെയ്ത തെറ്റിന് നീയും നിങ്ങളുടെ സുഹൃത്തുക്കളും ഇപ്പോഴും പ്രശ്നത്തിൽ ആയിരിക്കുന്നു. വാസ്തവത്തിൽ നാം വീട്ടിൽ ചെയ്യുമ്പോൾ ശിക്ഷിക്കപ്പെടാം!
ഇന്നത്തെ നമ്മുടെ മനഃപ്പാഠവാക്യം "ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു." റോമർ 5:8.
നിങ്ങൾ ആദ്യത്തെ പാഠം ഓർക്കുന്നുണ്ടോ? നാം എല്ലാവരും പാപം ചെയ്തു!
നാം ഇന്നലത്തെ വിഷയം ഓർക്കുന്നുണ്ടോ? നാം എല്ലാവരും പിടിക്കപ്പെട്ടു ജയിലിൽ അടയ്ക്കപ്പെട്ടു.
ആ പാപത്തിന്റെ പരിഹാരത്തിനായി ശരിയായ ഒരു വീണ്ടെടുപ്പ് വില നൽകേണ്ടതായിരുന്നു. ഇന്നത്തെ നാടകത്തിൽ നാം കണ്ടതുപോലെ അവർക്ക് ജാമ്യം കിട്ടുകയും ഓഫർ ലഭിക്കുകയും ചെയ്തു.
നിങ്ങൾ മോഷ്ടിച്ചതിനും എന്തെങ്കിലും നശിപ്പിച്ചതിനും പകരമായി നഷ്ടപരിഹാരം നൽകി കൊണ്ട് എന്നെങ്കിലും നിങ്ങളുടെ സൗഹൃദം നിങ്ങൾ പുനസ്ഥാപിച്ചിട്ടുണ്ടോ? നിങ്ങൾ ആരുടെ സാധന സാമഗ്രികൾ ആണോ നശിപ്പിച്ചിട്ടുള്ളത് അവരോടുള്ള സൗഹൃദം പുനസ്ഥാപിക്കുവാൻ സാധാരണമായ ഒരു നഷ്ടപരിഹാരം കൊടുത്താൽ മതിയാകും. നാമും ദൈവത്തിന്റെ മുൻപാകെ നഷ്ടപരിഹാരം നൽകേണ്ടവരാണ്. പാപം ചെയ്തവരെല്ലാം ദൈവവുമായുള്ള ബന്ധം പുനസ്ഥാപിക്കേണ്ടതാണ്.
എന്നാൽ ദൈവം സ്നേഹ സമ്പന്നനാകയാൽ ദൈവവുമായുള്ള ബന്ധം പുനസ്ഥാപിക്കുവാൻ അവിടുന്ന് നമുക്കൊരു വഴിയൊരുക്കി.
യേശു അന്ത്യ അത്താഴത്തിന് തന്റെ ആത്മ സ്നേഹിതരായ ശിഷ്യന്മാരുമായി ഒരുമിച്ചിരുന്നു.
ആ അത്താഴത്തിൽ അവനെ തള്ളിപ്പറയാൻ പോകുന്ന രണ്ടുപേർ ഉണ്ടായിരുന്നു. അവനെ ക്രൂശിക്കുവാൻ കാത്തിരുന്ന ആളുകൾക്ക് യേശുവിനെ കാണിച്ചു കൊടുത്ത് യൂദാസ് യേശുവിനെ വഞ്ചിച്ചു. യേശുവിനെ അരമനയിൽ വിസ്തരിക്കുമ്പോൾ ആരോ പത്രോസിനോട് ചോദിച്ചു നീയും അവനൊപ്പം ഉണ്ടായിരുന്നവല്ലോ. പത്രോസ് പറഞ്ഞു "ഇല്ല" ഒരു തവണയല്ല മൂന്നു തവണ പത്രോസ് യേശുവിനെ മൂന്നാം തവണ തള്ളിപ്പറഞ്ഞപ്പോൾ യേശു മുൻ പറഞ്ഞിരുന്നത് പോലെ കോഴി കൂകി.
യേശുവിനെ തള്ളിപ്പറഞ്ഞതിലൂടെ ഇവർ രണ്ടു പേരും പാപം ചെയ്തു. നമ്മെപ്പോലെ തന്നെ അവരുടെ പാപത്തിനും ശിക്ഷ മരണം തന്നെയാണ്. ഈ രണ്ടു ശിഷ്യന്മാർ തള്ളിപ്പറഞ്ഞനന്തരം വലിയ പുരുഷാരം അവനെ വിധിക്കുന്നത് കേൾക്കാൻ കൂടി വന്നു. അവനെ ക്രൂശിക്കുക എന്ന് അവർ വിളിച്ചു പറഞ്ഞു. നാം നമ്മുടെ പാപങ്ങളിൽ മരിക്കാതിരിക്കേണ്ടതിന് യേശു ക്രൂശിൽ മരിച്ചു. അവൻ സമ്പൂർണ്ണനാകയാൽ അവന്റെ മരണം സകല മനുഷ്യരുടേയും പാപം ക്ഷമിക്കാൻ തക്ക നിലയിൽ പര്യാപ്തമായിരുന്നു. ദൈവവുമായി ഉണ്ടായിരുന്ന നമ്മുടെ ശത്രുതയ്ക്ക് യേശു മാറ്റം വരുത്തി. നാം സമ്പൂർണ്ണരാകുന്നതിനു പകരം നമ്മുടെ പാപങ്ങൾക്കായുള്ള അവന്റെ മരണത്തെ നാം അംഗീകരിക്കുക മാത്രമാണ് ചെയ്യേണ്ടത്. അവന്റെ മരണം നമ്മുടെ അപൂർണ്ണത മാറ്റുന്നു. പത്രോസും യൂദാസും പാപം ചെയ്തു. യൂദാസ് യേശുവിന്റെ യാഗത്തെ അംഗീകരിച്ചില്ല. എന്നാൽ പത്രോസ് യേശുവിന്റെ യാഗത്തെ അംഗീകരിച്ചു. യേശു മരിച്ച് ഉയർത്തെഴുന്നേറ്റതിന് ശേഷം അവിടുന്ന് ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. മൂന്നാം തവണ പത്രോസ് യേശുവിനെ കാണുമ്പോൾ അവൻ മീൻപിടിക്കുകയായിരുന്നു. അവൻ കടൽക്കരയിൽ പ്രത്യക്ഷനായി അത് യേശു ആണെന്ന് ശിഷ്യന്മാർ ഉടനെ മനസ്സിലാക്കി. പത്രോസ് വെള്ളത്തിലേക്ക് ചാടി. യേശുവിന്റെ അരികിലേക്ക് നീന്തി വന്നു. അവന്റെ പാപം ക്ഷമിച്ച് അവനോടായി ഇങ്ങനെ പറഞ്ഞു. "എന്നെ അനുഗമിക്കുക". നിങ്ങൾ ആരെയാണ് അനുഗമിക്കുക? പാപത്തെ സ്വയമായി ചുമന്ന യൂദാസിനെയാണോ അതോ ചെയ്തനന്തരം യേശുവിനെ അരികിലേക്ക് മടങ്ങി വരികയും യേശുവിനെ അനുഗമിക്കുകയും ചെയ്ത പത്രോസിനെയാണോ?
നാം ചെയ്ത പാപത്തിന്റെ പരിഹാരത്തിനായി യേശു മരിക്കുകയും ദൈവവുമായുള്ള ബന്ധം പുനസ്ഥാപിക്കുവാൻ പുതുവഴി ഒരുക്കുകയും ചെയ്തു. നമുക്കും യേശുവിനെ അനുഗമിക്കുവാനും നമുക്ക് അർഹമായ പാപത്തിന്റെ ശിക്ഷ സ്വീകരിക്കാതെയിരിക്കുവാനും കഴിയും.
നിങ്ങൾ അത് ഇഷ്ടപ്പെടുന്നുവോ?
പ്രാർത്ഥിക്കാം,
"യേശുവേ ഞാൻ എന്റെ പാപങ്ങളിൽ മരിക്കാതിരിക്കേണ്ടതിന് എനിക്ക് വേണ്ടി ക്രൂശിൽ മരിച്ചതിനു നന്ദി. എന്റെ പാപങ്ങളെ എന്നോട് ക്ഷമിക്കേണമേ. ഞാൻ അങ്ങയെ അനുഗമിക്കും. നന്ദി."
ഇന്നത്തെ നാടകത്തിൽ നാം കണ്ടതുപോലെ ഞാനും നിങ്ങളും ജയിലിൽ നിന്നും ജാമ്യം ലഭിച്ചവരാണ്. പുനസ്ഥാപിക്കപ്പെടുവാനുള്ള ഓഫർ നാം രാജാവിൽ നിന്ന് സ്വീകരിച്ചു. എന്നാൽ കഥയുടെ അവസാനം അതല്ല. നാളെ നാം നാടകത്തിന്റെ ബാക്കി ഭാഗം കാണുകയും ദൈവത്തെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും ചെയ്യും.

# മനപ്പാഠ വാക്യം

"എന്നാൽ നാം പാപികളായിരിക്കുമ്പോൾത്തന്നെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ ദൈവം നമ്മോടുള്ള സ്നേഹം പ്രകടമാക്കിയിരിക്കുന്നു."
റോമർ 5:8

# വോട്ടിംഗ്

ആര് കാരണമാണ് യേശു മരിച്ചത്?

*പൊന്തിയൊസ് പീലാത്തോസ് യേശുവിനെ മരണത്തിനു വിധിച്ചു. പടയാളികൾ ശിക്ഷ വിധിച്ചു.

* നമ്മുടെ പാപ പരിഹാരത്തിനായി ക്രൂശിൽ മരിക്കുവാൻ ദൈവം യേശുവിനോട് കൽപ്പിച്ചു. യേശു പിതാവിനെ അനുസരിക്കുകയും മരണം തിരഞ്ഞെടുക്കുകയും ചെയ്തു; ആരും നിമിത്തമല്ല അവിടുന്ന് മരിച്ചത്

.






# ദിവസം 3 സ്റ്റുഡന്റ് ബുക്ക്

## മുതിർന്ന വിദ്യാർത്ഥികൾക്കുള്ള ചോദ്യങ്ങളും ഉത്തരങ്ങളും

**1.ജാമ്യം നൽകുക എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?**

വ്യത്യസ്തങ്ങളായ കുറ്റ കൃത്യങ്ങൾക്ക് എങ്ങനെയുള്ള ജാമ്യമാണ് നൽകുന്നത്. ജാമ്യം നൽകുന്നതിലൂടെ കുറ്റം ചെയ്ത വ്യക്തി കോടതിയിൽ വരും എന്നും എങ്ങും ഓടി പോവുകയില്ലായെന്നും പശ്ചാത്താപം കൊണ്ട് ഒളിച്ചിരിക്കുകയില്ലായെന്നും ഉറപ്പ് നൽകുന്നു. ഓരോ രാജ്യങ്ങളിലും ഇത് വ്യത്യസ്തമായിട്ടാണ് നടപ്പാക്കുന്നത്. അമേരിക്കയിൽ ഓരോ സംസ്ഥാനങ്ങളിലും ഏറ്റവും കുറഞ്ഞത് എന്നും ഏറ്റവും കൂടിയത് എന്നും രണ്ടു മാനദണ്ഡങ്ങൾ വച്ചിട്ടുണ്ട്. നാശനഷ്ടങ്ങളുടെ 10% മുതൽ 20% വരെ എന്നിങ്ങനെയാണ് പലപ്പോഴും പറയുക. ഇത് വളരെ വലിയ അളവിലും നൽകാം (നിഷേധിക്കപ്പെടുകയും ചെയ്യാം) കോടതി പറഞ്ഞ ദിവസത്തിൽ പ്രതി ഹാജരായില്ലായെങ്കിൽ പിഴ കൂടും
മത്താ. 18:25-34.

**2.യേശു ഇത് എന്തിന് നൽകി? യേശു ചെയ്ത കുറ്റം എന്തായിരുന്നു?**

യേശു ക്രൂശിൽ മരിച്ചത് നിമിത്തം അവിടുന്ന് നമ്മുടെ പാപക്കടം നീക്കി. യേശുവിനെ രക്ഷകനായി അംഗീകരിക്കുകയും അവനെ വിശ്വസിക്കുകയും ചെയ്യുന്ന ഏവരേയും വീണ്ടെടുക്കുവാൻ ദൈവം പദ്ധതി ഇട്ടതിൽ പ്രകാരമാണ് യേശുവിനു ഈ പാപക്കടം വീട്ടേണ്ടി വന്നത്. പഴയ നിയമം അനുശാസിക്കുന്നത് പോലെ യാഗമാക്കപ്പെടേണ്ട കുഞ്ഞാട് ഊനമില്ലാത്തതും പൂർണ്ണതയുള്ളതും ആകണം. യേശുവും ഒരു പാപവും ചെയ്തിട്ടല്ല ക്രൂശിക്കപ്പെട്ടത്.

**3.ഇന്ന് ഏതെങ്കിലും നിഷ്കളങ്കരായ ആളുകൾ കുറ്റം ചുമത്തപ്പെട്ട് പിടിക്കപ്പെടുകയും ജയിലിൽ അടയ്ക്കപ്പെടുകയും മരണത്തിന് വിധേയനാക്കപ്പെടുകയും ചെയ്യുമോ? ദുഃഖത്തോടെ പറയട്ടെ ഇത് ഒരിക്കൽ സംഭവിച്ചിട്ടുണ്ട്. യേശുവിനെ തള്ളിപ്പറയാത്തത് നിമിത്തം ഒരു മനുഷ്യനെ കൊന്ന ചരിത്രം നിലവിലുണ്ട്.**
മത്തായി 10:33 “മനുഷ്യരുടെ മുൻപിൽ എന്നെ തള്ളി പറയുന്നവനെയോ എന്റെ പിതാവിനെ മുൻപിൽ ഞാനും തള്ളി പറയും.” ഈ രക്തസാക്ഷികൾ ക്രിസ്തുവിനെ തള്ളിപ്പറയാതെ മരണത്തെ ഭയക്കാതെ ക്രിസ്ത്യാനികൾ ആണെന്ന് സമ്മതിച്ചു. എന്നിരുന്നാലും എബ്രായർ 11:37 ഇതൊരു പുതിയ കാര്യമല്ല എന്ന് നമുക്ക് കാണിച്ചു തന്നു.

**മറച്ചു വച്ചിരിക്കുന്ന 7 കുരിശുകൾ കണ്ടെത്തുകയും ചിത്രത്തിന് നിറം നൽകുകയും ചെയ്യുക**





**8 വ്യത്യാസങ്ങൾ കണ്ടെത്തുക**

**ക്രൂശീകരണ ചിത്രത്തിലെ കുരിശ് കണ്ടെത്തുക. അവയിൽ 18 എണ്ണം മറച്ചു വച്ചിരിക്കുകയാണ്.**



# സ്റ്റുഡന്റ് ബുക്ക്സ്

## പദപ്രശ്നം

ചിത്രത്തിലേക്ക് ചൂണ്ടിക്കാണിക്കുന്ന അമ്പടയാളത്തിൽ നിന്ന് ആരംഭിച്ച് എക്സിറ്റ് അടയാളത്തിലേക്ക് വരകളൊന്നും കടക്കാത്ത ഒരു തുറന്ന പാത കണ്ടെത്തുക.

### അഡ്വാൻസ്ഡ് – Difficult



### മീഡിയം



### ഈസി



### വാക്കുകൾ കണ്ടെത്തുക

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കു | അ | ന | കൊ | കു | ഗം | യാ | കു | ജാ |
| പു | നു | പ | ഷ്ട | പ്ര | റ്റ | രി | മ്യം | പ്ര |
| പ്ര | ഗ | ക | പി | പ | ശ് | ക്കാ | ദ | ക്ഷ |
| പി | മി | ര | ള്ള | കു | രി | ർ | ര | പു |
| ടി | ക്കു | ന | പ | ൻ | ശി | ഹാ | ന: | ൻ |
| ക്ക | ക | ത്രോ | പു | പ്പി | ക്ഷ | സ്ഥാ | രം | കം |
| പ്പെ | സ് | പി | ച്ചു | കൊ | പ | മ | പ്ര | ത |
| ട്ടു | കു | ക്രി | ന | നം | കു | ന | കു | പാ |
| കു | ന | സ്തു | ക | ക്കു | ത്ഥി | ർ | പ്രാ | ല |
| വി | ചാ | ര | ണ | പി | യേ | ശു | പു | കൊ |

- കുറ്റക്കാരൻ
- പിടിക്കപ്പെട്ടു
- ജാമ്യം
- വിചാരണ
- പ്രദർശിപ്പിച്ചു
- നഷ്ടപരിഹാരം
- പുനഃസ്ഥാപനം
- കൊലപാതകം
- കുരിശ്
- രക്ഷ
- ക്ഷമ
- യാഗം
- അനുഗമിക്കുക
- പ്രാർത്ഥിക്കുക
- പത്രോസ്
- യേശു
- ക്രിസ്തു
- കള്ളൻ

# കളിമണ്ണ് ഉപയോഗിച്ചുള്ള ബൈബിൾ കഥാ അവതരണം

ഇന്നത്തെ ബൈബിൾ കഥയ്ക്കായി കളിമണ്ണ് എടുക്കാം!

യേശു അന്ത്യ അത്താഴത്തിന് തന്റെ ആത്മ സ്നേഹിതരായ ശിഷ്യന്മാരുമായി ഒരുമിച്ചിരുന്നു(കളിമണ്ണുകൊണ്ട് അപ്പവും പാത്രവും ഉണ്ടാക്കുക). ആ അത്താഴത്തിൽ അവനെ തള്ളിപ്പറയാൻ പോകുന്ന രണ്ടുപേർ ഉണ്ടായിരുന്നു. അവനെ ക്രൂശിക്കുവാൻ കാത്തിരുന്ന ആളുകൾക്ക് യേശുവിനെ കാണിച്ചു കൊടുത്ത് യൂദാസ് യേശുവിനെ വഞ്ചിച്ചു. യേശുവിനെ അരമനയിൽ വിസ്തരിക്കുമ്പോൾ ആരോ പത്രോസിനോട് ചോദിച്ചു നീയും അവനൊപ്പം ഉണ്ടായിരുന്നുവല്ലോ. പത്രോസ് പറഞ്ഞു "ഇല്ല" ഒരു തവണയല്ല മൂന്നു തവണ പത്രോസ് യേശുവിനെ മൂന്നാം തവണ തള്ളിപ്പറഞ്ഞപ്പോൾ യേശു മുൻ പറഞ്ഞിരുന്നത് പോലെ കോഴി കൂകി (കളിമണ്ണുകൊണ്ട് കോഴിയെ ഉണ്ടാക്കുക)

യേശുവിനെ തള്ളിപ്പറഞ്ഞതിലൂടെ ഇവർ രണ്ടു പേരും പാപം ചെയ്തു. നമ്മെപ്പോലെ തന്നെ അവരുടെ പാപത്തിനും ശിക്ഷ മരണം തന്നെയാണ്. ഈ രണ്ടു ശിഷ്യന്മാർ തള്ളിപ്പറഞ്ഞനന്തരം വലിയ പുരുഷാരം അവനെ വിധിക്കുന്നത് കേൾക്കാൻ കൂടി വന്ന്. അവനെ ക്രൂശിക്കുക എന്ന് അവർ വിളിച്ചു പറഞ്ഞു. നാം നമ്മുടെ പാപങ്ങളിൽ മരിക്കാതിരിക്കേണ്ടതിന് യേശു ക്രൂശിൽ മരിച്ചു. അവൻ സമ്പൂർണ്ണനാകയാൽ അവന്റെ മരണം സകല മനുഷ്യരുടേയും പാപം ക്ഷമിക്കാൻ തക്ക നിലയിൽ പര്യാപ്തമായിരുന്നു. ദൈവവുമായി ഉണ്ടായിരുന്ന നമ്മുടെ ശത്രുതയ്ക്ക് യേശു മാറ്റം വരുത്തി. നാം സമ്പൂർണ്ണരാകുന്നതിനു പകരം നമ്മുടെ പാപങ്ങൾക്കായുള്ള അവന്റെ മരണത്തെ നാം അംഗീകരിക്കുക മാത്രമാണ് ചെയ്യേണ്ടത്. അവന്റെ മരണം നമ്മുടെ അപൂർണ്ണത മാറ്റുന്നു. പത്രോസും യൂദാസും പാപം ചെയ്തു. യൂദാസ് യേശുവിന്റെ യാഗത്തെ അംഗീകരിച്ചില്ല. എന്നാൽ പത്രോസ് യേശുവിന്റെ യാഗത്തെ അംഗീകരിച്ചു. യേശു മരിച്ച് ഉയർത്തെഴുന്നേറ്റതിന് ശേഷം അവിടുന്ന് ശിഷ്യന്മാർക്ക് പ്രത്യക്ഷനായി. മൂന്നാം തവണ പത്രോസ് യേശുവിനെ കാണുമ്പോൾ അവൻ മീൻപിടിക്കുകയായിരുന്നു. അവൻ കടൽക്കരയിൽ പ്രത്യക്ഷനായി അത് യേശു ആണെന്ന് ശിഷ്യന്മാർ ഉടനെ മനസ്സിലാക്കി. പത്രോസ് വെള്ളത്തിലേക്ക് ചാടി. യേശുവിന്റെ അരികിലേക്ക് നീന്തി വന്നു. അവന്റെ പാപം ക്ഷമിച്ച് അവനോടായി ഇങ്ങനെ പറഞ്ഞു. "എന്നെ അനുഗമിക്കുക".

നിങ്ങൾ ആരെയാണ് അനുഗമിക്കുക? പാപത്തെ സ്വയമായി ചുമന്ന യൂദാസിനെയാണോ അതോ ചെയ്തനന്തരം യേശുവിനെ അരികിലേക്ക് മടങ്ങി വരികയും യേശുവിനെ അനുഗമിക്കുകയും ചെയ്ത പത്രോസിനെയാണോ?

(കുട്ടികളുടെ കയ്യിൽ നിന്നും കളിമണ്ണ് തിരികെ വാങ്ങുക.)



## ഗെയിം മനപ്പാഠ വാക്യ ടൈം

ഊതി വീർപ്പിച്ച ബലൂണുകൾ, വാക്യത്തിലെ ഓരോ വാക്കുകൾക്കും അനുസരിച്ച് ഓരോ ബലൂൺ വീതം എടുക്കുക. വാക്യത്തിലെ ഓരോ വാക്കുകൾ വീതം ഓരോ ബലൂണിന്റെയും മുകളിൽ എഴുതുക. ടേപ്പ് ഉപയോഗിച്ച് ബലൂൺ ഭിത്തിയിൽ അതാതിന്റെ നിലയിൽ തൂക്കിയിടുക (സമയമുണ്ടെങ്കിൽ ഇത് കുട്ടികൾ ചെയ്യട്ടെ). ക്ലാസ്സിന്റെ സമയത്താണ് ബലൂൺ തൂക്കിയിടുവാൻ ഉദ്ദേശിക്കുന്നത് എങ്കിൽ അങ്ങനെ ചെയ്യുന്ന സമയത്ത് കുട്ടികൾ ഓരോ വാക്കുകൾ വീതം വായിക്കട്ടെ. എല്ലാ ബലൂണുകളും തൂക്കിയിട്ട ശേഷം ബലൂൺ പൊട്ടിക്കുവാൻ വോളന്റിയേഴ്സിനോട് ആവശ്യപ്പെടുക (പിന്നുകൾ ഉപയോഗിക്കാം) ഓരോ വാക്കുകൾ കുട്ടികൾ പറയുന്നതിനനുസരിച്ച് വേണം ബലൂണുകൾ പൊട്ടിക്കുവാൻ.



## സ്നാക്ക് ചെറിയ സാന്‌വിച്ചുകള്

**ആവശ്യമായ സാധനങ്ങൾ**

ബ്രെഡ്
വെള്ളരിക്ക കഷണങ്ങൾ
തക്കാളി കഷണങ്ങൾ
ക്യാരറ്റ് കഷണങ്ങൾ
വെണ്ണ
തക്കാളി കെച്ചപ്പ്
ഉപ്പ്.



**നിർദ്ദേശങ്ങൾ:**

1. ബ്രെഡിന്റെ വശങ്ങൾ മുറിച്ച് 4 കഷണങ്ങൾ ആക്കുക.
2. വെള്ളരിക്കയും തക്കാളിയും ക്യാരറ്റും പ്രത്യേകം പാത്രത്തിൽ എടുക്കുക.
3. വെണ്ണ ഒരു പാത്രത്തിൽ എടുക്കുക.
4. കുട്ടികൾ തന്നെ അത് സാൻവിച്ച് രൂപത്തിലാക്കി ഈ പച്ചക്കറികൾ ചേർത്ത് കഴിക്കണം.
5. വെണ്ണ ബ്രെഡിൽ തേക്കണം പച്ചക്കറികൾ അടുക്കി വെച്ച് തക്കാളി കെച്ചപ്പ് അതിൽ ഒഴിക്കുക, ഉപ്പ് ചേർക്കുക.
6. മറ്റൊരു ബ്രെഡ് അതിനു മുകളിൽ വെച്ച് സാൻവിച്ച് ഉണ്ടാക്കുക.

## ക്രാഫ്റ്റ് പോലീസ് കാർ

**-ചേരുവകൾ:**


പോലീസുകാരുടെ കാറിന്റെ ചിത്രം പ്രിന്റെടുക്കുക.
ഓരോ കുട്ടികൾക്കും നൽകുക. കത്രികകൾ, കളർ പേനകൾ,
ക്രയോണുകൾ Police car
Materials അല്ലെങ്കിൽ കളർ പെൻസിലുകൾ,
ഒട്ടിക്കാൻ ഉപയോഗിക്കുന്ന ടേപ്പ്, ചെറിയ ആണികളോ മുള്ളുകളോ.






**നിർദ്ദേശങ്ങൾ:**


step 1 – കാർ കളർ ചെയ്യുക, അത് നിങ്ങളുടെ ഏരിയയിൽ ഉള്ള കാറ് പോലെ അലങ്കരിക്കുക.
Step 2 കുത്തിട്ട വരയിലൂടെ പേപ്പർ മുറിക്കുക.
Step 3 ടേപ്പ് ഉപയോഗിച്ച് ആ കാർ ചെറിയ മരത്തടിയിൽ ഒട്ടിക്കുക.
Step 4 എല്ലാവരും ഇത് ഉണ്ടാക്കിയ ശേഷം കാറിന്റെ സൈറൺ മുഴക്കുന്ന ശബ്ദം കേൾപ്പിച്ച് കൊണ്ട് കള്ളൻ ഒളിച്ചിരിക്കാൻ സാധ്യതയുള്ള ഇടത്തേക്ക് കാർ ഓടിച്ചു പോകുക.

# ക്രാഫ്റ്റ് 3 പോലീസ് കാർ



# 4 മേൽത്തരമായത്

## ബൈബിൾ കഥ: സക്കായി മരത്തിൽ കയറുന്നു

## നാടകം/സ്കിറ്റ്

മോട്ടു: ഓക്കേ, അവയുടെ മുകളിൽ ട്രേഡ് മാർക്ക് ഒട്ടിച്ചിരുന്നു.
പട്‌ലു: അവൻ അടയാളം രേഖപ്പെടുത്തുവാൻ ഉള്ള സാധനങ്ങൾ അവൻ പറഞ്ഞത് പോലെ നിലവറയിൽ ഉണ്ട്.
മോട്ടു: അവൻ പറയുന്ന നിർദ്ദേശങ്ങൾ എല്ലാം അനുസരിക്കുക എന്നതാണോ നമ്മുടെ ജോലി.
പട്‌ലു: അതേ അങ്ങനെയാണവൻ പറഞ്ഞത്.
മോട്ടു: അവൻ നമുക്ക് മറ്റൊരു ജോലി തരുന്നത് വരെ നമുക്ക് പോകുവാനും വരുവാനും ഒക്കെയുള്ള സ്വാതന്ത്ര്യം ഉണ്ടോ?
പട്‌ലു: അതേ, ഇതൊരു എളുപ്പമുള്ള ജോലി ആണ് എന്ന് എനിക്ക് തോന്നുന്നു. അപ്പോൾ നാം (ഒരു കിളിയെപ്പോലെ ചിറകു വിരിച്ചുകൊണ്ട്) സ്വതന്ത്രരാണ്.
മോട്ടു: നാം ഈ ട്രേഡ് മാർക്ക് എടുത്ത് പുതിയ സാധനങ്ങളുടെ മുകളിൽ ഒട്ടിച്ചു വെച്ചാൽ മാത്രം മതിയോ?
പട്‌ലു: അതേ അങ്ങനെ തന്നെ
മോട്ടു: കൊള്ളാം നമുക്ക് ജോലി തുടങ്ങാം
പട്‌ലു: നിനക്കറിയാമോ, ഞാൻ ചിന്തിക്കുകയായിരുന്നു...
മോട്ടു: എന്താ?
പട്‌ലു: ബേക്കറിയുടെ ഉടമ എല്ലാം നിയന്ത്രണത്തിൽ കൊണ്ട് പോകുന്നത് എങ്ങനെയെന്ന് നിനക്കറിയാമോ?
മോട്ടു: ഇല്ല
പട്‌ലു: നാം അദ്ദേഹത്തിന്റെ കടയിൽ നിന്നും സാധനങ്ങൾ മോഷ്ടിച്ചിട്ടും അദ്ദേഹത്തിന്റെ നിയന്ത്രണം നഷ്ടപ്പെടുകയോ നമ്മെ അസഭ്യം പറയുകയോ അടിക്കുകയോ ചീഫ് ഇൻസ്പെക്ടറിന്റെ കൈകളിൽ ഏൽപ്പിച്ച് കൊടുക്കുകയോ ചെയ്തില്ല.
മോട്ടു: അതേ
പട്‌ലു: നാം അറിയാത്ത കാര്യമാണ് അദ്ദേഹം അറിഞ്ഞത് പോലെയാണ്.
മോട്ടു: അതേ അതല്ലേ നീ ഇപ്പോൾ പറഞ്ഞത്. എനിക്കെയാത്ത് പല കാര്യങ്ങളും അറിയാവുന്ന ഒരുപാടു പേർ ഇവിടെ ഉണ്ട്.
പട്‌ലു: നിനക്കത് ഒന്നുകൂടി പറയാം. അങ്ങനെ ആരൊക്കെ ഉണ്ടെന്നു പറയാമോ?
മോട്ടു: വണ്ടിയുടെ ഡ്രൈവറും ബാർബറും
പട്‌ലു: പിന്നെ ആരാണ്?
മോട്ടു: ഇനിയും ആരെയും കുറിച്ച് ചിന്തിക്കുവാൻ എനിക്ക് കഴിയില്ല.
പട്‌ലു: ചീഫ് ഇൻസ്പെക്ടറെ കുറിച്ച് എന്ത് പറയുന്നു?
മോട്ടു: അതേ അദ്ദേഹവും
പട്‌ലു: (ഒരു സാധനം ഉയർത്തി പിടിച്ച് ട്രേഡ് മാർക്ക് നോക്കുന്നു). രാജാവിന്റെ ഓഫർ സ്വീകരിച്ച എത്ര പേര് ഈ പട്ടണത്തിൽ ഉണ്ട് എന്ന് നിനക്ക് പറയുവാൻ കഴിയും.
മോട്ടു: നാമും അങ്ങനെയാണെന്ന് നീ കരുതുന്നുണ്ടോ?
പട്‌ലു: എനിക്ക് നിന്റെ കാര്യം അറിയില്ല. രാജാവിന്റെ ഓഫർ സ്വീകരിച്ചതിനു ശേഷം ഞാൻ എന്നെക്കുറിച്ച് ചിന്തിക്കുകയോ ഭയപ്പെടുകയോ ചെയ്തിട്ടില്ല.
മോട്ടു: ഞാനും ഇത് എങ്ങനെ സംഭവിച്ചു.
പട്‌ലു: പിടിക്കപ്പെടുമെന്ന് ഞാൻ ഭയപ്പെടുന്നില്ല.
മോട്ടു: അതേ
പട്‌ലു: നാം കുറേ നാളുകൾ നമ്മെത്തന്നെ നോക്കിയും പുറകിലേക്ക് തിരിഞ്ഞു നോക്കിയും പോലീസിനെ ഭയന്ന് ഓടിയും സമയം കളഞ്ഞു.
മോട്ടു: നാം ചിന്തിച്ചത് പോലെ നാം ചെയ്തത് നല്ല പ്രവർത്തി ആയിരുന്നില്ല.
പട്‌ലു: അല്ല, നാം ഉറപ്പായും നല്ലവർ ആയിരുന്നില്ല. നാം നല്ലവർ ആണെന്ന് നാം കരുതി. പക്ഷേ നാം തെറ്റുകാർ ആയിരുന്നു.
മോട്ടു: നാം ഓഫർ സ്വീകരിച്ചതിനാൽ നമുക്ക് ഇനിയും ആരുടെ അടുത്തേക്കും ഓടിചെല്ലുവാനോ ഒളിക്കുവാനോ കഴിയുകയില്ല.
പട്‌ലു: അതേ, സർട്ടിഫിക്കേഷൻ അടയാളം കൊണ്ട് ട്രേഡ് മാർക്ക് ചെയ്ത് സാധനങ്ങൾ മേത്തരമാക്കി വയ്ക്കുന്നത് പോലെ. രാജാവിന്റെ ഓഫർ വാങ്ങുന്ന ആരും തന്നെ ഓടി രക്ഷപ്പെടുകയോ ഒളിച്ചിരിക്കുകയോ ചെയ്യുകയില്ല.
മോട്ടു: നമ്മെപ്പോലെ ഒരുപക്ഷേ നിന്നെ ഞാൻ ഇതുകൊണ്ട് ഒട്ടിക്കുമായിരുന്നു. (പശയുടെ കുപ്പി പട്‌ലുവിനെ വീശി കാണിക്കുന്നു).
പട്‌ലു: നിനക്ക് തന്നെ എന്തെങ്കിലും അപകടം വരുത്തി വയ്ക്കുന്നതിനു മുൻപ് അത് താഴെ വയ്ക്കു. നമുക്ക് ഈ ജോലി വേഗം തീർത്തിട്ടു പട്ടണത്തിലെ തെരുവീഥികളിലേക്ക് പോകാം.
മോട്ടു: പ്രധാന തെരുവിലേക്കോ? വർഷങ്ങളായി നാം പ്രധാന തെരുവിലൂടെ നടന്നിട്ടില്ല.
പട്‌ലു: എന്തായിരുന്നു ആദ്യത്തെ ട്രേഡ് മാർക്ക്

# പ്രധാന പാഠം

ലൂക്കോസ് 19:1-10

നിങ്ങൾ പിടിക്കപ്പെടുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു.
ലൂക്കോസ് 19:1-10
ശേഷം നിങ്ങൾ ജാമ്യത്തിൽ ഇറങ്ങി!
നമുക്കുള്ള വസ്തുക്കളിൽ അടയാളപ്പെടുത്തുക എന്നതാണ് നാം പഠിച്ചത്. കന്നുകാലികളെ വളർത്തുന്നവർ അവയുടെ മേൽ അടയാളം പതിപ്പിക്കുന്നു. അവയിൽ ഏതെങ്കിലും ഒന്ന് അലഞ്ഞു തിരിഞ്ഞു നടന്നാൽ ആർക്കും അവയെ വേഗത്തിൽ കണ്ടെത്താവുന്നതാണ്. ഓരോ മൃഗങ്ങളും ആരുടേതാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. ഒരു പോലീസുകാരൻ വഴി തെറ്റിപ്പോയ ഒരു കുട്ടിയോട് അവൻ എവിടെയാണ് താമസിക്കുന്നത് എന്ന് ചോദിക്കുന്നത് പോലെ, വഴി തെറ്റി പോയ ഒരു നായയോടോ കാണാതെ പോയ ഒരു ബൈക്കിനോടോ നിങ്ങൾ എവിടെ വെച്ചാണ് നഷ്ടപ്പെട്ടു പോയത് എന്ന് ചോദിക്കാൻ കഴിയുകയില്ല. ബൈബിൾ പറയുന്നു നിങ്ങളെ വിലയ്ക്ക് വാങ്ങിയിരിക്കുകയാണ്. 1 കൊരി. 6:19. എന്താണ് നിങ്ങളുടെ വില?
യേശു ക്രൂശിൽ മരിച്ചപ്പോൾ അവിടുന്ന് നമ്മുടെ പാപക്കടം വീട്ടി എന്ന് ഇന്നലെ പഠിച്ച പാഠം ഓർക്കുക. അതാണ് നമ്മുടെ വില യേശുവിന്റെ മരണം വലിയ വേദനാജനകമായ മരണമായിരുന്നു. നിങ്ങളെ വീണ്ടെടുക്കുവാൻ നൽകിയത് വില കുറഞ്ഞ ഒരു വസ്തു ആയിരുന്നില്ല. നിഗ്ങളുടെ കുടുംബത്തിന് എത്ര വലിയ വില നൽകുവാൻ കഴിയും? ഒരുപക്ഷേ ഒരു സൈക്കിളോ കാറോ നൽകുവാൻ കഴിയും. അത് നിങ്ങളുടെ കുടുംബത്തിന്റെ വകയാണ് എന്ന നിലയിൽ അതിന്റെ മുകളിൽ അടയാളം വയ്ക്കുമോ? ഉടമസ്ഥന്റെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ഒരു നമ്പർ അടയാളമായി എല്ലാ കാറിനും ഉണ്ടായിരിക്കും. ചിലപ്പോൾ ചില ആളുകൾ അവരുടെ പേരോ നമ്പരോ അവരുടെ ബൈക്കിന്റെ മുകളിൽ എഴുതിവയ്ക്കും. അത് മോഷണം പോയാൽ അധികാരികളെ ആ അടയാളം അറിയിച്ച് കള്ളനെ കണ്ടുപിടിക്കുവാൻ സഹായിക്കും.
ഇതാണ് ബ്രാൻഡിംഗ് അഥവാ മുദ്രയിടലിനെ കുറിച്ചുള്ള ഉദാഹരണങ്ങൾ.
ചൊവ്വാഴ്ചത്തെ ബൈബിൾ കഥ നിങ്ങൾ ഓർക്കുന്നുണ്ടോ? യേശു പറയുന്നത് എല്ലാം ശ്രദ്ധിക്കുവാൻ വേണ്ടി ഒരു വലിയ പുരുഷാരം എല്ലായ്പ്പോഴും അവനു ചുറ്റും ഉണ്ടായിരുന്നു. യേശുവിനെ വിധി കൽപ്പിക്കുമ്പോൾ അവന് എന്ത് വന്ന് ഭവിക്കും എന്നറിയുവാൻ ഒരു വലിയ പുരുഷാരം നോക്കിക്കൊണ്ടിരുന്നു എന്ന് ഇന്നലെ നാം കേട്ടു. എന്തിനായിരുന്നു എന്ന് നിങ്ങൾക്കറിയാമോ? യേശുവിനു ചുറ്റും എല്ലായ്പ്പോഴും പുരുഷാരം ഉണ്ടായിരുന്നു. അവന്റെ പേര് സക്കായി എന്നായിരുന്നു. എന്നാൽ നാം അവനെ സക്ക് എന്ന് വിളിക്കും. അവൻ യെരിഹോവിലായിരുന്നു താമസിച്ചിരുന്നത്. യോശുവ ചുറ്റി സഞ്ചരിച്ചപ്പോൾ ദൈവം മതിൽ തകർത്തു കളഞ്ഞ ചരിത്രം നടന്ന പട്ടണം ഈ പട്ടണം തന്നെയാണ്. യേശു യെരിഹോവിൽ വരികയും ആ പട്ടണത്തിലൂടെ കടന്നു പോകുകയും ചെയ്തപ്പോൾ സാക്ക് യേശുവിനെ കാണുവാനും യേശുവിൽ നിന്ന് കേൾക്കുവാനും ആഗ്രഹം പ്രകടിപ്പിച്ചു. നിനക്കോ? നിങ്ങളെപ്പോലെ സക്ക് നീളമുള്ള ആൾ ആയിരുന്നില്ല. യേശു എങ്ങനെയുള്ളവൻ എന്ന് കാണുവാൻ അവന് എങ്ങനെ കഴിയും. യേശു പറയുന്നത് എങ്ങനെ കേൾക്കാൻ കഴിയും.
എല്ലായ്പ്പോഴുംയേശുവിന് ചുറ്റും ഒരു വലിയ പുരുഷാരം ഉണ്ടായിരുന്നു. ഒരു വലിയ പരേഡ് നടക്കുന്നത് പോലെയാണ് അത്. തെരുവിന് മുകളിൽ രണ്ടാം നിലയുടെ ജനാലയിലൂടെ കാണുവാൻ കഴിഞ്ഞിരുന്നു എങ്കിൽ അത് എത്ര നന്നായിരുന്നു. ആളുകൾ നിരനിരയായി പോകുമ്പോൾ നിങ്ങൾക്ക് ഒന്നും കാണുവാൻ കഴിയുകയില്ല. യേശു നടന്നു വരുന്ന വഴിയിലേക്ക് ദക്കായി ഓടി യേശുവിനെ നന്നായി കാണുവാൻ വേണ്ടി ഒരു മരത്തിന്റെ മുകളിൽ കയറി. യേശു ആ മരത്തിന്റെ അടുത്ത് എത്തിയപ്പോൾ അവിടെ നിന്ന് മരത്തിൻ മുകളിലേക്ക് നോക്കി. ആ ചെറിയ മനുഷ്യനോട് ഇങ്ങനെ പറഞ്ഞു. "സക്കായിയേ, വേഗം ഇറങ്ങി വാ. ഇന്ന് ഞാൻ നിന്നോട് കൂടെ പാർക്കേണ്ടതാകുന്നു" യേശുവിനെ ഭവനത്തിലേക്ക് സ്വീകരിക്കുന്നതിൽ സക്ക് വലിയ സന്തോഷവാനായിരുന്നു.
വാസ്തവത്തിൽ അവന് തന്റെ പാപത്തെക്കുറിച്ച് അവിടെ വെച്ച് തന്നെ അനുതാപം ഉണ്ടായി. അവൻ യേശുവിനോട് പറഞ്ഞു. "എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാല് മടങ്ങ് മടക്കി കൊടുക്കുന്നു" എന്ന് പറഞ്ഞു. അത് ഭയങ്കരമായിരുന്നു! സക്കായി ധനികനാണ്. വസ്തുവകയിൽ പാതി ദരിദ്രർക്ക് കൊടുക്കുന്നു എന്ന് പറയുമ്പോൾ ഓർക്കുക, അവൻ ചെറിയ ഒരു തുകയെക്കുരിച്ചല്ല പറയുന്നത്. അവൻ മരത്തിനിടയിൽ മറഞ്ഞിരുന്നിട്ടും യേശു എന്തിന് അവനെ വിളിച്ചു? യേശു അവനോടു പറഞ്ഞു "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" കാണാതെ പോയി എന്ന് ബോധ്യമുള്ളതിനെയും രക്ഷിക്കപ്പെടണം എന്ന് ആഗ്രഹം ഉള്ളവരെയും രക്ഷിപ്പാൻ യേശു ആഗ്രഹിക്കുന്നു. സാക്ക് അന്ന് യേശുവിനെ സ്വീകരിച്ചു. പെട്ടെന്നുള്ള അവന്റെ ദയാപരമായ പ്രവർത്തി അവനിലുള്ള സമ്പൂർണ്ണ മാറ്റത്തിന്റെ തെളിവാണ്. ഒരു മൃഗത്തിന്റെ മുകളിൽ മുദ്രയിട്ടത് പോലെ ആണ് ഇത് കാണിക്കുന്നത്. അവനിപ്പോൾ ദൈവത്തിന്റെ വകയാണ് എന്നാണ്. ശാരീരികമായി അവൻ മുദ്രയിടപ്പെട്ടില്ല എന്നാൽ അവനിൽ വന്ന വ്യത്യാസം ആളുകൾ വ്യക്തമായി കണ്ടു. ഇത് ഇന്നത്തെ നാടകത്തിൽ നാം കണ്ടത് പോലെയാണ്. മോട്ടുവും പട്‌ലുവും മറ്റുള്ളവരിൽ ചില വ്യത്യാസങ്ങൾ കണ്ടു. നിങ്ങൾക്ക് വേണ്ടിയും നിങ്ങളുടെ പാപങ്ങൾക്ക് വേണ്ടിയും മറുവിലയാകുവാൻ നിങ്ങൾ യേശുവിനെ സ്വീകരിച്ചാൽ നിങ്ങൾ യേശുവിന്റേതായി മാറും. നിങ്ങൾ യേശുവിന്റേതാണ് എന്നുള്ളതിന് തെളിവായി അവിടുന്ന് നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ നൽകും. പരിശുദ്ധാത്മാവ് നിങ്ങൾക്ക് പാപത്തെക്കുറിച്ച് ബോധ്യം നൽകുകയും നിങ്ങൾ പാപം ചെയ്യുമ്പോൾ അത് ഏറ്റു പറയുവാനും ക്ഷമ ചോദിക്കുവാനും നിങ്ങളെ സഹായിക്കുകയും ചെയ്യും, ദൈവത്തോട് അടുത്ത് ജീവിക്കുവാനും ക്രിസ്ത്യാനിയായി വളരുവാനും പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കും.
യേശുവിനെ ഹൃദയത്തിലേക്ക് സ്വീകരിക്കുവാനുള്ള പ്രാർത്ഥന പ്രാർത്ഥിക്കുവാൻ നിങ്ങളിൽ എത്ര പേർ ആഗ്രഹിക്കുന്നു? നിങ്ങളുടെ പാപങ്ങൾക്ക് മറുവിലയായാണ് യേശു മരിച്ചത് എന്ന് അംഗീകരിക്കുവാൻ നിങ്ങൾ തയ്യാറാണോ? നിങ്ങളിൽ ഉണ്ടായ വ്യതിയാനാവും മാനസാന്തരവും മറ്റുള്ളവർ കാണണം എന്ന് ആഗ്രഹിക്കുന്നു എങ്കിൽ കരങ്ങൾ ഉയർത്തുക.
പ്രാർത്ഥിക്കാം.
"കർത്താവായ ദൈവമേ, ഞാൻ പൂർണ്ണനല്ല. എന്നെ സഹായിക്കേണമേ. സക്കായിയോട് ചെയ്തത് പോലെ യേശു എന്നേയും തേടി വരണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. യേശുവേ, അങ്ങെന്റെ ഹൃദയത്തിലേക്ക് വരുമോ? യേശുവേ, എനിക്ക് അങ്ങയുടേതായി മാറണം. അങ്ങയെ ഇനിയുള്ള എന്റെ ആയുസ്സിൽ അനുഗമിക്കാൻ എന്നെ സഹായിക്കേണമേ. അങ്ങയെ അനുഗമിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു."

# മനപ്പാഠ വാക്യം

" യേശു കർത്താവാകുന്നു എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവിടുത്തെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ ദൈവം നിന്നെ രക്ഷിക്കും." റോമർ 10:9

# മനപ്പാഠ വാക്യ ടൈം

നിങ്ങൾ എന്ത് ചിന്തിക്കുന്നു?

* മരത്തിൽ കയറി യേശുവിനെ കാണുക എന്നത് ലളിതമായ കാര്യമായിരുന്നു.
* യേശുവിനെ സമീപിക്കുവാൻ സക്കായിക്ക് അല്പം കൂടി ധൈര്യം ആവശ്യമായിരുന്നു.






# ദിവസം 4 സ്റ്റഡന്റ് ബുക്ക്സ്

## മുതിർന്ന വിദ്യാർത്ഥികൾക്കുള്ള ചോദ്യങ്ങളും ഉത്തരങ്ങളും

**1.രക്ഷിക്കപ്പെടുവാനും സ്വർഗ്ഗത്തിൽ പോകുവാനും തക്കവണ്ണം നിങ്ങൾ ഒരു നല്ല വ്യക്തി ആണോ? എങ്കിൽ എന്ത് ചെയ്യും?**

ആരും നീതിമാന്മാർ അല്ല (റോമർ 3:23). ആരും നല്ലവരല്ല (റോമർ 10:9). നിങ്ങൾ വിശ്വസിക്കയും വായ്കൊണ്ടു ഏറ്റു പറയുകയും ചെയ്യുക.


**2.നിങ്ങൾ കാണാൻ ആഗ്രഹിച്ച കാര്യം നിങ്ങളുടെ ഉയരക്കുറവ് കൊണ്ട് കാണാൻ പറ്റാതെയിരുന്ന അവസ്ഥ നിങ്ങൾക്ക് എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? എപ്പോൾ? എവിടെ?**

സാധ്യമായ ഉദാഹരണങ്ങൾ: സ്പോർട്സ്സോ, ഗെയിംസോ കാണുവാൻ നിന്നപ്പോൾ ആളുകൾ നിങ്ങളുടെ മുന്നിൽ ഉണ്ടായിരുന്നു, പരേഡുകൾ, കടകളിൽ വച്ചിരിക്കുന്ന പ്രദർശന വസ്തുക്കൾ etc... ഇത് നിമിത്തമാണ് ആളുകൾക്ക് കയറി നിന്ന് കാണുവാൻ ബഞ്ചുകൾ പോലെയുള്ള സംവിധാനം പലയിടത്തും ഉണ്ടാക്കി വച്ചിരിക്കുന്നത്. കുട്ടികളെ സക്കായിയുമായി താരതമ്യപ്പെടുത്തി സക്കായിയുടെ ചിന്തകളേയും മനോവികാരങ്ങളെയും പറ്റി ചിന്തിക്കുവാൻ സഹായിക്കുക.

**3.യേശു ഇന്ന് നമ്മുടെ ഭവനത്തിൽ വരും എന്ന് സങ്കൽപിക്കുക, നമ്മുടെ ചിന്തകളും വ്യാകുലതകളും എന്തെല്ലാം ആയിരിക്കും? ഇന്ന് യേശു അങ്ങനെ ആളുകളോട് പറയും എന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങൾ സഭയിൽ പോകുന്നത് യേശുവിന്റെ ഭവനത്തിൽ പോകുന്നു എന്ന നിലയിൽ ആണോ? അവിടെ യേശുവിനെ കാണുവാൻ കഴിയുമോ? സക്കായി യേശുവിനെ കാണുവാൻ പോയിരുന്നില്ലായെങ്കിൽ കാര്യങ്ങൾ മറ്റൊരു രീതിയിൽ ആയിരിക്കുമോ നടക്കുക?**

അദ്ധ്യാപകരേ, അഭിനയിക്കുന്ന കുട്ടികളെയല്ല മരിച്ച് ഉണ്മയായ കുട്ടികളേയും അവരുടെ ഉത്തരങ്ങളെയും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുക. ഉദാഹരണം: ഞാൻ എന്താണ് ധരിക്കുന്നത്? എന്റെ അനിയന് ഒരുപാട് കളിപ്പാട്ടങ്ങൾ ഉണ്ട്, അവൻ അതുകൊണ്ട് വലിയ ശബ്ദങ്ങൾ ഉണ്ടാക്കുന്നു എങ്കിലോ? അവന് ഇഷ്ടമുള്ള എന്താണ് നാം ഉണ്ടാക്കേണ്ടത്?


**5 വ്യത്യാസങ്ങൾ കണ്ടെത്തുക**



**ചിത്രത്തിന് നിറം നൽകുക**



**പത്ത് കോട്ടകളിൽ രണ്ടെണ്ണം ഒരേ പോലെയുള്ളതാണ്. അവ കണ്ടെത്തുകയും വൃത്തം വരയ്ക്കുകയും ചെയ്യുക.**




# സ്റ്റുഡന്റ് ബുക്ക്സ്


## പദപ്രശ്നം

ചിത്രത്തിലേക്ക് ചൂണ്ടിക്കാണിക്കുന്ന അമ്പടയാളത്തിൽ നിന്ന് ആരംഭിച്ച് എക്സിറ്റ് അടയാളത്തിലേക്ക് വരകളൊന്നും കടക്കാത്ത ഒരു തുറന്ന പാത കണ്ടെത്തുക.


### അഡ്വാൻസ്ഡ് – പ്രയാസമേറിയത്



### മീഡിയം



### ഈസി



### വാക്കുകൾ കണ്ടെത്തുക

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ക | തു | കേ | കാ | ണു | ക | രാ | പ | മോ |
| സ്വീ | പോ | പോ | കോ | പ | രാ | നീ | ജ്ഞി | ക |
| ക | ക | ലീ | ട്ട | കാ | വി | ല | യി | രാ |
| ര | മോ | കേ | സ് | ആ | മ | ക്കാ | ജാ | കാ |
| ണം | സ്വീ | ഷ | മോ | രം | സ | വ് | ക | അം |
| ക | ക | അം | ണം | ആ | ൾ | ക്കൂ | ട്ടം | ഗീ |
| ക | ർ | കേ | ൾ | വി | ക്കാ | ർ | രാ | ക |
| റു | ത്താ | നീ | രാ | ആ | കേ | പോ | അം | ര |
| ക | വ് | പ | രി | ശു | ദ്ധാ | ത്മാ | വ് | ണം |
| നീ | ളം | കു | റ | ഞ്ഞ | വ | ൻ | ക | സ്വീ |

രാജ്ഞി
കോട്ട
രാജാവ്
വില
തുക
മോഷണം
അംഗീകരണം
സ്വീകരണം
പോലീസ്
ആൾക്കൂട്ടം
കയറുക
മരം
കാണുക
നീളം കുറഞ്ഞവൻ
കേൾവിക്കാർ
പരിശുദ്ധാത്മാവ്
കർത്താവ്
സക്കായി

# കളിമണ്ണ് ഉപയോഗിച്ചുള്ള ബൈബിൾ കഥാ അവതരണം

ഇന്നത്തെ ബൈബിൾ കഥാ പഠനത്തിനായി കളിമണ്ണ് എടുക്കുക.

ഇന്നത്തെ ബൈബിൾ കഥാ പഠനത്തിനായി കളിമണ്ണ് എടുക്കുക. ആദ്യം കളിമണ്ണുകൊണ്ട് പശുവിനെ ഉണ്ടാക്കുകയും അതിന്റെ മുകളിലായി വിരൽ കൊണ്ട് ഒരു അടയാളം വക്കുകയും ചെയ്യുക (ബ്രാന്റ് പോലെ) ആ ബ്രാന്റ് കൊണ്ട് അർത്ഥമാക്കുന്നത് ആ പശു നിങ്ങളുടേതാണ് എന്നാണ്! ചൊവ്വാഴ്ചത്തെ ബൈബിൾ കഥ നിങ്ങൾ ഓർക്കുന്നുണ്ടോ? യേശു പറയുന്നത് എല്ലാം ശ്രദ്ധിക്കുവാൻ വേണ്ടി ഒരു വലിയ പുരുഷാരം എല്ലായ്പ്പോഴും അവനു ചുറ്റും ഉണ്ടായിരുന്നു. യേശുവിനെ വിധി കൽപ്പിക്കുമ്പോൾ അവന് എന്ത് വന്ന് ഭവിക്കും എന്നറിയുവാൻ ഒരു വലിയ പുരുഷാരം നോക്കിക്കൊണ്ടിരുന്നു എന്ന് ഇന്നലെ നാം കേട്ടു. എന്തിനായിരുന്നു എന്ന് നിങ്ങൾക്കറിയാമോ? യേശുവിനു ചുറ്റും എല്ലായ്പ്പോഴും പുരുഷാരം ഉണ്ടായിരുന്നു. അവന്റെ പേര് സക്കായി എന്നായിരുന്നു. എന്നാൽ നാം അവനെ സക്ക് എന്ന് വിളിക്കും. അവൻ യെരിഹോവിലായിരുന്നു താമസിച്ചിരുന്നത്. യോശുവ ചുറ്റി സഞ്ചരിച്ചപ്പോൾ ദൈവം മതിൽ തകർത്തു കളഞ്ഞ ചരിത്രം നടന്ന പട്ടണം ഈ പട്ടണം തന്നെയാണ്. യേശു യെരിഹോവിൽ വരികയും ആ പട്ടണത്തിലൂടെ കടന്നു പോകുകയും ചെയ്തപ്പോൾ സാക്ക് യേശുവിനെ കാണുവാനും യേശുവിൽ നിന്ന് കേൾക്കുവാനും ആഗ്രഹം പ്രകടിപ്പിച്ചു. നിനക്കോ? നിങ്ങളെപ്പോലെ സാക്ക് നീളമുള്ള ആൾ ആയിരുന്നില്ല. യേശു എങ്ങനെയുള്ളവൻ എന്ന് കാണുവാൻ അവന് എങ്ങനെ കഴിയും. യേശു പറയുന്നത് എങ്ങനെ കേൾക്കാൻ കഴിയും. എല്ലായ്പ്പോഴും യേശുവിന് ചുറ്റും ഒരു വലിയ പുരുഷാരം ഉണ്ടായിരുന്നു. ഒരു വലിയ പരേഡ് നടക്കുന്നത് പോലെയാണ് അത്. തെരുവിന് മുകളിൽ രണ്ടാം നിലയുടെ ജനാലയിലൂടെ കാണുവാൻ കഴിഞ്ഞിരുന്നു എങ്കിൽ അത് എത്ര നന്നായിരുന്നു. ആളുകൾ നിരനിരയായി പോകുമ്പോൾ നിങ്ങൾക്ക് ഒന്നും കാണുവാൻ കഴിയുകയില്ല. യേശു നടന്നു വരുന്ന വഴിയിലേക്ക് സക്കായി ഓടി യേശുവിനെ നന്നായി കാണുവാൻ വേണ്ടി ഒരു മരത്തിന്റെ മുകളിൽ കയറി.(അല്പം കളിമണ്ണ് എടുത്ത് ബോൾ പോലെയാക്കി മരത്തിന്റെ മുകളിൽ ഒരു തലയുടെ രൂപത്തിൽ വക്കുക. സാക്ക് മരത്തിനു മുകളിൽ നിന്ന് യേശുവിനെ ഒളിഞ്ഞു നോക്കുകയാണ്).

യേശു ആ മരത്തിന്റെ അടുത്ത് എത്തിയപ്പോൾ അവിടെ നിന്ന് മരത്തിൻ മുകളിലേക്ക് നോക്കി. ആ ചെറിയ മനുഷ്യനോട് ഇങ്ങനെ പറഞ്ഞു. "സക്കായിയേ, വേഗം ഇറങ്ങി വാ. ഇന്ന് ഞാൻ നിന്നോട് കൂടെ പാർക്കേണ്ടതാകുന്നു" യേശുവിനെ ഭവനത്തിലേക്ക് സ്വീകരിക്കുന്നതിൽ സക്ക് വലിയ സന്തോഷവാനായിരുന്നു.

വാസ്തവത്തിൽ അവന് തന്റെ പാപത്തെക്കുറിച്ച് അവിടെ വെച്ച് തന്നെ അനുതാപം ഉണ്ടായി. അവൻ യേശുവിനോട് പറഞ്ഞു. "എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നുണ്ട്. വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാല് മടങ്ങ് മടക്കി കൊടുക്കുന്നു" എന്ന് പറഞ്ഞു. അത് ഭയങ്കരമായിരുന്നു! സക്കായി ധനികനാണ്. വസ്തുവകയിൽ പാതി ദരിദ്രർക്ക് കൊടുക്കുന്നു എന്ന് പറയുമ്പോൾ ഓർക്കുക, അവൻ ചെറിയ ഒരു തുകയെക്കുറിച്ചല്ല പറയുന്നത്. അവൻ മരത്തിനിടയിൽ മറഞ്ഞിരുന്നിട്ടും യേശു എന്തിന് അവനെ വിളിച്ചു? യേശു അവനോടു പറഞ്ഞു "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" കാണാതെ പോയി എന്ന് ബോധ്യമുള്ളതിനെയും രക്ഷിക്കപ്പെടണം എന്ന് ആഗ്രഹം ഉള്ളവരെയും രക്ഷിപ്പാൻ യേശു ആഗ്രഹിക്കുന്നു. സാക്ക് അന്ന് യേശുവിനെ സ്വീകരിച്ചു. പെട്ടെന്നുള്ള അവന്റെ ദയാപരമായ പ്രവർത്തി അവനിലുള്ള സമ്പൂർണ്ണ മാറ്റത്തിന്റെ തെളിവാണ്. ഒരു മൃഗത്തിന്റെ മുകളിൽ മുദ്രയിട്ടത് പോലെ ആണ് ഇത് കാണിക്കുന്നത്. അവനിപ്പോൾ ദൈവത്തിന്റെ വകയാണ് എന്നാണ്. ശാരീരികമായി അവൻ മുദ്രയിടപ്പെട്ടില്ല എന്നാൽ അവനിൽ വന്ന വ്യത്യാസം ആളുകൾ വ്യക്തമായി കണ്ടു. ഇത് ഇന്നത്തെ നാടകത്തിൽ നാം കണ്ടത് പോലെയാണ്. മോട്ടുവും പട്ലുവും മറ്റുള്ളവരിൽ ചില വ്യത്യാസങ്ങൾ കണ്ടു. നിങ്ങൾക്ക് വേണ്ടിയും നിങ്ങളുടെ പാപങ്ങൾക്ക് വേണ്ടിയും മറുവിലയാകുവാൻ നിങ്ങൾ യേശുവിനെ സ്വീകരിച്ചാൽ നിങ്ങൾ യേശുവിന്റേതായി മാറും. നിങ്ങൾ യേശുവിന്റേതാണ് എന്നുള്ളതിന് തെളിവായി അവിടുന്ന് നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ നൽകും. പരിശുദ്ധാത്മാവ് നിങ്ങൾക്ക് പാപത്തെക്കുറിച്ച് ബോധ്യം നൽകുകയും നിങ്ങൾ പാപം ചെയ്യുമ്പോൾ അത് ഏറ്റു പറയുവാനും ക്ഷമ ചോദിക്കുവാനും നിങ്ങളെ സഹായിക്കുകയും ചെയ്യും, ദൈവത്തോട് അടുത്ത് ജീവിക്കുവാനും ക്രിസ്ത്യാനിയായി വളരുവാനും പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കും.

കളിമണ്ണ് കൊണ്ട് നിങ്ങൾ നിങ്ങളുടെ രൂപം തന്നെ ഉണ്ടാക്കുക.

ഇന്ന് നാം പഠിച്ച കഥയിലെ സക്കായിയെപ്പോലെ യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹം ഉണ്ടെങ്കിൽ കളിമണ്ണുകൊണ്ട് നിങ്ങൾ ഉണ്ടാക്കിയ നിങ്ങളുടെ രൂപത്തിന്മേൽ കരിശ് (ബ്രാൻഡ് അടയാളമായി പതിപ്പിക്കുക. ഇത് കാണിക്കുന്നത് നിങ്ങൾ ദൈവത്തിന്റെ വകയാണ് എന്നാണ്.


(കുട്ടികളുടെ കയ്യിൽ നിന്ന് കളിമണ്ണ് തിരികെ വാങ്ങുക.)

# ഗെയിം മനപ്പാഠ വാക്യ ടൈം



കുട്ടികൾ തറയിൽ വട്ടത്തിൽ ഇരിക്കണം. കുട്ടികൾ കാണത്തക്ക വിധത്തിൽ ബോർഡിലോ കടലാസിലോ വാക്യം എഴുതണം. ശേഷം കുട്ടികൾ പോലീസിന്റെ സ്റ്റാറോ കൈ വിലങ്ങോ അടുത്തിരിക്കുന്ന കുട്ടികൾക്ക് കൈ മാറണം. ആരുടെ കൈയ്യിലാണോ സ്റ്റാർ അല്ലെങ്കിൽ കൈവിലങ്ങ് എത്തുന്നത് അവർ അടുത്ത വാക്യം പറയണം. കാര്യങ്ങൾ കൂടുതൽ പ്രയാസമുള്ളതാക്കാൻ, കുട്ടികൾ സ്റ്റാർ അല്ലെങ്കിൽ വിലങ്ങ് വൃത്തത്തിൽ ഇരിക്കുന്ന കുട്ടികളിൽ ആരുടെ അടുത്തേക്കും എറിഞ്ഞു കൊടുക്കാം. അത് ലഭിക്കുന്ന കുട്ടി അടുത്ത വാക്ക് പറയണം.

# സ്നാക്ക് ഫ്രൂട്ട് കബാബ്



**ചേരുവകൾ:**

2 ഓറഞ്ച്

2 വാഴപ്പഴം

1 പാത്രം മുന്തിരി

1 ചെറിയ പപ്പായ ചെറിയ കഷ്ണങ്ങളാക്കിയത്

1 ചെറിയ തണ്ണിമത്തൻ ചെറിയ കഷ്ണങ്ങളാക്കി മുറിക്കുക

ടൂത്ത്പിക്കുകൾ

ചാട്ട് മസാല 2 ടേബിൾസ്പൂൺ(ശ്രദ്ധിക്കുക: ഉപയോഗിക്കേണ്ട പഴങ്ങളുടെ നിർദ്ദേശമാണ് മുകളിൽ, എന്നാൽ നിങ്ങളുടെ സ്ഥലത്ത് ലഭ്യമായ പഴ വർഗ്ഗങ്ങൾ കൊണ്ടും ഇവ ഉണ്ടാക്കാവുന്നതാണ്. രണ്ടോ മൂന്നോ വ്യത്യസ്ത നിറങ്ങളിലുള്ള പഴങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുക. ഒരുപാട് പേർക്ക് നല്കുവാനാണെങ്കിൽ കൂടുതൽ പഴവർഗ്ഗങ്ങൾ ഉപയോഗിക്കുക).

നിർദ്ദേശങ്ങൾ:

1. എല്ലാ പഴങ്ങളും തൊലി കളഞ്ഞ് ചെറിയ കഷ്ണങ്ങളാക്കി വെവ്വേറെ പാത്രങ്ങളിൽ സൂക്ഷിക്കുക
2. ഓരോ കുട്ടിക്കും ടൂത്ത് പിക്കുകൾ നൽകുകയും അവർക്ക് സ്വന്തമായി ഫ്രൂട്ട് കബാബ് ഉണ്ടാക്കാനും ചാട്ട് മസാല വിതറാനും നിങ്ങളുടെ സ്വന്തം ഫ്രൂട്ട് കബാബുകൾ ആസ്വദിക്കാനും അവരെ അനുവദിക്കുക.

# ക്രാഫ്റ്റ് ബൈനോകുലറുകൾ




**ആവശ്യമായ ഘടകങ്ങൾ:**

ഓരോ ലെൻസിന്റെയും ട്യൂബുകളുടെ പ്രിന്റ് ചെയ്ത കോപ്പി – കത്രിക

കളർ പേനകൾ

ക്രയോണുകൾ അല്ലെങ്കിൽ കളർ പെൻസിലുകൾ

പശ

ചുരുണ്ടിരിക്കുന്ന റിബൺ

പേപ്പർ പഞ്ച്

**നിർദ്ദേശങ്ങൾ:**

സ്റ്റെപ്പ് 1: ബൈനോക്കുലറുകളും രണ്ടു പേപ്പർ കഷണങ്ങളും കളർ ചെയ്യുക. നിങ്ങളുടെ ഇഷ്ടാനുസരണം അലങ്കരിക്കുക.

സ്റ്റെപ്പ് 2: ബൈനോക്കുലറുകളും കടലാസ് കഷണങ്ങളും വെട്ടി എടുത്ത് കുത്തിട്ട വരകളിലൂടെ വെട്ടിയെടുക്കുക.

സ്റ്റെപ്പ് 3: രണ്ടു ബൈനോക്കുലറുകളും പശ ഉപയോഗിച്ച് സുരക്ഷിതമായി ഒട്ടിക്കുക.

സ്റ്റെപ്പ് 4: പേപ്പർ കഷണങ്ങൾ വളഞ്ഞു പുലഞ്ഞുള്ള രീതിയിൽ ചെറുതായി മടക്കുക. (മുന്നോട്ടും പിന്നോട്ടും മൂന്നു തവണ വീതം മടക്കുക).

സ്റ്റെപ്പ് 5: ചിത്രത്തിൽ കാണിച്ചിരിക്കുന്നത് പോലെ ട്യൂബിന്റെ ഇരുവശങ്ങളിലും ഒട്ടിച്ച് വയ്ക്കുക. അങ്ങനെ ചെയ്താൽ ബൈനോക്കുലറുകൾ നിങ്ങളുടെ കണ്ണുകളിൽ ഇരിക്കത്തക്ക നിലയിൽ അടുപ്പിച്ച് വരുകയും അകലത്തിൽ വയ്ക്കുകയും ചെയ്യാം.

സ്റ്റെപ്പ് 6: ട്യൂബിൽ ഒരു സുഷിരം ഉണ്ടാക്കുക. ഇത് കടലാസിന്റെ കട്ടിയുള്ള ഭാഗത്താണ് ഇടേണ്ടത്. ഓരോ ട്യൂബിന്റെയും പുറമേ കൂടി ചുരുണ്ടിരിക്കുന്ന റിബണുകൾ കെട്ടിവയ്ക്കുക. ഇത് കുട്ടികളുടെ കഴുത്തിൽ കെട്ടിയിടാം

# ക്രാഫ്റ്റ് 4
# ബൈനോക്കുലേഴ്സ്

ഇവിടെ ഒട്ടിക്കുക

"യേശു കർത്താവാകുന്നു എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവിടുത്തെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ ദൈവം നിന്നെ രക്ഷിക്കും" റോമർ 10:9

Equip & Grow
കുട്ടികൾ പ്രാധാന്യമുള്ളവർ

# 5 നിയോഗിക്കുക

## ബൈബിൾ കഥ : ശിഷ്യന്മാർ മനുഷ്യരെ പിടിക്കുന്നവരായി മാറുന്നു.

## ടകം/സ്കിറ്റ്നാ

ചീഫ് ഇൻസ്പെക്ടർ: ഹേ, മാന്യവ്യക്തികളെ! (വായ് പൊത്തി പിടിച്ചുകൊണ്ട് "കള്ളന്മാർ")

പട്ല്യ: ഹേ ചീഫ് ഇൻസ്പെക്ടർ

മോട്ടു: ഹലോ!

ചീഫ് ഇൻസ്പെക്ടർ: ഇന്നത്തെ ദിവസം എങ്ങനെ പോകുന്നു?

പട്ല്യ: ഓക്കെ, നല്ലതാണ് എന്നല്ല ഓക്കെ എന്നേയുള്ളൂ.

മോട്ടു: അതേ, ഇന്നൊരു 'ഓക്കെ' ദിവസമാണ്.

ചീഫ് ഇൻസ്പെക്ടർ: ഒക്കേയോ? നിങ്ങൾ ഓർക്കണം ഒരാഴ്ച മുൻപ് നിങ്ങൾ ഒളിച്ചിരുന്നവർ ആയിരുന്നു, നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുന്നതിനേക്കാൾ അപ്പുറത്ത് പാപങ്ങൾ ചെയ്തതു നിമിത്തം നിങ്ങളെ ഞാൻ ജയിലിൽ ഇടുവാൻ തുടങ്ങിയിരുന്നു. ശരിയല്ലേ?

പട്ല്യ: അതേ, ഞാൻ ഓർക്കുന്നു.

മോട്ടു: ഇപ്പോൾ ഞങ്ങൾ നന്നായി ജീവിക്കുന്നു.

ചീഫ് ഇൻസ്പെക്ടർ: ഞാൻ അങ്ങനെ കരുതുന്നു.

പട്ല്യ: ഞങ്ങൾ "രാജാവിന്റെ" ഓഫർ സ്വീകരിച്ചോ എന്ന് ഞങ്ങളോട് താങ്കൾ ഒരിക്കലും ചോദിച്ചില്ലല്ലോ.

ചീഫ് ഇൻസ്പെക്ടർ: എനിക്ക് അത് പറയുവാൻ കഴിയുകയില്ല എന്ന് നിങ്ങൾ കരുതിയോ? നിങ്ങൾ ആ ഓഫർ സ്വീകരിക്കും എന്ന് എനിക്ക് മുൻപേ അറിയാമായിരുന്നു.

പട്ല്യ: അദ്ദേഹത്തിനു വേണ്ടി ജോലി ചെയ്തു കൊടുക്കാമോ എന്ന് അദ്ദേഹമാണ് ഞങ്ങളോട് ചോദിച്ചത്.

മോട്ടു: അദ്ദേഹത്തിന് വേണ്ടി ഇനിയും അധികം ജോലി ചെയ്തു കൊടുക്കാമോ എന്ന് ഞങ്ങളോട് പിന്നെയും പറയും എന്ന് ഞാൻ ചിന്തിക്കുന്നു.

ചീഫ് ഇൻസ്പെക്ടർ: നിങ്ങൾക്ക് തരുവാൻ ചില ജോലികൾ കൂടി രാജാവ് എന്നെ ഏൽപ്പിച്ചിരിക്കുന്നു.

പട്ല്യ: ഓക്കെ, എന്താണത്? ഞങ്ങൾ തയ്യാറാണ് (പക്ഷികളെപ്പോലെ ചിറക് വിടർത്തി) ഞങ്ങൾ സ്വതന്ത്രരാണ്.

ചീഫ് ഇൻസ്പെക്ടർ: പട്ടണത്തിന്റെ തെക്കു ഭാഗത്തായി കള്ളന്മാരുടെ ശല്യം ഉണ്ട്.

പട്ല്യ: എന്റെ അപാര കഴിവു കൊണ്ട് ഞാൻ പോയി അവരെ കണ്ടുപിടിക്കണമോ?

മോട്ടു: കണ്ടുപിടിക്കാനുള്ള എന്റെ കഴിവു കൊണ്ട് ഞാൻ പതുങ്ങി അവരുടെ അടുക്കൽ ചെല്ലണമോ?

പട്ല്യ: ഞങ്ങൾ നല്ല വേട്ടക്കാരാണ് അറിയാമോ?

ചീഫ് ഇൻസ്പെക്ടർ: അവർ എവിടെ നിന്നും ഉള്ളവരാണെന്നും അവർ എന്ത് ചെയ്യുന്നു എന്നും ഞങ്ങൾക്കറിയാം.

പട്ല്യ: അത് ജോലി വളരെ എളുപ്പമാക്കുമല്ലോ?

മോട്ടു: ഞങ്ങളുടെ ആവശ്യം എന്താണ്?

ചീഫ് ഇൻസ്പെക്ടർ: പാലത്തിന്റെ അടിയിൽ ചവറു കൂനയുടെ അടുത്തായി നിങ്ങൾക്ക് ഇന്ന് രാത്രിയിൽ അവരെ കാണുവാൻ കഴിയും.

മോട്ടു: ഞങ്ങൾ എന്താണ് അവരോടു ചെയ്യേണ്ടത്?

ചീഫ് ഇൻസ്പെക്ടർ: എനിക്ക് അവർക്കു വേണ്ടി രാജാവിന്റെ കയ്യിൽ നിന്നും ഓഫർ വാങ്ങേണ്ടതായുണ്ട്.

പട്ല്യ: അവർ ഓഫറിനെക്കുറിച്ച് കേൾക്കുമോ?

ചീഫ് ഇൻസ്പെക്ടർ: നിങ്ങളെപ്പോലെ അല്ലായെങ്കിൽ

പട്ല്യ: ഞങ്ങളെപ്പോലെയോ?

ചീഫ് ഇൻസ്പെക്ടർ: നിങ്ങൾ ബേക്കറിയിൽ മോഷണം നടത്തിയപ്പോൾ കടയുടമ നിങ്ങൾക്ക് ഒരു ഓഫർ തന്നു.

മോട്ടു: ഞങ്ങൾ ഞങ്ങളെ കുറിച്ച് തന്നെ ഒന്ന് ചിന്തിക്കണം എന്ന് അദ്ദേഹം ഞങ്ങളോട് പറഞ്ഞു.

ചീഫ് ഇൻസ്പെക്ടർ: അതായിരുന്നു നിങ്ങൾക്കുള്ള ആദ്യ ഓഫർ

പട്ല്യ: ഓ. അത് ജഡ്ജിയിൽ നിന്നാണോ ബേക്കറിയുടെ ഉടമയിൽ നിന്നാണോ രാജാവിൽ നിന്നാണോ ലഭിച്ചത്?

ചീഫ് ഇൻസ്പെക്ടർ: ഉറപ്പാണ്, നിങ്ങൾക്ക് അവനെ പെട്ടെന്ന് പിടിക്കുവാൻ സാധിക്കുകയില്ല. ഇതാ, ഇതു നിങ്ങൾക്ക് ആവശ്യമാണ്.

പട്ല്യ: ബാഡ്ജുകളോ? ഇവ കളിപ്പാട്ട നക്ഷത്രങ്ങൾ ആണല്ലോ?

മോട്ടു: നിങ്ങൾ എന്താണ് സാർ ചെയ്യാൻ പോകുന്നത്?

ചീഫ് ഇൻസ്പെക്ടർ: ഈ പട്ടണത്തിലുള്ള എല്ലാവർക്കും അദ്ദേഹം ഓഫർ നൽകുന്നത് നിങ്ങൾക്ക് അത്ഭുതമായിരിക്കും.

മോട്ടു: നമ്മൾ ഇന്ന് ആളുകളെ അറസ്റ്റ് ചെയ്യുമോ? ഈ സ്റ്റാരിന്റെ അർത്ഥം നാം "ഇന്നത്തെ പോലീസ്" ആണ് എന്നാണോ?

ചീഫ് ഇൻസ്പെക്ടർ: ഒരുപക്ഷേ അങ്ങനെയാകാം. ആ വ്യക്തിക്ക് നീതി വേണം എന്ന വാക്ക് കേൾക്കുമ്പോൾ രാജാവ് കാത്തിരിക്കുന്നു. നിങ്ങളും ആ പദ്ധതിയുടെ ഭാഗമാണ്. അദ്ദേഹം ഓഫർ നൽകിയിരിക്കുന്ന ഒരുപാട് ആളുകളുടെ ലിസ്റ്റ് എന്റെ പക്കൽ ഉണ്ട് അത് നൽകേണ്ട ശരിയായ സമയം നാം കണ്ടെത്തണം.

# പ്രധാന പാഠം

**ലൂക്കോസ് 5:1-11**

നിങ്ങളെ ആവശ്യമുണ്ട്. നിങ്ങൾ ജയിലിൽ അടയ്ക്കപ്പെടാമായിരുന്നു.
നിങ്ങൾക്ക് ജാമ്യം ലഭിച്ചു. നിങ്ങൾ ബ്രാൻഡ് ആണ്.
ഇന്ന് നാം സംസാരിക്കാൻ പോകുന്നത് നിയോഗിക്കുക എന്ന വിഷയത്തെ കുറിച്ചാണ്. നിങ്ങൾക്കുള്ള ഒരു ജോലി യേശുവിന്റെ പക്കൽ ഉണ്ട്. "പക്ഷേ ഞാൻ അതിനു തയ്യാറല്ല" എന്ന് നിങ്ങൾ പറയുമോ? നിങ്ങളെ ഉപയോഗിക്കുവാൻ വേണ്ടിയാണ് യേശു തിരഞ്ഞെടുത്തത് എന്നെ അനുഗമിക്കുക എന്ന് യേശു പറയുന്നതും കാത്ത് അനേകർ ഈ ലോകത്ത് ഉണ്ട്.
ഞങ്ങൾ ദൈവത്തിനു നല്ലവരാണ് എന്ന് കരുതുന്ന സുഹൃത്തുക്കൾ ഒരുപക്ഷേ നിങ്ങൾക്ക് ഉണ്ടാകാം. എന്നാൽ അത് സത്യമല്ല. നിങ്ങൾ പാഠഭാഗം ഓർക്കുന്നുണ്ടോ? യേശു മരിച്ചത് ആരോഗ്യമുള്ളവർക്കായിട്ടല്ല രോഗമുള്ളവർക്കായിട്ടാണ്. നാം ആരോഗ്യം ഉള്ളവർ ആണെന്നും നമ്മുടെ കരുത്ത് മതിയായതാണെന്നും നാം ചിന്തിക്കുന്നിടത്തോളം കാലം നാം നഷ്ടമാക്കുന്നത് പ്രധാന ആശയത്തെയാണ്.
നാം എല്ലാത്തിനും മതിയായവരാണ് എന്ന അവസ്ഥയല്ല ദൈവം ആഗ്രഹിക്കുന്നത്. ഞങ്ങൾ പാപികൾ ആണ് എന്ന് സമ്മതിക്കുന്നവരേയും ഞങ്ങളുടെ പാപക്കടം യേശു വീട്ടി എന്ന് അംഗീകരിക്കുന്നവരേയുമാണ് യേശുവിന് ആവശ്യം.
ഇന്നത്തെ നമ്മുടെ ബൈബിൾ വാക്യം. "അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? റോമർ 10:14b.
നിങ്ങൾക്കുള്ള ചോദ്യം ഇതാണ് നിങ്ങൾ നിങ്ങളുടെ സുഹൃത്തുക്കളോട് പറയാതെ അവരെങ്ങനെ യേശുവിനെക്കുറിച്ച് കേൾക്കും?
മറ്റുള്ളവരോട് പറയുവാൻ തക്കവണ്ണം എന്തെങ്കിലും ഒരു സദ്വാർത്ത നിങ്ങൾക്ക് എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ? എന്താണ് സംഭവിച്ചത് എന്ന് അവർ അറിയുന്നത് വരെ നിങ്ങൾ കാത്ത് നിൽക്കില്ല.
ദൈവം നമുക്ക് വലിയ സദ്വാർത്ത തന്നിട്ടുണ്ട്. നാം നമ്മുടെ പാപക്കടം വീട്ടേണ്ടതില്ല. യേശു അത് ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. നിങ്ങൾ പറയാതെ നിങ്ങളുടെ സുഹൃത്തുക്കൾ എങ്ങനെ കേൾക്കും.
ഒരിക്കൽ യേശു ഗലീല കടൽക്കരയിൽ നിൽക്കുകയായിരുന്നു. ദൈവവചനം കേൾക്കുവാൻ ആളുകൾ തിങ്ങിക്കൂടി.(കളിമണ്ണുകൊണ്ട് പുരുഷാരത്തെ നിർമ്മിക്കുക). ആളുകൾ അധികമായപ്പോൾ അവർ വചനം കേൾക്കുന്നുണ്ട് എന്ന് യേശുവിന് ഉറപ്പ് വരുത്തണമായിരുന്നു. യേശു പത്രോസിന്റെ പടകിൽ കയറി അല്പം നീക്കേണം എന്ന് അപേക്ഷിച്ച ശേഷം ആ പടകിൽ ഇരുന്നുകൊണ്ട് യേശു ജനത്തെ പഠിപ്പിച്ചു. (ബോട്ടും തിരമാലയും കളിമണ്ണുകൊണ്ട് നിർമ്മിക്കുക). യേശു പുരുഷാരത്തെ പഠിപ്പിച്ച് തീർന്നതിനു ശേഷം.
ശേഷം യേശുവിനോടൊപ്പം മീൻ പിടിത്തത്തിന് വരുവാൻ പത്രോസിനെ ക്ഷണിച്ചു. പത്രോസ് രാത്രി മുഴുവനും അദ്ധ്വാനിച്ച ആൾ ആണ് എങ്കിലും അവൻ മീൻ പിടിത്തത്തിനായി പടകിൽ കയറി. മീൻ പിടുത്തക്കാർ (പത്രോസും) വല ഇറക്കുമ്പോൾ വല കീറാറാകും വിധം പെരുത്ത മീൻ കൂട്ടം കിട്ടി. പത്രോസും യാക്കോബും യോഹന്നാനും മീൻ പിടുത്തത്തിൽ ആശ്ചര്യപ്പെട്ടു (കളിമണ്ണുകൊണ്ട് മീനിനെ നിർമ്മിക്കുക).
പത്രോസ് മുട്ടിന്മേൽ ഇരുന്നു പറഞ്ഞു "ഞാൻ പാപിയായ മനുഷ്യൻ ആകയാൽ എന്നെ വിട്ടു പോകേണമേ" അവനെ അവിടെ വിട്ടു പോകുന്നതിനു പകരം യേശു പറഞ്ഞു "ഭയപ്പെടേണ്ട ഇന്നുമുതൽ നിങ്ങൾ മനുഷ്യരെ പിടിക്കുന്നവരാകും"(കളിമണ്ണുകൊണ്ട് ചില മനുഷ്യരെ നിർമ്മിക്കുക).
നമ്മുടെ പാപങ്ങൾക്കായി യേശു ക്രൂശിൽ മരിച്ചു എന്നും ദൈവത്തോടുള്ള ബന്ധം പുനസ്ഥാപിച്ചു എന്നുമുള്ള സദ്വാർത്ത പങ്കുവയ്ക്കുവാൻ ആണ് യേശു നമ്മളോട് ആവശ്യപ്പെടുന്നത്. നാം യേശുവിനെ അനുഗമിക്കുമ്പോൾ നമ്മുടെ സുഹൃത്തുക്കൾ, കുടുംബക്കാർ, അയൽക്കാർ എന്നിവരോട് സദ്വർത്തമാനം പറയാനുള്ള ആളുകളായി നാം മാറുന്നു.
നിങ്ങൾക്ക് അത് ഇഷ്ടമാണോ?
പ്രാർത്ഥിക്കാം.
"യേശുവേ എന്റെ സുഹൃത്തുക്കളോടും കുടുംബക്കാരോടും പറയുവാൻ ആ സദ്വർത്തമാനം എന്റെ പക്കൽ എല്പ്പിച്ചതിനു നന്ദി. ഞാൻ അങ്ങയെ അനുസരിക്കും. അങ്ങയെക്കുറിച്ച് മറ്റുള്ളവരോട് പറയുന്ന ശുശ്രൂഷ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു. എന്നെ സഹായിക്കുന്നതിനു നന്ദി.
ഇന്നത്തെ നാടകത്തിൽ കണ്ടതുപോലെ ഞാനും നിങ്ങളും നിയോഗിതരായവരാണ്. എന്നാൽ അതല്ല കഥയുടെ അവസാനം. നാം മനുഷ്യരെ പിടിക്കുന്നവർ ആകണം എന്ന് യേശു നമ്മോടു ആവശ്യപ്പെടുന്നു. മറ്റുള്ളവരുമായി പങ്കിടുവാൻ നമ്മുടെ പക്കൽ സദ്വാർത്തയുണ്ട്.
നമ്മുടെ അഞ്ച് വാക്യങ്ങളും നമുക്ക് പറയാം.
1.റോമർ 3:23 ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ ഇല്ലാത്തവരായിത്തീർന്നു,
2.റോമർ 6:23 പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ.
3.റോമർ 5:8 ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.
4.റോമർ 10:9 യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും.
5.റോമർ 10:14 എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും?

# മനപ്പാഠ വാക്യം

“എന്നാൽ അവർ വിശ്വസിക്കാതെ എങ്ങനെ വിളിച്ചപേക്ഷിക്കും? കേൾക്കാതെ എങ്ങനെ വിശ്വസിക്കും? സദ്വാർത്ത പ്രഖ്യാപനം ചെയ്യാതെ എങ്ങനെ കേൾക്കും? അയയ്ക്കപ്പെടാതെ എങ്ങനെ പ്രഖ്യാപനം ചെയ്യും?” റോമർ 10:14

# വോട്ടിംഗ്

ഒന്നാം നൂറ്റാണ്ടിലെ ശിഷ്യന്മാരുടെ കാലഘട്ടത്തിൽ കുട്ടികൾ ജീവിച്ചിരുന്നത് ശിഷ്യന്മാർ ചെയ്യുന്ന കാര്യങ്ങളും അവിടെ സംഭവിക്കുന്ന കാര്യങ്ങളും നേരിട്ട് കാണുന്നതായി ഭാവനയിൽ സങ്കൽപ്പിക്കുവാൻ അവരെ ആഹ്വാനം ചെയ്യുക. ശിഷ്യന്മാരിൽ ഒരാൾ അവരായിരുന്നുവെങ്കിൽ അവർക്കിതെല്ലാം വ്യക്തിപരമായി എങ്ങനെ തോന്നുമായിരുന്നു എന്ന് സങ്കൽപ്പിക്കുന്നത് നല്ലതാണ്. ‘ഇന്ന് മുതൽ നിങ്ങൾ മനുഷ്യരെ പിടിക്കുന്നവർ ആകും” എന്ന് പറഞ്ഞത് ശിഷ്യന്മാർക്ക് മനസ്സിലായോ?

-വല ഉപയോഗിച്ച് വെള്ളത്തിൽ നിന്ന് മനുഷ്യരെ എങ്ങനെ പിടിക്കും എന്ന് പടകിലിരുന്ന ശിഷ്യന്മാർക്ക് മനസ്സിലായില്ല.

-മീൻ പിടുത്തം അവസാനിപ്പിക്കുവാനും ആളുകൾ രക്ഷിക്കപ്പെടത്തക്കവണ്ണം അവരോട് എങ്ങനെ സുവിശേഷം പറയണമെന്ന് അവർ പഠിക്കണം എന്നാണ് യേശു പറഞ്ഞത് എന്ന് പടകിലിരുന്ന ശിഷ്യന്മാർക്ക് മനസ്സിലായി.


5 ടൈം വോട്ടിംഗ്

## ശിഷ്യന്മാർ മനുഷ്യരെ പിടിക്കുന്നവരായി മാറുന്നു.

ഇന്ന് മുതൽ നിങ്ങൾ മനുഷ്യരെ പിടിക്കുന്നവർ ആകും എന്ന് പറഞ്ഞത് ശിഷ്യന്മാർക്ക് മനസ്സിലായോ?

| വല ഉപയോഗിച്ച് വെള്ളത്തിൽ നിന്ന് മനുഷ്യരെ എങ്ങനെ പിടിക്കും എന്ന് പടകിലിരുന്ന ശിഷ്യന്മാർക്ക് മനസ്സിലായില്ല. | മീൻ പിടുത്തം അവസാനിപ്പിക്കുവാനും ആളുകൾ രക്ഷിക്കപ്പെടത്തക്കവണ്ണം അവരോട് എങ്ങനെ സുവിശേഷം പറയണമെന്ന് അവർ പഠിക്കണം എന്നാണ് യേശു പറഞ്ഞത് എന്ന് പടകിലിരുന്ന ശിഷ്യന്മാർക്ക് മനസ്സിലായി. |
|---|---|
| ഈസി | |
| മീഡിയം | |
| പ്രയാസമേറിയത് | |
| അഡ്വാൻസ്ഡ് | |

Equip & Grow
കുട്ടികൾ പ്രധാന്യമുള്ളവർ



# ദിവസം 5 സ്റ്റുഡന്റ് ബുക്ക്സ്


## മുതിർന്ന വിദ്യാർത്ഥികൾക്കുള്ള ചോദ്യങ്ങളും ഉത്തരങ്ങളും

**1.“ഇന്ന് മുതൽ നിങ്ങൾ മനുഷ്യരെ പിടിക്കുന്നവർ ആകും.” പത്രോസിനോട് ഇത് പറയുമ്പോൾ യേശു എന്താണ് ഉദ്ദേശിച്ചത്?**
ഉത്തരം പത്രോസിന്റെ ജോലിയുടെ സ്വഭാവം മാറുകയാണെന്നും ഇന്ന് മുതൽ അവൻ പടകിൽ അല്ല ജോലി ചെയ്യുന്നത് എന്നുമാണ് യേശു പറഞ്ഞത്. പത്രോസ് എല്ലാവരോടും യേശുവിനെക്കുറിച്ച് പറയണം എന്ന് യേശു ആഗ്രഹിക്കുന്നു. ആരെങ്കിലും യേശുവിൽ വിശ്വസിച്ചാൽ അത് വലിയ മീൻ പിടുത്തം പോലെയാണ്.


**2.അവനിൽ വിശ്വസിച്ചതിന് ശേഷം നാം എന്ത് ചെയ്യേണം എന്നാണ് യേശു ആഗ്രഹിക്കുന്നത് എന്ന് വിശദീകരിക്കുക.**
ഉത്തരം “സകല ജാതികളേയും ശിഷ്യരാക്കി കൊൾവിൻ”...
ഞാൻ നിങ്ങളോട് കൽപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം (മത്താ. 28: 19-20). നാം യേശുവിനെ കുറിച്ച് വിശ്വസിക്കുന്ന കാര്യങ്ങളും അവിടുന്ന് നമുക്കായി ചെയ്ത കാര്യങ്ങളും നാം മറ്റുള്ളവരോട് പറയണം എന്ന് യേശു ആഗ്രഹിക്കുന്നു.

**3.നിങ്ങൾ യേശുവിനെക്കുറിച്ച് പറഞ്ഞത് നിങ്ങളുടെ ഒരു സുഹൃത്ത് കേൾക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു എങ്കിൽ അടുത്ത പടിയായി നിങ്ങൾ എന്ത് ചെയ്യും?** ഉത്തരം: അവരുടെ പാപങ്ങൾ മായിച്ചു കിട്ടേണ്ടതിനായി യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുവാനുള്ള പ്രാർത്ഥന നിങ്ങൾക്കൊപ്പം പ്രാർത്ഥിക്കുവാൻ അവരോട് ആവശ്യപ്പെടുക. അദ്ധ്യാപകരേ, നിങ്ങൾക്ക് സമയം ഉണ്ടെങ്കിൽ രക്ഷയുടെ പ്രാർത്ഥനയുടെ മാതൃക കുട്ടികൾക്ക് പറഞ്ഞു കൊടുത്ത് അഭ്യസിപ്പിക്കാം. അവർ തമ്മിൽ പറഞ്ഞും അത് അഭ്യസിക്കാം.

**ചിത്രം ക്രമമല്ലാത്ത നിലയിൽ വച്ചിരിക്കുന്നു. ഈ ബോക്സുകളിൽ ഓരോ നമ്പറുകളും വരേണ്ട സ്ഥാനത്ത് അവ എഴുതുക.**




**“ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവർ ആക്കും? ഇവ രണ്ടു കാര്യങ്ങളും പിടിക്കുവാൻ നിങ്ങൾ എന്തെല്ലാം ആണ് ഉപയോഗിക്കുക?**




# സ്റ്റുഡന്റ് ബുക്ക്സ്


## പദപ്രശ്നം

ചിത്രത്തിലേക്ക് ചൂണ്ടിക്കാണിക്കുന്ന അമ്പടയാളത്തിൽ നിന്ന് ആരംഭിച്ച് എക്സിറ്റ് അടയാളത്തിലേക്ക് വരകളൊന്നും കടക്കാത്ത ഒരു തുറന്ന പാത കണ്ടെത്തുക.


### അഡ്വാൻസ്ഡ് – പ്രയാസമേറിയത്



### ഈസി



### മീഡിയം




### വാക്കുകൾ കണ്ടെത്തുക

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കേ | ഏ | വി | പ | സം | വി | ക | യേ | വി |
| ക | ൾ | റ | പ | ട | റോ | മീ | ശു | ശ്വ |
| മീ | യു | ക്ക | ഗ | കേ | ക് | ക്ഷ | പ | സി |
| ക | വി | ഏ | ക | പ | ണം | റോ | പാ | ക്ക |
| റോ | പ | ങ്കി | ട | ൽ | ത്രോ | ട്ട് | വി | ക |
| വി | മാ | റോ | മീ | പ | ഏ | സ് | കേ | പ്ര |
| ഏ | ശ്വാ | ക്കാ | ബ | ന്ധം | ഏ | ദ | വി | സം |
| മീ | ഗ | സം | ർ | കേ | വി | ക | യം | ഗി |
| ഗ | ലി | ലി | ഗ | ല | വ | റോ | മീ | ക്ക |
| മീ | ൻ | പി | ടി | ത്ത | ക്കാ | ർ | പ | ക |


കേൾക്കുക
വിശ്വസിക്കുകപ്രസംഗിക്കുക
പറയുക
മീൻ പിടിത്തക്കാർ
ക്ഷണം
പങ്കിടൽ
വിശ്വാസം
പടക്
ഹൃദയം
പാട്ട്
ബന്ധം
വല
പത്രോസ്
റോമാക്കാർ
യേശു
ഗലീലി

### ഒരേ പോലുള്ള രണ്ടു ചിത്രത്തിന് ചുറ്റും വരയ്ക്കുക

.



ഒരേ പോലുള്ള രണ്ടു ചിത്രത്തിന് ചുറ്റും വരയ്ക്കുക.



# കളിമണ്ണ് ഉപയോഗിച്ചുള്ള ബൈബിൾ കഥാ അവതരണം


കളിമണ്ണ് ഉപയോഗിച്ചുള്ള ബൈബിൾ കഥാ അവതരണം!

ഒരിക്കൽ യേശു ഗലീല കടൽക്കരയിൽ നിൽക്കുകയായിരുന്നു. ദൈവവചനം കേൾക്കുവാൻ ആളുകൾ തിങ്ങിക്കൂടി. ആളുകൾ അധികമായപ്പോൾ അവർ വചനം കേൾക്കുന്നുണ്ട് എന്ന് യേശുവിന് ഉറപ്പ് വരുത്തണമായിരുന്നു. യേശു പത്രോസിന്റെ പടകിൽ കയറി അല്പം നീക്കേണം എന്ന് അപേക്ഷിച്ചു. ശേഷം യേശുവിനോടൊപ്പം മീൻ പിടിത്തത്തിന് വരുവാൻ പത്രോസിനെ ക്ഷണിച്ചു. പത്രോസ് രാത്രി മുഴുവനും അദ്ധ്വാനിച്ച ആൾ ആണ് എങ്കിലും അവൻ മീൻ പിടിത്തത്തിനായി പടകിൽ കയറി. മീൻ പിടുത്തക്കാർ (പത്രോസും) വല ഇറക്കുമ്പോൾ വല കീറാറാകും വിധം പെരുത്ത മീൻ കൂട്ടം കിട്ടി. പത്രോസും യാക്കോബും യോഹന്നാനും മീൻ പിടുത്തത്തിൽ ആശ്ചര്യപ്പെട്ടു.
പത്രോസ് മുട്ടിന്മേൽ ഇരുന്നു പറഞ്ഞു “ഞാൻ പാപിയായ മനുഷ്യൻ ആകയാൽ എന്നെ വിട്ടു പോകേണമേ” അവനെ അവിടെ വിട്ടു പോകുന്നതിനു പകരം യേശു പറഞ്ഞു “ഭയപ്പെടേണ്ട ഇന്നുമുതൽ നിങ്ങൾ മനുഷ്യരെ പിടിക്കുന്നവരാകും”.
(വിദ്യാർത്ഥികളിൽ നിന്ന് കളിമണ്ണ് ശേഖരിക്കുക.)



# ഗെയിം മനപ്പാഠ വാക്യ ടൈം

മന:പ്പാഠ വാക്യം പറയുന്നതിനായി കുട്ടികൾ ഒന്നിനു പുറകെ ഒന്നായി വരിവരിയായി നിൽക്കണം. അവർ ഓരോ ചുവടുകൾ മുന്നോട്ടു വയ്ക്കുംപോഴ്ഴും എണ്ണി എണ്ണി വയ്ക്കണം. അവർ ഓരോരുത്തരും തിരിഞ്ഞു നിന്ന് മുഖാമുഖം നോക്കി വാക്യം പറയണം. വേഗത്തിൽ വാക്യം പറയുന്ന കുട്ടി ജയിക്കും. ബലൂൺ വീർപ്പിക്കുന്ന ഗെയിം ഉപയോഗിച്ച് കഴിഞ്ഞ ഒരാഴ്ചത്തെ വാക്യം മുഴുവൻ പറയണം. ബൈബിൾ റഫറൻസ് ബലൂണിന്റെ മുകളിൽ എഴുതണം. കുട്ടികളെ ടീമുകളായി വിഭജിക്കുക. ഓരോ ടീമുകൾ ഓരോ കുട്ടികളെ തിരഞ്ഞെടുത്ത് ബലൂണിന്റെ അടുത്തേക്ക് അയയ്ക്കണം. ബലൂണിനു മുകളിൽ എഴുതിയിരിക്കുന്ന റഫറൻസ് ആ കുട്ടികൾ വായിക്കണം. ഓരോ ടീമും വാക്യം പറയുമ്പോൾ തിരഞ്ഞെടുക്കപ്പെട്ട കുട്ടി ബലൂൺ ഊതി വീർപ്പിക്കുകയും ടീം അംഗങ്ങൾ പറഞ്ഞ വാക്യം കറക്റ്റ് ആണോ എന്നും നോക്കുക. വാക്യം എഴുതിയ പേപ്പർ ഭിത്തിയിൽ ബലൂണിന് അടിയിലായി ഒട്ടിച്ചു വയ്ക്കുക




# സ്നാക്ക് ബേൽ



**അരി നാല് കപ്പ്,**

വറുത്ത പൊട്ടു കടല ഒരു കപ്പ്

വറുത്ത കപ്പലണ്ടി 4 ടേബിൾ സ്പൂൺ

ഉള്ളി നന്നായി അരിഞ്ഞത് 4 ടേബിൾസ്പൂൺ

തക്കാളി നന്നായി അരിഞ്ഞത് 4 ടേബിൾസ്പൂൺ

ഉപ്പ് പാകത്തിന്

മസാല 2 ടീസ്പൂൺ

സോസ് രണ്ടു ടേബിൾസ്പൂൺ

നാരങ്ങാ നീര് ഒരു ടേബിൾസ്പൂൺ

മല്ലിയില അരിഞ്ഞത്

**ഉണ്ടാക്കുന്ന വിധം**

1. അരി വറുത്ത കടല, കപ്പലണ്ടി, ഉള്ളി, തക്കാളി, ഉപ്പ്, മസാല, സോസ്, നാരങ്ങാ നീര് എന്നിവ ഒരുമിച്ച് ചേർത്ത് ഇളക്കുക.
2. അതിലേക്ക് ചോളം ഇടുക. അതിനു മുകളിൽ മല്ലിയില ഇട്ട് ഇളക്കുക.

# ക്രാഫ്റ്റ് രാജകീയ കിരീടം

**മെറ്റീരിയൽസ്**

- കിരീടത്തിന്റെ മാതൃക പ്രിന്റ് എടുക്കുക (ഓരോ കുട്ടിക്കും മൂന്നു കിരീടങ്ങൾ വീതം എടുക്കണം). “ഞാൻ രാജാവിന്റെ പൈതൽ ആണ്” എന്ന ഭാഗം പ്രിന്റ് ചെയ്യുമ്പോൾ അത് രണ്ടു കുട്ടികൾക്ക് പര്യാപ്തമാണ്.



കത്രിക

പശ അല്ലെങ്കിൽ ടേപ്പ്

കളർ പെൻസിൽ, ക്രയോൺ, കളർ പേനകൾ


**നിർദ്ദേശങ്ങൾ:**

സ്റ്റെപ്പ് 1. കിരീടം കളർ ചെയ്യുകയും നിങ്ങളുടെ ഇഷ്ടാനുസരണം അലങ്കരിക്കുകയും ചെയ്യുക. (സ്റ്റിക്കറുകൾ, അലങ്കാര തൊങ്ങലുകൾ, ചെറിയ പ്ലാസ്റ്റിക്ക്, അലങ്കാര വസ്തുക്കൾ എന്നിവ കൊണ്ട് അലങ്കരിക്കാവുന്നതാണ്).


സ്റ്റെപ്പ് 2. കുത്തിട്ട വരകളിലൂടെ കിരീടം വെട്ടിയെടുക്കുക.

സ്റ്റെപ്പ് 3. ഇത് ടേപ്പോ പശയോ കൊണ്ട് ഒട്ടിക്കുക. മനോഹരമായ നിങ്ങളുടെ കിരീടം തയ്യാർ.

# ദിവസം 5 സ്റ്റുഡന്റ് ബ്യൂക്ക്സ്



# ദിവസം 5 സ്റ്റുഡന്റ് ബുക്ക്സ്



# ഗെയിം സമയം

കുട്ടികൾ വളഞ്ഞു പുളഞ്ഞു മുന്നോട്ട് ഓടണം. ഈ കളി അവസാനിക്കുമ്പോൾ അവർ വിശ്രമിക്കുന്ന സമയത്ത് അവരുടെ അടുക്കൽ ചെല്ലുകയും അവരിൽ നിന്ന് കേൾക്കുകയും ചെയ്താൽ ഇത് അവർക്ക് വളരെ രസകരമായി തോന്നും. ഇത് അവരെ ഒരുമിക്കുന്നതിനും മത്സരിപ്പിക്കുന്നതിനും സഹായിക്കും. ഓരോ ദിവസവും നിരവധി രസകരമായ അവസരം ഉണ്ടാക്കുവാൻ ഇങ്ങനെയുള്ള ഗെയിമുകൾ സഹായിക്കും. ഓരോ ദിവസവും അവസാനിക്കുമ്പോഴും ഏത് കളർ റിബൺ/പഴ വർഗ്ഗങ്ങൾ നിറമായി സ്വീകരിച്ച ടീമാണ് ജയിക്കുന്നതെന്ന് അനൌൺസ് ചെയ്യണം. ഇവയുടെ ഒരു ട്രാക്ക് ഉണ്ടാക്കാൻ മറക്കരുത്.

## ദിവസം 1 ഗെയിം സമയം

### ടിപ് ടോ വാട്ടർ ബോട്ടിൽ വോക്ക്

You will need:

1.നിങ്ങൾക്കാവശ്യമാണ്:

2.· വെള്ളം നിറച്ച 6 പ്ലാസ്റ്റിക്ക് കുപ്പികൾ

3.· കണ്ണ് കെട്ടാൻ ഉള്ള തുണി

4.· കഴുകി കളയാവുന്ന മാർക്കറോ, ചോക്കോ.

നിർദ്ദേശങ്ങൾ

1. നിലത്ത് നീളമുള്ള ഒരു വര വരയ്ക്കുക. വര തുടങ്ങുന്നയിടത്തും അവസാനിക്കുന്നയിടത്തും മാർക്കറോ ചോക്കോ വയ്ക്കുക.
2. വെള്ളം നിറച്ച കുപ്പികൾ വരയിൽ വയ്ക്കുക.
3. ഒരു കുട്ടിയുടെ കണ്ണ് തുണികൊണ്ട് മൂടി കെട്ടുക.
4. കണ്ണ് കെട്ടിയ ഓരോ കുട്ടിയും കുപ്പി മറിച്ചിടാതെ വരയിലൂടെ നടന്നു പോവുക.
5. കുട്ടി കുപ്പി തട്ടുന്നു എങ്കിൽ ആ കുട്ടി കളിയിൽ നിന്ന് പുറത്താകും.
6. കുപ്പി തട്ടി കളയാതെ മുന്നോട്ടു പോയ കുട്ടി ജയിക്കും.





ഓരോ ദിവസവും അനേകം തമാശകൾ നിറഞ്ഞ കളികൾ പ്രദാനം ചെയ്യുന്ന കുട്ടികൾക്ക് ഇഷ്ടപ്പെട്ട ഒരു സ്റ്റേഷൻ ആയിരിക്കും ഇത്. ഏത് നിറത്തിലുള്ള പഴവർഗ്ഗങ്ങൾ അഥവാ റിബണുകൾ ഉപയോഗിക്കുന്നവരാണ് ഓരോ റൊട്ടേഷനിലും വിജയിക്കുന്നത് എന്ന് അതാത് ദിവസത്തെ സമാപന സമ്മേളനത്തിൽ പ്രഖ്യാപിക്കുവാൻ മറന്നുപോകരുത്.

# ദിവസം 2 ഗെയിം സമയം

## ഉന്തുവണ്ടി ഗെയിം

കുട്ടികളെ മൂന്ന കളർ ടീമുകളായി തരം തിരിക്കുക. ഓരോരുത്തരും ഓരോരോ കൂട്ടുകാരെ വീതം എടുക്കണം. ഒരു കുട്ടി നിലത്ത് കിടക്കണം മറ്റൊരു കുട്ടി കാലിൽ പിടിച്ച് ഉയർത്തണം (ഇതാണ് ഒരു ഉന്തുവണ്ടി പൊസിഷൻ). ഈ നിലയിൽ ഫിനിഷിംഗ് ലൈനിൽ എത്തുന്ന കുട്ടികൾ ജയിക്കും.

### ദിവസം 2 ഗെയിം സമയം

- വൈറ്റ് ബോർഡും മാർക്കാരും അതല്ലെങ്കിൽ ചോക്ക് ബോർഡും ചോക്കും അതുമല്ലെങ്കിൽ മനഃപ്പാഠ വാക്യങ്ങൾ പ്രിന്റ് ചെയ്ത പേപ്പർ.
- ആരംഭ, ഫിനിഷ് ലൈനുകൾ അടയാളപ്പെടുത്തുന്നതിന് അഴുക്കുചാലിലെ സ്ട്രിംഗ്, ടേപ്പ് അല്ലെങ്കിൽ ലൈനുകൾ വാഴപ്പഴം സ്ട്രിംഗ്



## പുറത്തോ അകത്തോ കളിക്കാവുന്ന ബനാന ഒളിമ്പിക്സ്. (ഒന്നിലധികം പേർ ചേർന്ന് നടത്തുന്ന ഓട്ടമത്സരം)

നിങ്ങളുടെ ക്ലാസ്സിനെ കളറിന്റെ അടിസ്ഥാനത്തിൽ വിഭജിക്കുക. ഓരോ ടീമിനും ഓരോ പഴം നൽകുക. താഴെ പറയുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ വിഭജിക്കുക. ഓരോ കളികൾ വീതാമോ മുഴുവൻ കളികാലോ നടത്തുക.

1. പഴം കാൽമുട്ടിനിടയിൽ വച്ച് ഫിനിഷിംഗ് ലൈൻ വരെ ചാടി പോവുകയും അങ്ങനെ തന്നെ തിരികെ വരികയും ചെയ്യും.
2. ടീമിലെ രണ്ടു പേർ ചേർന്ന് പഴം മുന്നോട്ടും പുറകോട്ടും എറിഞ്ഞ് ഫിനിഷിംഗ് ലൈൻ വരെ പോകുകയും അങ്ങനെ തന്നെ തിരികെ എത്തുകയും വേണം.
3. കുട്ടികൾ പഴം കൈകൾക്കിടയിൽ വച്ച് ഫിനിഷിംഗ് ലൈൻ വരെ പോകുകയും തിരികെ എത്തുകയും വേണം.
4. ഓരോ കുട്ടിയും അറയിൽ കെട്ടിയ വല്ലിയിൽ പഴം തൂക്കിയിട്ട് അത് ഉപയോഗിച്ച് ബോളുകൾ ഫിനിഷിംഗ് ലൈൻ വരെ എത്തിക്കുക.

# ദിവസം 3 ഗെയിം സമയം

## വടം വലി

രണ്ടു വശങ്ങളും കെട്ടിയ ഒരു വടം ഇതിനാവശ്യമാണ്. കുട്ടികളുടെ കൈകൾ മുറിയാതിരിക്കാൻ വലിയ വടം തന്നെ വേണം. കളറിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ തരം തിരിക്കുക. കുട്ടികൾ നിരനിരയായി നിൽക്കുകയും കയറിന്റെ ഒരറ്റത്ത് പിടിക്കയും വേണം. മണ്ണിൽ കയറിന്റെ മധ്യഭാഗം വരത്തക്ക നിലയിൽ അടയാളം വയ്ക്കുക. കുട്ടികൾ ടീമായി പരസ്പരം വടം വലിയ്ക്കുക. എതിർ ടീമിനെ വരയുടെ മധ്യഭാഗത്ത് കൊണ്ടു വരാത്ത നിലയിൽ വലിയ്ക്കുക. മറ്റു രണ്ടു ടീമുകളുമായി പിന്നീട് ഈ മത്സരം നടത്തുക. അതിനുശേഷം വിജയിച്ച രണ്ടു ടീമിനേയും കൊണ്ട് വടം വലി നടത്തുക.



### ദിവസം 3 ഗെയിം സമയം

- ബലൂണുകൾ
- ടേപ്പ്
- മൂർച്ചയുള്ള പിന്നുകൾ
- വടം, ചരട്
- നിലത്ത് മണ്ണിൽ ഒരു വര വരയ്ക്കുകയോ ഒരു ചരട് ഇടുകയോ ചെയ്യുക. മത്സരം തുടരുവാനും അവസാനിപ്പിക്കുവാനുമുള്ള വര ഇതാണ്.
- കാലുകൾ കൂട്ടി കെട്ടാനുള്ള കയർ

## മൂന്ന് കാലുകളിലുള്ള ഓട്ടം

കുട്ടികളെ അവർക്ക് നൽകിയ കളറിന്റെ അടിസ്ഥാനത്തിൽ തിരിയ്ക്കുക. ഓരോരുത്തരും ഓരോ കൂട്ടുകാരെ എടുക്കുക. കുട്ടികൾ ജോടികൾ ആയി നിൽക്കണം. നീളമുള്ള ഒരു കയർ കൊണ്ട് രണ്ടു പേരുടേയും ചേർന്ന് നിൽക്കുന്ന കാലുകൾ കൂട്ടി കെട്ടുക. ഫിനിഷിംഗ് ലൈനിലേക്ക് അവർ അവരുടെ മൂന്ന കാലിൽ ഓടണം. ഒന്നാമതെത്തുന്ന ടീം വിജയിക്കും.



# ദിവസം 4, ഗെയിം സമയം

## കോട്ടയിലെ ഗെയിമിൽ കഥാപാത്രങ്ങളെ അണിനിരത്തുക

രണ്ടോ അതിൽ അധികമോ ടീമിനെ നിര്ത്താവുന്നതാണ്. ഒരു വലിയ ഷീറ്റ് പേപ്പറിൽ കോട്ടയുടെ വലിയ ചിത്രം വരയ്ക്കുക. അതിനു നടുവിലായി വലിയ ഒരു വാതിൽ വരയ്ക്കുക. ചോർ പോലീസ് എന്ന കഥാഭാഗത്ത് നിന്നും രാജാവിന്റേയും ചില കഥാപാത്രങ്ങളുടേയും പേര് എഴുതുക. കുട്ടിയെ വട്ടത്തിൽ കറക്കുക. കോട്ടയുടെ വാതിലിന്റെ വശത്തേക്ക് കുട്ടിയെ തിരിച്ച് നിർത്തിയിട്ട് ഗെയിറ്റിന്റെ ഭാഗത്തേക്ക് പോകാൻ പറയുക. ഗെയിറ്റിന്റെ ഭാഗത്ത് എത്തുന്ന കുട്ടി ജയിക്കും. കണ്ണ് കെട്ടിയ കുട്ടികളെ ക്രമമായി ടീം മെമ്പേഴ്സിനു ഗെയിമിലേക്ക് സൂചനകൾ നൽകി പ്രോത്സാഹിപ്പിക്കാവുന്നതാണ്. മുകളിലേക്ക് താഴേക്ക്, ഇടത്തേക്ക്, വലത്തേക്ക് അവിടെ തന്നെ എന്നിങ്ങനെ പുറത്ത് നിന്ന് പറയാവുന്നതാണ്!"

### നാലാം ദിവസത്തേക്കുള്ള സാധനങ്ങൾ

- കോട്ടയുടെ ചിത്രം വരച്ചതോ പെയിന്റ് ചെയ്തതോ ആയ പേപ്പർ
- കോട്ടയുടെ പ്രിന്റ് ചെയ്ത പേപ്പർ
- കണ്ണു മറയ്ക്കാൻ ഉപയോഗിക്കുന്ന തുണി
- ടേപ്പ്



# ദിവസം 5 ഗെയിം ടൈം

## അക്കുകളി

കുട്ടികൾക്ക് നൽകിയിരിക്കുന്ന കളറിന്റെ അടിസ്ഥാനത്തിൽ അവരെ വരിവരിയായി തിരിക്കുക. കോലവും നിരയും നിലത്ത് വരയ്ക്കുക. അതിൽ നമ്പർ എഴുതുക. മന:പ്പാഠവാക്യത്തിലെ വാക്കുകൾക്ക് ഒത്തവണ്ണം ചതുരങ്ങൾ എല്ലാം ഒരുപോലെ ആയിരിക്കണം. കളിക്കുന്ന ആളുകൾ ഒരു ചെറിയ കല്ല് നമ്പർ എഴുതിയ ഈ കളത്തിലേക്ക് എറിയണം. ആ കല്ലിനെ ലക്ഷ്യമാക്കി ഒരു കാലിലോ രണ്ടു കാലിലോ ചാടി കളിക്കുന്നയാൾ എത്തി ചേരണം. ഓരോ കാലത്തിലൂടെയും ചാടിയാണ് പോകേണ്ടത്. ചാടുമ്പോൾ നടുവിലുള്ള വരയിൽ ചവിട്ടാതെയിരിക്കാൻ ശ്രദ്ധിക്കണം. ഓരോ ചാട്ടത്തിലും വാക്യത്തിലെ വാക്കുകൾ പറയാൻ ഓർക്കുക. ഒരു ടീം വാക്യം പറഞ്ഞു തീരുന്നത് വരെ കളിക്കുന്ന ടീമിലെ അംഗം ചാട്ടം തുടരണം.

## കള്ളനെ പിടിക്കുക.

നിങ്ങളുടെ ഗ്രൂപ്പിനെ അവർക്ക് നൽകിയിരിക്കുന്ന കളറിന്റെ അടിസ്ഥാനത്തിൽ തിരിക്കുക. ഓരോ ടീമിനും രണ്ടു ചൂലുകളും 6 ബലൂണുകളും വീതം വേണം. കളറിന്റെ 3 ബലൂണുകളും മറ്റൊരു കളറിന്റെ മൂന്നു ബലൂണുകളും ഹാളിന്റെ/റൂമിന്റെ മറ്റേ അറ്റത്തായി രണ്ടു കസേരകൾ സ്ഥാപിക്കണം. ഓരോ ടീം അംഗങ്ങളും ചൂല് ഉപയോഗിച്ച് ബലൂണിനെ കള്ളൻ എന്ന് സങ്കൽപ്പിച്ച് ഒരറ്റത്ത് നിന്നും തട്ടി മറ്റേയറ്റത്തിരിക്കുന്ന കസേരയെ വലം വെച്ച് ആ ബലൂൺ അടുത്ത ടീം മെമ്പറിന്റെ അടുത്ത് കൊണ്ടുചെന്ന് എത്തിക്കുക. ബലൂണുകൾ പോട്ടിപോയാൽ ഗെയിമിനായി മറ്റു ചിലത് കരുതിയിരിക്കണം!

### അഞ്ചാം ദിവസത്തേക്ക് ആവശ്യമായ

- സാധനങ്ങൾ
- മെമ്മറി വെഴ്സ് ഗെയിമിനുള്ള ബലൂണുകൾ, ടേപ്പ്, പിൻ എന്നിവ
- ചോക്ക്, ചെറിയ കല്ല്
- സ്റ്റാർട്ട്, ഫിനിഷ് ലൈനുകൾ അടയാളപ്പെടുത്താൻ സ്ട്രിംഗ്, കസേരകൾ അല്ലെങ്കിൽ അഴക്കിൽ ഒരു ലൈൻ രണ്ട് നിറങ്ങളിലുള്ള ബലൂണുകൾ നാല് ചൂലുകൾ അല്ലെങ്കിൽ വാട്ടർ നൂഡിൽസ് (തണ്ടുകളുടെ കാര്യത്തിൽ മൃദുവായ അറ്റത്തോടുകൂടിയ തണ്ടുകൾ)
- മറ്റു ഗെയിമുകൾക്ക് ആവശ്യമായ സാധനങ്ങൾ
- ധാന്യത്തിന്റെ ചാക്കുകൾ (അരിയോ മാവോ കൊണ്ട് വരുന്ന കട്ടിയുള്ള ചാക്കുകൾ)



# മറ്റു ഗെയിമുകൾ



## ബലൂൺ ചവിട്ടി പൊട്ടിക്കൽ

ഓരോ കുട്ടിയുടെയും കാലിൽ ബലൂൺ കെട്ടിയിടുക. സ്വന്തം കാലിൽ കെട്ടിയിരിക്കുന്ന ബലൂൺ പൊട്ടാൻ അനുവദിക്കാതെ മറ്റുള്ള കുട്ടികളുടെ കാലിൽ കാട്ടിയിരിക്കുന്ന ബലൂൺ ചവിട്ടി പൊട്ടിക്കുക. കളിയുടെ അവസാനം വരെ ബലൂൺ പൊട്ടാതെ സൂക്ഷിക്കുന്നയാൾ വിജയിക്കും.

## ചാക്കിലോട്ടം

വലിയ ചാക്കുകൾ നിങ്ങൾക്ക് സംഘടിപ്പിക്കാൻ കഴിയുമെങ്കിൽ (പൊടി വർഗ്ഗങ്ങൾ കൊണ്ടുവരുന്ന ചാക്ക്, കിഴങ്ങ് വർഗ്ഗങ്ങൾ കൊണ്ടുവരുന്ന ചാക്ക്, ചണചാക്ക്) ഈ ഗെയിം വളരെ രസകരമായിരിക്കും.

## ബലൂൺ ഓട്ടം

നിങ്ങളുടെ കളിസ്ഥലം ബലൂണുകൾ കൊണ്ട് നിറയ്ക്കുക. ശേഷമായി ബലൂൺ പൊട്ടിക്കുന്നതിനായി കുട്ടികളെ സ്വതന്ത്രമായി വിടുക. ബലൂണുകൾ ഊതി വീർപ്പിക്കുന്നതിന് മുൻപ് അതിനുള്ളിൽ സമ്മാനങ്ങളെക്കുറിച്ചുള്ള കുറിപ്പോ സ്റ്റാർ സ്റ്റിക്കറുകളോ വച്ചിരിക്കണം. ആദ്യ റൗണ്ട് കഴിയുമ്പോൾ കുട്ടികൾ തിരികെ ചെന്ന് അവർക്കുള്ള സമ്മാനങ്ങൾ വാങ്ങണം.





## വളയത്തിനുള്ളിലെ പോലീസ് തൊപ്പി.

ഗ്രൗണ്ടിൽ ഒരു വളയം സ്ഥാപിക്കുക. കുട്ടികൾ നിരയായി നിന്ന് ആ വലയത്തിലേക്ക് അവരുടെ തൊപ്പി എറിഞ്ഞു വീഴ്ത്തണം (അല്ലായെങ്കിൽ കുറച്ച് കൈ വിലങ്ങുകൾ ഗെയിമിനായി ലഭ്യമാക്കണം). കൃത്യമായി വളയത്തിനുള്ളിൽ പോലീസ് തൊപ്പി എറിഞ്ഞു വീഴ്ത്തുന്ന കളിക്കാർക്ക് സമ്മാനങ്ങൾ നൽകണം. ഒരു വലിയ കാളയുടെ കണ്ണ് വരച്ച് വച്ചും അതിലേക്ക് തൊപ്പി കൃത്യമായി എറിഞ്ഞു വീഴ്ത്താവുന്നതാണ്.





# Equip & Grow

“ചോർ പോലീസ്” എന്ന ഈ പുസ്തകം നിർമ്മിച്ചതും രചിച്ചതും Equip & Growഎന്ന മിനിസ്ട്രി ആണ്. (Equip & Grow – Children are important) എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

ഇതിന്റെ കോപ്പികൾ ഉണ്ടാക്കുവാനും നിങ്ങളുടെ ശുശ്രൂഷയ്ക്ക് അനുഗ്രഹം ആകും വിധം ഉപയോഗിക്കാനും അനുവാദം തന്നിരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ഞങ്ങളുമായി ബന്ധപ്പെടുക.

Info@ChildrenAreImportant.com

എല്ലാ വാക്യങ്ങളും എടുത്തിരിക്കുന്നത് എൻ.ഐ.വി.യിൽ നിന്നുമാണ്.

എല്ലാ ടീം അംഗങ്ങൾക്കും നന്ദി!

എഡിറ്റർ:Kristina Krauss

ക്രിയേറ്റീവ് ടീം: : Blessy Jacob, Anupama Wankhede, Angie Kangas, Areli Salinas, Benjamín Gaxiola, Dwight Krauss, Jan Krauss, Jennifer Sanchez, Jon Kangas, Julio Sanchez, Mary Amelia Hernández, Mike Kangas, Vickie Kangas, Rubén Dario, Suki Kangas, and Verónica Toj.